"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVII* | *2009 January* | *No. 1* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................ 03
ഇടയലേഖനം ........................................................ 07
രൂപതാ കച്ചേരി വാർത്തകൾ........................................ 13
പ്രസ്ബിറ്ററൽ കൗൺസിൽ............................................ 19
ദൈവവചനവർഷം .................................................. 22
റീജിയണൽ വാർത്തകൾ ............................................ 26
മതബോധനരംഗം .................................................. 30
ചെറുപുഷ്പമിഷൻലീഗ് ............................................ 32
കെ. സി. വൈ. എം. ................................................ 38
കുടുംബപ്രേഷിതത്വം .............................................. 48
സിയോൻ വാർത്തകൾ................................................ 50
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 54
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 57
സാമൂഹ്യസേവന രംഗം ............................................ 60
വിദ്യാഭ്യാസ മണ്ഡലം.............................................. 65
പി. ആർ. ഒ. വാർത്തകൾ .......................................... 86
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 89
ബിഷപ്സ് പ്രോഗ്രാം .............................................. 90

# സർക്കുലർ

## ഇൻഫാം

വന്ദ്യസഹോദരരേ, വത്സലമക്കളേ,

നാം അധിവസിക്കുന്ന ഈ പ്രപഞ്ചവും ഇതിലുള്ള സകലചരാചരങ്ങളും ത്രിത്വൈകദൈവത്തിന്റെ സൃഷ്ടിയാണെന്ന വിശ്വാസം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ്. കരയും കടലും ആകാശവും വാനവിതാനങ്ങളും മണ്ണും മരങ്ങളും മത്സ്യങ്ങളും മൃഗങ്ങളുമെല്ലാം സ്രഷ്ടാവിന്റെ കരവേലയാണെന്ന് ഉൽപത്തി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. സൃഷ്ടികളുടെയെല്ലാം മകുടമായി സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പ്രപഞ്ചത്തിന്റെ കാര്യസ്ഥനായി ദൈവം നിയമിച്ചു. ഈ പ്രപഞ്ചത്തിൽ ജീവന്റെ മുകുളങ്ങളൊരുക്കിയ ദൈവമാണ് ഭൂമിയിലെ ആദ്യത്തെ കർഷകൻ. രൂപരഹിതവും ശൂന്യവുമായിരുന്ന ഈ ഭൂമിയെ തന്റെ കരവേലയാൽ പറുദീസയാക്കിമാറ്റിയ ദൈവമെന്ന ആദി കർഷകനിൽ വിശ്വസിക്കുന്നവരാണ് ക്രൈസ്തവരായ നാം. മനുഷ്യകുലമൊന്നാകെ ദൈവം ആരംഭിച്ച പ്രവർത്തി തുടരാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

വി. ഗ്രന്ഥത്തിലുടനീളം കൃഷിഭൂമിയും ധാർമ്മികതയും തമ്മിലുള്ള ബന്ധം ദർശിക്കാനാവും. സഹോദരഘാതകനായ കായേനോട് ദൈവം പറഞ്ഞു: “നിന്റെ കയ്യിൽ നിന്നും നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷിചെയ്യുമ്പോൾ മണ്ണ് നിനക്കു ഫലം തരികയില്ല” (ഉൽ. 4:2). ആദവും ഹവ്വായും തെറ്റുചെയ്തപ്പോൾ ദൈവം നട്ടുനനച്ചു വളർത്തിയ സമൃദ്ധിയുടെ ഏദേൻ തോട്ടത്തിൽ നിന്നും പുറത്തുപോകേണ്ടിവന്നു. ഇസ്രായേൽ ജനം തിന്മ പ്രവർത്തിച്ച് ദൈവത്തിൽ നിന്ന് അകന്നപ്പോൾ അവർക്ക് തേനും പാലും ഒഴുകുന്ന ദൈവത്തിന്റെ വാഗ്ദാന നാട് നഷ്ടമായി. മനുഷ്യന്റെ ആദ്ധ്യാത്മികതയും അവന്റെ കൃഷിഭൂമിയും തമ്മിലുള്ള അഭേദ്യബന്ധമാണ് വി. ഗ്രന്ഥം ഇവിടെ എടുത്തു കാണിക്കുന്നത്.

മനുഷ്യകുലത്തിനു മുഴുവൻ ദൈവം അന്നദാനം നടത്തുന്നത് കർഷകന്റെ കരങ്ങളിലൂടെയാണ്. ജീവന്റെ നിലനിൽപ്പിനും പരിപോ

ഷണത്തിനും കാർഷികവൃത്തി അനിവാര്യമാണ്. ബയോടെക്നോളജിയും ഇൻഫർമേഷൻ ടെക്നോളജിയും ഭീമമായ തോതിൽ ധനാഗമ മാർഗങ്ങളായപ്പോൾ നമ്മുടെ നാട്ടിൽ കാർഷികവൃത്തി അനാകർഷകമായി. അഭ്യസ്തവിദ്യർക്ക് കാർഷിക ജോലികൾ അന്തസില്ലാത്ത മേഖലയായി മാറി. മണ്ണും പ്രകൃതിയും അവയുടെ കാവലാളായ കർഷകനും അവഗണിക്കപ്പെട്ടു. തത്ഫലമായി ഭക്ഷ്യക്ഷാമം നാട്ടിലാകെ പടർന്നു തുടങ്ങി. നാശകാലത്തെക്കുറിച്ച് ജോയേൽ പ്രവാചകൻ നടത്തിയ പ്രവചനം പൂർത്തിയാവുകയാണോ എന്നു സംശയിക്കേണ്ട അവസ്ഥയിലേക്ക് നാട് നീങ്ങികൊണ്ടിരിക്കുന്നു. പ്രവാചകൻ പറയുന്നു: "നമ്മുടെ കൺമുമ്പിൽ നിന്ന് ഭക്ഷണവും നമ്മുടെ ദൈവത്തിന്റെ ആലയത്തിൽ നിന്ന് ആഹ്ലാദതിമിർപ്പും അപ്രത്യക്ഷമായിരിക്കുന്നു. വിത്ത് കട്ടകൾക്കിടയിൽ അമർന്നു പോയിരിക്കുന്നു. സംഭരണശാലകളും പത്തായങ്ങളും ശൂന്യമായിരിക്കുന്നു. ധാന്യം ഇല്ലാതായിരിക്കുന്നു. മൃഗങ്ങൾ ഞരങ്ങുന്നു മേച്ചിൽ സ്ഥലമില്ലാതെ കന്നുകാലികൾ വലയുന്നു. ആട്ടിൻപറ്റങ്ങൾ നശിക്കുന്നു. കർത്താവെ, ഞാൻ അങ്ങയോട് നിലവിളിക്കുന്നു"(ജോയേൽ 1:16-19).

കർഷകൻ സമൂഹത്തിന്റെ ജീവനാഡിയാണെങ്കിലും, സമൂഹത്തിന്റെ മഹാഭൂരിപക്ഷമായ കർഷകനെ സഹായിക്കുന്നതിൽ മാറിമാറിവന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ ഉദാസീനത കാട്ടി എന്നത് അക്ഷന്തവ്യമായ തെറ്റാണ്. സംഘടിത തൊഴിലാളികൾ സാധ്യമായ സകല ആനുകൂല്യങ്ങളും സമരമാർഗ്ഗത്തിലൂടെ സമ്പാദിക്കുമ്പോൾ അസംഘടിതരായ കർഷകർ എന്നും അവഗണിക്കപ്പെടുകയായിരുന്നു. സംഘടിത തൊഴിലാളികൾ ജീവിത ചെലവ് കൂടുന്നതനുസരിച്ച് ശമ്പളവർദ്ധന നേടുമ്പോൾ, കാർഷിക ചെലവും കർഷകന്റെ ജീവിത ചെലവും പലമടങ്ങ് വർദ്ധിക്കുകയും പല കാർഷികോൽപന്നങ്ങളുടെയും വില നേർപകുതിയായി കുറയുകയും ചെയ്തിട്ടും കർഷകനെ സഹായിക്കുന്നതിൽ ഭരണകൂടങ്ങൾ ഉദാസീനത കാണിക്കുന്നു.

കാർഷികമേഖലയിൽ വർദ്ധമാനമാകുന്ന പ്രതിസന്ധിയെ നേരിടാനും കർഷകരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണുന്നതിനും കക്ഷിരാഷ്ട്രീയ ജാതിമതഭേദമെന്യേ നാം ആരംഭിച്ച കർഷക പ്രസ്ഥാനമാണ് ഇൻഫാം - ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ്. 2001 ജൂലെ 8-ാം തീയതി കേരളത്തിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാർക്കുവേണ്ടി അന്നത്തെ KCBC ചെയർമാൻ മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പുറപ്പെടുവിച്ച ഇടയലേഖനത്തിലൂടെയാണ് കേരളത്തിൽ ഇൻഫാം രൂപം കൊണ്ടത്. എളിയ തോതിൽ ആരംഭിച്ച ഈ പ്രസ്ഥാ

നത്തിന് കാർഷിക മേഖലയിൽ ശ്രദ്ധേയമായ പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. നിരന്തരം അവഗണിക്കപ്പെട്ടിരുന്ന കർഷകരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരും രാഷ്ട്രീയ കക്ഷികളും സത്വര ശ്രദ്ധ പതിക്കാൻ ഇൻഫാമിന്റെ പ്രവർത്തനം കാരണമായി. ഇൻഫാമിന്റെ കീഴിൽ ആരംഭിച്ച സ്വാശ്രയ സംഘങ്ങളിലൂടെ (SHG) മത-രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി കർഷകരെ ഒരു കുടക്കീഴിൽ അണിനിരത്താൻ ഇൻഫാമിന് കഴിഞ്ഞു.

പരിമിതികൾക്കിടയിൽ നിന്നുകൊണ്ടാണെങ്കിലും ഇൻഫാം ഇപ്പോഴും കർഷകർക്കുവേണ്ടി വിലപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ടാണിരിക്കുന്നത്. കർഷകർക്ക് പ്രതീക്ഷയും ആത്മവിശ്വാസവും പകരുന്നതിനും കർഷകകൂട്ടായ്മ വളർത്തുന്നതിനും കാർഷിക മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്ക് സർക്കാരുകളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടി 2008 ഫെബ്രുവരി 22 മുതൽ മാർച്ച് 3 വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഇൻഫാം നടത്തിയ വാഹനപ്രചരണജാഥയും, അപ്രതീക്ഷിതമായ മഴയെ തുടർന്ന് കുട്ടനാടൻ നെൽകർഷകർ പ്രതിസന്ധിയിലായപ്പോൾ അവരെ സഹായിക്കുവാൻ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇൻഫാം പ്രവർത്തകർ കുട്ടനാട്ടിൽ ഓടിയെത്തിയതും, വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്ന് കൃഷിയെയും കർഷകരെയും രക്ഷിക്കണമെന്നാവശ്യപ്പെട്ട് വനം വകുപ്പധികാരികൾക്ക് നിവേദനം നൽകിയതും, പാമോയിൽ ഇറക്കുമതിക്കെതിരെ ബേപ്പൂർ തുറമുഖത്ത് പാമോയിൽ ബഹിഷ്ക്കരണറാലികൾ നടത്തിയതും, ഇൻഫാം അടുത്തകാലത്തു ചെയ്ത ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. കൂടാതെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കടാശ്വാസം ആയിരക്കണക്കിനു കർഷകർക്കു ലഭിക്കാതെ പോയ സാഹചര്യത്തിൽ ഇൻഫാം ദേശീയ രക്ഷാധികാരി മാർ ജോർജ് വലിയമറ്റം പിതാവിന്റെ നേതൃത്വത്തിൽ ഇൻഫാം നേതാക്കൾ കേന്ദ്ര കൃഷിമന്ത്രി, ധനകാര്യമന്ത്രി, സോണിയാഗാന്ധി എന്നിവരെകണ്ട് നേരിട്ട് നിവേദനങ്ങൾ നൽകി. ഇൻഫാം ഉയർത്തിയ ന്യായമായ ആവശ്യങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ നടപടിയെടുത്തു തുടങ്ങിയെന്നത് ഇൻഫാമിന്റെ അഭിമാനകരമായ നേട്ടമാണ്. വീടുകൾതോറും ജൈവരീതിയിൽ പച്ചക്കറികളും നടുതലകളും കൃഷി ചെയ്യുന്നതിനും, ഭക്ഷ്യസ്വയം പര്യാപ്തത നേടുന്നതിനും ആവശ്യമായ കർമ്മപദ്ധതികൾ ഇൻഫാം തയ്യാറാക്കികൊണ്ടിരിക്കുന്നു.

ഇൻഫാമിന്റെ പ്രവർത്തനങ്ങളിൽ ആരംഭകാലത്തുണ്ടായിരുന്ന

തീക്ഷ്ണത ഇക്കാലത്ത് കുറഞ്ഞുപോയിയെന്നത് ഒരു വസ്തുതയാണ്. സംഘടിത ശക്തികളുടെ നിക്ഷിപ്തതാൽപര്യങ്ങളും ഉൽപന്നങ്ങൾക്ക് നല്ല വില ലഭിച്ചു തുടങ്ങിയപ്പോൾ കർഷകരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവവുമൊക്കെ ഇതിനുകാരണമായിട്ടുണ്ട്. പ്രവർത്തനരംഗത്തെ മാന്ദ്യം പരിഹരിച്ചുകൊണ്ട് വർദ്ധിതവീര്യത്തോടെ ഇൻഫാം ഉണർന്നെഴുന്നേൽക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ജാതിമതരാഷ്ട്രീയ ഭേദമെന്യേ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ രൂപതകളിലും 10-20 നും ഇടയിൽ അംഗങ്ങളുള്ള പുരുഷന്മാരുടെയും വനിതകളുടെയും സ്വാശ്രയസംഘങ്ങൾ (SHG) മാർച്ച് 30-ന് മുമ്പ് രൂപീകരിക്കണം. ഇൻഫാം നിലവിലുള്ള സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും ഇല്ലാത്ത രൂപതകളിൽ സ്ഥാപിക്കാനും ബഹു. വികാരിയച്ചന്മാർ സന്മനസുകാണിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇത്തരം കർഷകസംഘങ്ങളുടെ കൂട്ടായ്മ കേരളത്തിലെ കർഷകരുടെ സംഘടിതശബ്ദമായി മാറണം.

ഇൻഫാമിന്റെ നിരവധിയായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം നാം തന്നെ കണ്ടെത്തേണ്ടതുണ്ട്. കുറെ നല്ല കർഷകരുടെ സന്മനസും കഷ്ടപ്പാടും വഴിയാണ് ഇൻഫാം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിവിധ തലത്തിലുള്ള ഇൻഫാമിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇൻഫാമിനെ ശക്തിപ്പെടുത്തുവാൻ എല്ലാ കർഷകസഹോദരങ്ങളും മുൻപോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

കാർഷികമേഖലയുടെ ഉന്നമനം മനുഷ്യജീവന്റെ നിലനിൽപ്പിനും പരിപോഷണത്തിനും അനിവാര്യമാണ് എന്ന വസ്തുത ഓർമ്മിപ്പിച്ചുകൊണ്ട് സകല കർഷകരെയും സൃഷ്ടാവായ ദൈവത്തിന്റെ പരിപാലനയ്ക്ക് സമർപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**മാർ ജോർജ് വലിയമറ്റം**
KCBC Episcopal Advisor for Infam

*NB: 1: ഈ സർക്കുലർ 2009 ജനുവരി 11-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കണമെന്ന് താത്പര്യപ്പെടുന്നു.*

*2. അതതുരൂപതകളിലെ ഇൻഫാം പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സംഘടിപ്പിക്കുന്നതിനോടൊപ്പം കേന്ദ്രപ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായം നൽകി സഹായിക്കണം.*

# ഇടയലേഖനം

പ്രിയരേ,

കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ പ്രവർത്തനം തുടങ്ങിയതിന്റെ ദശാബ്ദി ആഘോഷങ്ങൾ ഭംഗിയായി നടന്നു. സഹകരിച്ച്, പരിപാടികൾ വിജയിപ്പിച്ചതിനു എല്ലാവർക്കും നന്ദി. 29 രൂപതകളുടെയും സഹകരണങ്ങളുണ്ടായി. മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ മികവിൽ 1, 2, 3 സ്ഥാനങ്ങളിൽ പാലാ രൂപത, എറണാകുളം - അങ്കമാലി അതിരൂപത, തൃശൂർ അതിരൂപത എന്നീ രൂപതകൾ തിരഞ്ഞെടുക്കപ്പെട്ടു. അവിടങ്ങളിലെ എല്ലാ പ്രവർത്തകരേയും വിശേഷാൽ അഭിനന്ദിക്കുന്നു. നമ്മുടെ സമിതിയിൽ മികച്ച പ്രവർത്തകർ അനവധിയുണ്ട്. ഏറ്റം മികച്ച പ്രവർത്തകനായി കോതമംഗലം രൂപതയിലെ ശ്രീ. ജയിംസ് കൊറമ്പേലിനെ തിരഞ്ഞെടുത്തു. അദ്ദേഹത്തെയും അഭിനന്ദിക്കുന്നു. കൂടാതെ, ദശാബ്ദി പ്രമാണിച്ച്, 29 രൂപതകളിലെ മികച്ച മദ്യവിരുദ്ധ പ്രവർത്തകരിൽ നിന്ന് യോഗ്യരായ തിരഞ്ഞെടുക്കപ്പെട്ട 7 പേരെ ആദരിച്ചു.

മുമ്പത്തെക്കാളേറെ തീക്ഷ്ണതയോടും തീവ്രതയോടുമുള്ള മദ്യവിരുദ്ധപ്രവർത്തനങ്ങളുടെ ആവശ്യം ശക്തമായി വന്നിരിക്കുന്നു. 29 രൂപതകളിലായി പ്രവർത്തിക്കുന്ന കേരള കത്തോലിക്കാ സഭയ്ക്കാണ് ഈ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് ഏറ്റം ഫലപ്രദമായ നേതൃത്വം നൽകാൻ കഴിയുന്നത്. മദ്യത്തിനെതിരായ ബോധവൽക്കരണം സാങ്കേതികമായും ശാസ്ത്രീയമായും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനം ഇന്ന് സഭയ്ക്കുണ്ട്. കാര്യക്ഷമമായി ഇതുപയോഗിക്കണം. 29 രൂപതകളിലും കെ.സി.ബി.സിയുടേതായ രൂപതാസമിതികളുണ്ട്. അവയുടെ ശാഖകൾ പ്രാദേശികസമിതികളായി ഓരോ ഇടവകയിലും പ്രവർത്തിക്കാവുന്ന സംവിധാനം നമുക്കുണ്ട്. അതോടൊപ്പം വിവിധ രൂപതകളുടെ നേതൃത്വത്തിലും അല്ലാതെയും മദ്യമുൾപ്പെടെ ലഹരിവസ്തുക്കൾക്കടിപ്പെട്ടവർക്കു 24 ചികിത്സാ കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. അനവധി ധ്യാന, ബോധവൽക്കരണ കേന്ദ്രങ്ങളുമുണ്ട്. ഇവിടങ്ങളിൽ

ലഹരിക്കടിപ്പെട്ടവരെ കൊണ്ടുചെന്നാക്കാനും, ഇടവക, രൂപതാ സമിതികൾക്കു കഴിയും. മദ്യാസക്തി എന്ന വലിയ രോഗത്തിനടിപ്പെട്ടവർക്ക്, പുനഃപതന സാധ്യതയുണ്ട്. അതു രോഗത്തിന്റെ ഭാഗമാണ്. അതിൽ ആശ്ചര്യപ്പെടേണ്ട. ചികിത്സ തുടരുകതന്നെ.

ഇനിയും സഭയുടെയും സഭാംഗങ്ങളുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ട പ്രധാന മേഖലയാണ് മദ്യമുൾപ്പെടെ എല്ലാ ലഹരിവസ്തുക്കളുടേയും ലഭ്യത കുറയ്ക്കുക എന്നത്. ലഭ്യത കുറഞ്ഞാൽ ഉപയോഗം കുറയുമെന്നത് ഒരനിഷേധ്യ തത്വമാണ്. അതുപോലെതന്നെ ഉപയോഗം കുറച്ചാൽ ലഭ്യതയും കുറയുമെന്ന വാദവും ചിലർ ഉന്നയിച്ചേക്കും. രണ്ടു വഴിയ്ക്കു ചിന്തിച്ചാലും ഫലം ഒന്നു തന്നെ. അതുകൊണ്ട്, മദ്യമുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളിലേയ്ക്ക് അല്പമൊന്നു കടക്കാം.

ഭാരതത്തിൽ 15-ാം നൂറ്റാണ്ടിലാണ് ചൈനയിൽ നിന്നും പുകയില കടന്നു വന്നത്. 16-ാം നൂറ്റാണ്ടിൽ ഈസ്റ്റ് ഇന്ത്യാകമ്പനി വഴിയാണ് മദ്യം സുലഭമായി നമ്മുടെ മണ്ണിൽ പ്രവേശിച്ചത്. വിദേശമദ്യമെന്നു വിശേഷിപ്പിക്കപ്പെടുന്ന മദ്യം നാട്ടിൽ സുലഭമാക്കിയപ്പോൾ, വിദേശശ്രേഷ്ഠരോട് ഒപ്പം നിൽക്കുന്നതിന് സമൂഹത്തിലെ പ്രധാനികൾ മദ്യമുപയോഗിച്ചു തുടങ്ങി. ഇതിനെ അനുകരിച്ച് വളരെവേഗം മദ്യപാനം സാധാരണ ജനങ്ങളിലും വ്യാപകമായി. ഇങ്ങനെ സമൂഹത്തിൽ വ്യാപകമായ മദ്യവിൽപനയ്ക്ക്, പണം വാങ്ങി ലൈസൻസുകൊടുക്കുന്ന സമ്പ്രദായം (അബ്കാരി നയം) ഉണ്ടായി. സ്വാതന്ത്ര്യസമരം ശക്തമായതോടെ, മദ്യപാനം ഒരു വിഘ്നമായി കണ്ട സമരനേതാക്കൾ മദ്യനിരോധനത്തിനു മുറവിളികൂട്ടി, ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആസ്ഥാനമായ ഇംഗ്ലണ്ടിലെ രാജ്ഞിയുടെ പക്കൽ നിവേദനവുമായി സമരനേതാക്കൾ പുറപ്പെട്ടു. പക്ഷേ, ഇന്നു പരക്കെ പറയും പോലെ, മദ്യവ്യാപാരത്തിലെ സാമ്പത്തിക വരുമാനം കണക്കിലെടുത്ത് അത് നിർത്തലാക്കാൻ കമ്പനിയോ, ബ്രിട്ടീഷ് സർക്കാരോ സന്നദ്ധമായില്ല. പകരം നാട്ടിലെ വ്യവസായികളുടെ വരുമാനക്കുറവ് പരിഹരിക്കാൻ എല്ലാ വ്യാപാരങ്ങളിലും ഒരു ശതമാനം ടാക്സ് ഏർപ്പെടുത്തി. ഇങ്ങനെയാണ്, മദ്യവ്യവസായത്തിൽ സർക്കാർ കൈകടത്തി പിടിമുറുക്കി ഇന്നത്തെ ദുരവസ്ഥയുണ്ടായത്. ബ്രിട്ടീഷുകാരുടെ മദ്യനയത്തോടു സ്വാതന്ത്ര്യസമരസേനാനികൾക്ക് കടുത്ത എതിർപ്പുണ്ടായി. അനേകം മദ്യഷാപ്പുകളുടെ മുമ്പിൽ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ തന്നെ

സമരങ്ങൾ രൂപപ്പെട്ട്, അവ പൂട്ടിക്കുകയുണ്ടായി. 1921 ലെ കൽക്കത്താ സമ്മേളനത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയമായി അംഗീകരിച്ച് പോരാട്ടം ശക്തിപ്പെടുത്തി പോന്നു. മദ്യനിരോധനം ഇന്ത്യൻ ജനതയ്ക്ക് അന്യമല്ലെന്ന് കാണിക്കാൻ അല്പം ചരിത്രം അവതരിപ്പിച്ചെന്നു മാത്രം.

പിന്നാലെ ഭരണത്തിൽ വന്ന ഇന്ത്യൻ നേതാക്കൾ ഘട്ടങ്ങളായിട്ടെങ്കിലും, എല്ലാ സംസ്ഥാനങ്ങളിലും മദ്യം നിരോധിക്കാൻ ശ്രമം നടത്തണമെന്ന ആശയം 47-ാമത്തെ വകുപ്പായി ഭരണഘടനയിൽ എഴുതിച്ചേർത്തു. ഇതിന്റെ ചുവടുപിടിച്ച്, മദ്യവ്യവസായത്തിൽ പാലിക്കേണ്ട പല നയങ്ങളെക്കുറിച്ച്, സുപ്രീം കോടതി, പല നിർദ്ദേശങ്ങളും നിയമങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 5IA യുടെ അടിസ്ഥാനത്തിൽ, ദാരിദ്ര്യത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ഏതു സ്ഥാനങ്ങളിലിരുന്നാലും, ആരുടെയും അവകാശമല്ലെന്നും, 1975 ൽ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുവിന്റെ വ്യാപാരമാണെന്ന് 1984 ൽ ഹൈക്കോടതിയും വിധി പ്രസ്താവിച്ചിട്ടുണ്ട്. മദ്യപാനത്തിന്, മദ്യഷാപ്പിൽ പോകുന്നവനെ തടയുക കുറ്റകരമല്ലെന്ന് 1986 -ൽ ഹൈക്കോടതി പ്രസ്താവിച്ചിട്ടുണ്ട്. ഒപ്പം ചേർന്നുപോകുന്ന ഒരു ചിന്തയാണ്, മരുന്നിനൊഴികെ മദ്യം വാങ്ങാനോ വിൽക്കാനോ, ആർക്കും ധാർമ്മികാവകാശമോ, നിയമാനുമതിയോ ഇല്ല എന്നത്. കാരണം ആരോഗ്യത്തിനു ഹാനികരവും, കുറ്റകൃത്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായ മദ്യത്തിലെ മുഖ്യ ചേരുവ ആൽക്കഹോളാണ്. ഇതു തലച്ചോറിന്റേതു മുതൽ ശരീരത്തിലെ എല്ലാ പ്രധാന അവയവങ്ങളുടെ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നു. മദ്യപിക്കുന്നവനു മനഃസ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ചിന്താശേഷി കുറയുന്നു. ബ്രേക്ക് നഷ്ടപ്പെട്ട വാഹനം പോലെ എന്തെല്ലാം വിനാശങ്ങളാണ് മദ്യപർ വിതയ്ക്കുന്നത്. സ്വയം നശിക്കുകയും തന്റെ കുടുംബാംഗങ്ങളെ ക്രൂരമായി വേദനിപ്പിച്ചു നശിപ്പിക്കുകയും ചെയ്യുന്നു. ഏതാനും ചില മദ്യപരായ കൂട്ടുകാരൊഴികെ, മറ്റു സുഹൃത്തുക്കളില്ല. കഠിനമായ ഏകാന്തതയും, ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലുമാണ് അയാൾ അനുഭവിക്കുന്നത്. ഈ അനുഭവം അസഹ്യമാകുമ്പോൾ, കൂടുതൽ കുടിക്കുകയോ മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കുകയോ ചെയ്യുന്നു.

അപകടകരമായ ഈ വർദ്ധന ആത്മഹത്യാ ശ്രമം വരെ എത്തിക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമത്തിലും, പാർട്ട്നർഷിപ്പ് സംബന്ധമായ ഉടമ്പടികളിലും മദ്യലഹരിയിൽ നടത്തുന്ന ഇടപെടലുകൾ അതിനെ അസാധുവാക്കുന്നു.

മദ്യപാനം നിയമലംഘനത്തിനും കൊടും പാതകങ്ങൾക്കും പ്രേരിപ്പിക്കുന്നു. കൊലപാതകത്തിനും മറ്റും ഒരുമ്പെട്ടു പോകുന്നവർ, അമിതമായി മദ്യപിച്ചിട്ടാണ് പോകുന്നത്. സംസ്ഥാനത്തെ ജയിലുകളിൽ ശുശ്രൂഷ ചെയ്യുന്നവർ എടുത്തുപറയുന്ന ഒരു സത്യമാണിത്. അവിടെ കിടക്കുന്നവരിൽ മഹാഭൂരിപക്ഷവും കുറ്റം ചെയ്തത് മദ്യലഹരിയിലാണ്. ഇത് അവർക്ക് നിയമലംഘനം എളുപ്പമാക്കുന്നു. വാഹനാപകടങ്ങളിൽ നല്ലപങ്കും മദ്യ ലഹരിക്കടിപ്പെട്ടവരുടെ ശ്രദ്ധക്കുറവുകൊണ്ടാണ്. ലൈംഗിക കുറ്റങ്ങളുടെ പിന്നിലും മദ്യപാനം ശക്തമായ ഹേതുവാകുന്നു. കുപ്രസിദ്ധമായ സൂര്യനെല്ലി കേസിലെ 35 ആരോപിതരും മദ്യലഹരിയിലായിരുന്നത്രേ. മദ്യപാനം ക്രമസമാധാനം നശിപ്പിക്കുമെന്നതും വ്യക്തിസ്വാതന്ത്ര്യം ഹനിക്കുമെന്നതും തെളിയിക്കും വിധമാണ് തെരഞ്ഞെടുപ്പിനു മുമ്പുള്ള ദിവസങ്ങളിൽ മദ്യവിതരണ നിരോധനം പ്രഖ്യാപിക്കുന്നത്.

1973 – ൽ മലബാറിലും, 47, 48 കളിൽ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിലും മദ്യനിരോധനം നടപ്പാക്കിയിരുന്നു. 1950 ലും 60 ലും ഭേദഗതി വരുത്തിയതും 67 വരെ തുടർന്നതുമായ മദ്യനിരോധനം ഇ. എം.എസ് സർക്കാർ പിൻവലിച്ചു (28. 4. 67 ൽ) പിൻകാലങ്ങളിലേക്കാൾ അമിതമായ അനുപാതത്തിലാണ് കുറ്റകൃത്യങ്ങളും റോഡപകടങ്ങളും പെരുകിയത്. എന്നാൽ ചാരായം നിരോധിച്ച 96 ഏപ്രിൽ മുതൽ 6 മാസത്തേയ്ക്കെങ്കിലും ഇതു ശ്രദ്ധേയമാം വിധം ചുരുങ്ങുകയുണ്ടായി. പിന്നീടങ്ങോട്ടു മദ്യദുരന്തങ്ങളുടെ കുത്തൊഴുക്കു തന്നെയായിരുന്നു.

ഔഷധാവശ്യത്തിനല്ലാതെ, മദ്യത്തിന്റെ ഉൽപാദനം, വിപണനം, വിതരണം, ഉപയോഗം എന്നിവയെല്ലാം മുടക്കും വിധം, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും നിയമമുണ്ടാക്കണമെന്നാണ് സംസ്ഥാന സർക്കാർ നിർമ്മിക്കേണ്ട നിയമ ലിസ്റ്റിലെ രണ്ടാം ഭാഗത്ത് നിർദ്ദേശിച്ചിരിക്കുന്നത്. ലഹരിപിടിപ്പിക്കുന്നതും ആരോഗ്യത്തിനു ഹാനികരവുമായ എല്ലാ വസ്തുക്കളുടേയും നിർമാണം, വിതരണം, കൈവശംവയ്ക്കൽ വിപണനം തുടങ്ങിയവ ഭരണഘടനയുടെ 47–ാം വകുപ്പിലെ നിർദ്ദേശത്തിനു വിപരീതമാണ്. ഈ നിർദ്ദേശവും രണ്ടാം ലിസ്റ്റിലെ

നിയമ നിർമ്മാണ നിർദ്ദേശവും കൂട്ടിവായിക്കുമ്പോൾ, മരുന്നിനല്ലാതെ, മറ്റൊന്നിനും, മദ്യമുൾപ്പെടെ ഒരു ലഹരി പദാർത്ഥങ്ങളുമുണ്ടാക്കാൻ അനുവദിക്കുകയോ, അതിൽ നിന്ന്, ആദായ വിഹിതം പറ്റാനോ, സർക്കാരിനു പോലും പാടില്ലാത്തതാണ്. എക്സൈസ് ഡ്യൂട്ടിയല്ലാതെ യാതൊരു വരുമാനവുമുണ്ടാക്കാൻ പാടില്ല. അടുത്ത കാലങ്ങളിൽ, മദ്യവ്യാപാരത്തിൽ നിന്നു 3000 കോടിയോളം രൂപ സർക്കാരിനു വരുമാനമുണ്ടെന്നും അതു നിർത്തലാക്കാനോ കുറയ്ക്കാനോ പറ്റില്ലെന്നും ശഠിക്കുന്ന വാദമുഖം ശക്തമായി ഉയർന്നു. ഇതു സർക്കാരിന്റെ മൊത്ത റവന്യൂവിൽ 10% ത്തിനു മേലല്ല എന്നത് സർക്കാരിന്റെ തന്നെ വെബ്സൈറ്റ് പരിശോധിച്ചാലറിയാം. കൂടാതെ, ഈ 3000 കോടി സർക്കാർ ഖജനാവിലേക്ക് വരാൻ 15 ലക്ഷത്തോളം മദ്യപാനരോഗികളുടെ കുടുംബങ്ങൾ നരകതുല്യമാകേണ്ടിവരുന്നു. 50 മുതൽ 70 ലക്ഷം വരെ വരുന്ന മിതമദ്യപരുടെ കാര്യം കൂടി കണക്കിലെടുത്താൽ നമ്മുടെ സമൂഹത്തിനു സംഭവിക്കുന്ന സാമ്പത്തിക, ധാർമ്മിക, സാമൂഹ്യാധഃപതനം എന്തുമാത്രമെന്ന് വ്യക്തമാകും. ഇതിനും പുറമേ വ്യാപകമായ മദ്യപാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കോടതിയിലും, പോലീസിലും ആശുപത്രികളിലുമായി ചിലവാക്കേണ്ട തുക എത്രയോ ഭീമം. കേന്ദ്ര ആരോഗ്യമന്ത്രിയുടെ ഒരു പ്രസ്താവന പത്രങ്ങളിൽ കണ്ടത് ഓർമ്മിക്കുന്നു. മദ്യവ്യാപാരത്തിൽ നിന്നു 21 ആയിരം കോടിയോളം രൂപ ലാഭിക്കുമ്പോൾ അതുമൂലമുണ്ടാകുന്ന നാശപരിഹാരത്തിനായി 24 ആയിരം കോടിയിൽ പരം രൂപ ചെലവാക്കേണ്ടിവരുന്നുവത്രേ.

ഇത്തരുണത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ലക്ഷ്യം ഓർമ്മിക്കാം. കേരളത്തിൽ മദ്യവിമുക്ത സമൂഹം രൂപപ്പെടുത്തുക. അതിന് ഏറ്റം ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത്, കേരളകത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം, ഭവന നിർമാണം, അനാഥ സംരക്ഷണം തുടങ്ങി എത്രയോ മേഖലകളിലാണ്, സഭ ഫലപ്രദമായും പ്രവർത്തിക്കുന്നത്? അതുപോലെ, സംസ്ഥാനത്തെ ജാതി മത ഭേദമെന്യേ വിശാലസമൂഹത്തിൽ ഏറെ ആഴ്ന്നിറങ്ങി നാശം വിതയ്ക്കുന്ന മദ്യമുൾപ്പെടെയുള്ള ലഹരി ഉപയോഗത്തിനെതിരെ ഫലപ്രദമായി പ്രവർത്തിക്കാനും സഭയ്ക്കു കഴിയും. മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യ സംഘടന നിർദ്ദേശിച്ച ത്രിമാന ലഘൂകരണമെന്ന പദ്ധതി ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. മദ്യപരുടെ എണ്ണം കുറയ്ക്കുക, മദ്യപാന സന്ദർഭങ്ങൾ കുറയ്ക്കുക. (demand reduction)
2. മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുന്ന അപകട ലഘൂകരണം. (risk reduction)
3. ലഭ്യത കുറയ്ക്കുംവിധം സമൂഹത്തിലും സർക്കാരിലും സമ്മർദ്ദം ചെലുത്തുന്ന ലഭ്യതാ ലഘൂകരണം (Supply reduction).

ഈ ത്രിമാന പ്രവർത്തനങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടത്തുന്ന പ്രയത്നങ്ങൾക്കു എല്ലാവരുടെയും പിൻതുണയും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

**ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ**
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

*NB:- മദ്യവിരുദ്ധ ഞായറാഴ്ച (18-01-09) വായിക്കേണ്ട ഇടയലേഖനം*

# രൂപതാകച്ചേരി വാർത്തകൾ

## Appointments

1. Rev. Fr. Thomas Kalapura M.S.T.
   Vicar Bl. Chavara Kuriakose Elias Church, Palchuram
2. Rev. Fr. Johny Kanjiramparambil MSFS
   Vicar, St. George Church, Kallumukku
3. Rev. Fr. Sony Vazhakatt
   Vice Rector, Mount Mary College,
   Vicar, St. Sebastian's Church Mangalassery (Additional Charge)
4. Rev. Fr. Thomas Kattuthuruthy
   Vicar, St. Thomas Church, Arinjermala
5. Rev. Dr. James Purathayil CST
   Vicar, Infant Jesus Church, Karimani

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ കരിമാനി, കല്ലുമുക്ക്, പാൽച്ചുരം ഇടവകകളുടെ വികാരിമാരായി സേവനമനുഷ്ഠിച്ചശേഷം സ്വന്തം സന്യാസസമൂഹങ്ങളിലേയ്ക്ക് തിരിച്ചുപോയ ഫാ. തോമസ് മുളങ്ങാട്ടിൽ CST, ഫാ. മാത്യു കാവിത്താഴത്ത് MSFS, ഫാ. ജോസ് ആക്കാട്ടുകുടി എന്നിവർക്ക് മാനന്തവാടി രൂപതയുടെ പ്രത്യേക നന്ദിയും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു. ബഹു. മുളങ്ങാട്ടിലച്ചൻ 17 വർഷക്കാലം കരിമാനി ഇടവകയുടെ വികാരിയായിരുന്നു. അച്ചന്റെ ദീർഘകാല സേവനത്തിന് വളരെ പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**സീറോമലബാർ മിഷൻ ഞായർ - ജനുവരി 4**

സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രത്യേകം

അനുസ്മരിക്കാനും, സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കാനുമുള്ള ദിവസമാണ് ജനുവരി 4-ാം തീയതി. അന്നേ ദിവസം പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും സ്തോത്രക്കാഴ്ച എടുത്ത് സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനത്തെ സഹായിക്കുന്നതിനായി രൂപതാ കേന്ദ്രത്തിൽ അയച്ചുതരികയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**മദ്യവിരുദ്ധ ഞായർ - ജനുവരി 18**

നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന മദ്യസംസ്കാരം നാടിന്റെ ധാർമ്മികവും, സാമ്പത്തികവും, സാമൂഹ്യവുമായ രംഗങ്ങളെയും കുടുംബത്തിന്റെ സ്വസ്തതയേയും സമാധാനത്തേയും മനുഷ്യബന്ധങ്ങളേയും വളരെ ദോഷകരമായി ബാധിക്കുന്ന ഈ സാഹചര്യത്തിൽ മദ്യത്തിനും ലഹരിക്കുമെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കാനും, മദ്യസംസ്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനും നമ്മെ ആഹ്വാനം ചെയ്യുന്ന ദിനമാണ് മദ്യവിരുദ്ധ ഞായർ. നമ്മുടെ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന ബഹു. കുറ്റിക്കാട്ടുകുന്നേൽ അച്ചന്റെയും ടീമിന്റെയും സഹായം നമുക്കു സ്വീകരിക്കാം; അവരോട് സഹകരിച്ച് നമ്മുടെ രൂപതയിൽ പ്രവർത്തിക്കാനും നമുക്കു സന്നദ്ധരാകാം. അതിന്റെ ഭാഗമായി ജനുവരി 18-ാം തീയതി ലഹരിക്കെതിരായ ബോധവൽക്കരണത്തിന്റെയും പ്രാർത്ഥനയുടെയും, മദ്യത്തിനെതിരായ സത്യപ്രതിജ്ഞയുടെയുമൊക്കെ ദിനമായി നമുക്കാചരിക്കാം. കൂടാതെ അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടി രൂപതാ കേന്ദ്രത്തിലെത്തിച്ചു തരണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**അനുമോദനങ്ങൾ!**

**1) ചെറുപുഷ്പ മിഷൻലീഗ്**

ചെറുപുഷ്പ മിഷൻലീഗ് കഴിഞ്ഞ 6 വർഷങ്ങളായി സംസ്ഥാന മത്സരങ്ങളിൽ ഒന്നാംസ്ഥാനം നിലനിർത്തുകയും സംസ്ഥാനത്തെ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള അവാർഡ് കരസ്ഥമാക്കുകയും ചെയ്ത നമ്മുടെ രൂപതാ മിഷൻലീഗിന് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ! രംഗത്തും അണിയറയിലും പ്രവർത്തിച്ച ഓരോരുത്തർക്കും, എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും, ഡയറക്ടർ ടോമി പുത്തൻപുര അച്ചനും ടീമിനും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ!

**2) കെ.സി.വൈ.എം.**

കഴിഞ്ഞ 3 വർഷങ്ങളായി നമ്മുടെ കെ.സി.വൈ.എം. സംസ്ഥാനതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നു. ഈ വിജയത്തിനു കാരണക്കാരായ ഓരോരുത്തരേയും രൂപതാ ഡയറക്ടർ ബഹു. സണ്ണി കൊല്ലാർതോട്ടത്തിലച്ചനേയും ഹൃദയപൂർവ്വം അനുമോദിക്കുന്നു.

**3) ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ**

സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ലഹരിവിരുദ്ധ പ്രവർത്തകനെന്ന നിലയിൽ സംസ്ഥാന അവാർഡിനർഹനായ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് പ്രത്യേക അനുമോദനങ്ങൾ.

**4) വെരി. റവ. ഫാ. ജോസഫ് നെച്ചിക്കാട്ട്**

എഴുത്തുകാരനും ചിന്തകനുമെന്ന നിലയിൽ മാനന്തവാടി രൂപതാ വൈദികർക്ക് അഭിമാന തിലകമായ ബഹു. നെച്ചിക്കാട്ടച്ചൻ മേരിവിജയം ഏർപ്പെടുത്തിയ ഏറ്റവും നല്ല ലേഖകനുള്ള ജോസഫ് നടയത്ത് അവാർഡിന് അർഹനായിരിക്കുകയാണ്. അച്ചന് രൂപതയുടെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ!

## നികുതി കാര്യങ്ങളെക്കുറിച്ച് പ്രത്യേക അറിയിപ്പ്

കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിട്ടുള്ള ഒരു ടാക്സേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ 2008 നവംബർ 28-ാം തീയതി നടന്ന സമ്മേളനത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. നികുതി സംബന്ധമായ കാര്യങ്ങളിൽ നമ്മുടെ ഇടവകകളിലോ സ്ഥാപനങ്ങളിലോ ഗൗരവമായ പ്രശ്നങ്ങളുണ്ടായാൽ കെ.സി.ബി.സി. ടാക്സേഷൻ കമ്മിറ്റിയുടെ സഹായം തേടാവുന്നതാണ്.
2. രൂപതയുടെ കീഴിലുള്ള പള്ളികളും, മഠങ്ങളും, മറ്റുസ്ഥാപനങ്ങളും ഇൻകം ടാക്സ് ആക്ട് 12 എ പ്രകാരം റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷനായോ, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായോ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം. ഓരോ സ്ഥാപനവും വ്യത്യസ്ഥമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
3. മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻസ്, റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസായി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് കെ.സി.ബി.സി. ടാക്സേഷൻ കമ്മിറ്റിയുമായി ബന്ധപ്പെടുന്നത് നന്നായിരിക്കും.

4. നമ്മുടെ രൂപതയുടെ കീഴിലുള്ള പള്ളികളും, മഠങ്ങളും മറ്റു സ്ഥാപനങ്ങളും പാൻകാർഡ് എടുക്കാൻ നിർദ്ദേശിക്കുന്നു. അതിന് 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗവൺമെന്റിൽ നിന്നും കിട്ടിയിട്ടുള്ള അനുവാദപത്രങ്ങൾ, ടെലിഫോൺ ബിൽ, റേഷൻ കാർഡ് തുടങ്ങിയ രേഖകൾ ഉപയോഗിക്കാവുന്നതാണ്.
5) 12 എ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 11 (5) പ്രകാരമുള്ള നിക്ഷേപങ്ങളിൽ മാത്രമേ ഫണ്ട് നിക്ഷേപിക്കാൻ പാടുള്ളൂ. അതായത് ബാങ്കുകൾ, പോസ്റ്റ് ഓഫീസ്, ഇൻകം ടാക്സ് ആക്ട് 10 (23 B) പ്രകാരം അംഗീകാരമുള്ള ഫണ്ടുകൾ മുതലായവ. കുറികൾ, ഷെയറുകൾ എന്നിവയിൽ നിക്ഷേപിക്കാൻ പാടില്ല. അനുവദനീയമല്ലാത്ത മേഖലകളിൽ ഇൻവെസ്റ്റ് ചെയ്താൽ 12 എ രജിസ്ട്രേഷൻ റദ്ദാക്കപ്പെടാം.
6) ഒരു കോടിയിലധികം വാർഷികവരുമാനമുള്ള സ്കൂളുകൾ, ആശുപത്രികൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ ഇൻകം ടാക്സ് ആക്ട് 10 (23 C) പ്രകാരം ഇൻകം ടാക്സ് ചീഫ് കമ്മീഷണറുടെ പക്കൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
7) നികുതി ദാതാവിന് നികുതി ഇളവ് കിട്ടണമെങ്കിൽ സ്ഥാപനത്തിന് ഇൻകം ടാക്സ് കമ്മീഷണർ ഓഫീസിൽ നിന്ന് 80 ജി വകുപ്പുപ്രകാരമുള്ള എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം. ഇത്തരത്തിൽ 80 ജി നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ
a) സൊസൈറ്റിയോ ട്രസ്റ്റോ ആയി രജിസ്റ്റർ ചെയ്തിരിക്കണം.
b) 12 എ പ്രകാരം ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായി രജിസ്റ്റർ ചെയ്തിരിക്കണം.
c) പാൻകാർഡ് ഉണ്ടായിരിക്കണം.

എന്നാൽ റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷന് 80 ജി പ്രകാരമുള്ള എക്സംപ്ഷന് അർഹതയില്ല.

## വൈദികസമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദീകരുടേയും ഒരു സമ്മേളനം (Priests' Conference) 2009 ജനുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. വിശദവിവരങ്ങൾ കത്തുവഴി അറിയിക്കുന്നതാണ്.

## പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുവഴി അറിയിക്കുന്നതായിരിക്കും.

## പുതിയ സ്വതന്ത്ര കുരിശുപള്ളി

മംഗളം ഇടവകയുടെ കുരിശുപള്ളിയായിരുന്ന പരി. അമലോത്ഭവമാതാവിന്റെ നാമത്തിലുള്ള പന്തിപ്പൊയിൽ 2008 ഡിസംബർ 8 മുതൽ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തപ്പെട്ടിരിക്കുന്നു. 39 കുടുംബങ്ങളാണ് പന്തിപ്പൊയിൽ സ്വതന്ത്രകുരിശുപള്ളിയുടെ കീഴിലുള്ളത്. മംഗളം ഇടവകയുടെ വികാരി ബഹു. തോമസ് പ്ലാശനാൽ അച്ചനായിരിക്കും പുതിയ സ്വതന്ത്ര കുരിശുപള്ളിയുടെ വികാരി.

## പുതിയ ഇടവക - പ്രശാന്തഗിരി

പോരൂർ ഇടവകയുടെ കുരിശുപള്ളിയായി 1990 ൽ ബഹു. വിൻസെന്റ് താമരശ്ശേരി അച്ചന്റെ നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ നാമത്തിൽ ആരംഭിച്ച പ്രശാന്തഗിരിയെ 2008 ഡിസംബർ 25-ാം തീയതി മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു. കുരിശുപള്ളിയുടെ ആരംഭകാലം മുതൽ അവിടെ സേവനമനുഷ്ഠിച്ച പോരൂർ ഇടവകയിലെ ബഹു. വൈദികരെയും നോർബർട്ടയിൻ, സി.എസ്.റ്റി. സഭകളിലെ ബഹു. വൈദികരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു. 114 കുടുംബങ്ങളുള്ള പുതിയ ഇടവകയുടെ പ്രഥമ വികാരി റവ.ഡോ. പോൾ ഇടയക്കൊണ്ടാട്ടച്ചനാണ്. അതീവ തീഷ്ണതയോടെ കഴിഞ്ഞ ഒരുവർഷമായി അവിടെ സേവനമനുഷ്ഠിച്ചുവരുന്ന പോളച്ചന്റെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. അച്ചനും ഇടവകാംഗങ്ങൾക്കും ലഭിച്ച ഈ ക്രിസ്തുമസ് സമ്മാനത്തെപ്രതി രൂപതയുടെ മുഴുവൻ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും, അതോടൊപ്പം കെ.സി.വൈ.എം. ന്റെ മേഖലയിലെയും രൂപതയിലെയും ഏറ്റവും നല്ല ശാഖയായി പ്രശാന്തഗിരി തിരഞ്ഞെടുക്കപ്പെട്ടതിലുള്ള അഭിനന്ദനങ്ങളും ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ.

## ദൈവവചനവർഷം

2008 ദൈവവചനവർഷമായി നാം ആചരിക്കുകയായിരുന്നല്ലോ.

ഒത്തിരികാര്യങ്ങൾ ചെയ്യാൻ നമുക്കു കൃപലഭിച്ചു എന്ന സന്തോഷത്തോടെയാണ് പുത്തനാണ്ടിലേയ്ക്ക് നാം പ്രവേശിക്കുന്നത്. വചനമായ ദൈവത്തിന് എത്ര നന്ദിപറഞ്ഞാലും മതിയാവില്ല. വചനവർഷത്തിന്റെ കൺവീനർമാരായി പ്രവർത്തിച്ച ബഹു. പുത്തേൻ അച്ചനും ബഹു. കൊല്ലാർതോട്ടത്തിലച്ചനും വളരെ ഊർജ്ജസ്വലതയോടും, തീക്ഷ്ണതയോടുംകൂടി നേതൃത്വം നൽകി. വചനവർഷ സമിതി അംഗങ്ങൾ, ടീം അംഗങ്ങൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ എന്നിങ്ങനെ അനേകം പേരുടെ വളരെ ആത്മാർത്ഥമായ സഹകരണമുണ്ടായി. എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. പുതുവത്സര മംഗളാശംസകളോടെ അവരെ ഉണ്ണി ഈശോയുടെ പ്രത്യേക അനുഗ്രഹത്തിനായി സമർപ്പിക്കുന്നു.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# *രൂപതാവിദ്യാഭ്യാസ സഹായനിധി*

ഡിസംബർ മാസത്തിലെ ബുള്ളറ്റിനിലുള്ള അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ (No. 14/2008) പറഞ്ഞതുപോലെ ജനുവരി 25-ാം തീയതി ഞായറാഴ്ചയാണ് രൂപതാ വിദ്യാഭ്യാസ സഹായ നിധിയിലേക്കുള്ള സ്തോത്രക്കാഴ്ച പള്ളികളിൽ എടുക്കേണ്ടത്. അന്ന് തിരുനാൾ ആഘോഷിക്കുന്ന ഇടവകകളിൽ മറ്റേതെങ്കിലുമൊരു ഞായറാഴ്ച പ്രസ്തുത പിരിവെടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന കാര്യം സ്നേഹത്തോടെ ബഹു. വികാരിയച്ചന്മാരെ അറിയിക്കട്ടെ. രൂപതാ വിദ്യാഭ്യാസ സഹായനിധിയിലേക്ക് ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങൾക്കും പ്രോത്സാഹനത്തിനും നന്ദി.

എന്ന് സെക്രട്ടറി
**ഫാ. പോൾ ഇടയക്കൊണ്ടാട്ട്**

# പ്രസ്ബിറ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2008 ഡിസംബർ 16-ാം തീയതി രാവിലെ 10.30 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ബഹു. മാണി ഇളയിടത്തച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മാനന്തവാടി രൂപതാ വികാരിജനറാൾ മോൺ. ജോർജ്ജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ആമുഖ പ്രഭാഷണം നടത്തിയ അഭിവന്ദ്യ പിതാവ്, മാധ്യമങ്ങൾ പലപ്പോഴും സഭയെയും വൈദികരെയും സന്യസ്തരെയുമൊക്കെ അവഹേളിക്കുന്നതിൽ മുൻപന്തിയിലാണെന്നും കർത്താവിനെപ്പോലെ കുറ്റം ചെയ്യാതെ നമ്മൾ അവഹേളിക്കപ്പെടുമ്പോഴും സഹിക്കുമ്പോഴും ആ അവഹേളനത്തിനും സഹനത്തിനും വലിയ മൂല്യമുണ്ടെന്നും അതോടൊപ്പം തന്നെ വിമർശനങ്ങൾ ആത്മശോധനയ്ക്കുള്ള അവസരമാക്കി മാറ്റണമെന്നും സൂചിപ്പിച്ചു.

തുടർന്ന് രൂപത പ്രൊക്കുറേറ്റർ റവ. ഫാ. ഗർവ്വാസീസ് മറ്റം, 2007-2008 സാമ്പത്തിക വർഷത്തെ രൂപതയുടെ വരവു ചിലവു കണക്കുകൾ അവതരിപ്പിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

രൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ വടക്കുംചേരി രൂപതയുടെ വിദ്യാഭ്യാസ നയത്തെക്കുറിച്ചും നിയമിക്കുന്ന അധ്യാപകരുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന അധ്യാപക പരിശീലനം, സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി അധ്യാപകർ നൽകേണ്ട ഫ്രീ സർവ്വീസ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. രൂപതാ വിദ്യാഭ്യാസ കൗൺസിലിലേയ്ക്ക് റവ. ഫാ. ജോർജ്ജ് മമ്പള്ളിൽ, റവ.ഫാ. ജെയിംസ് കുളത്തിനാൽ, റവ. ഫാ. ജോസഫ് നെച്ചിക്കാട്ട്

എന്നിവരെ യോഗം തിരഞ്ഞെടുത്തു. കോർപ്പറേറ്റ് സമിതിയിലേയ്ക്ക് 2 പേരെ രൂപതാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്താൽ മതിയെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു.

സ്കൂൾ വികസന സമിതിയുടെ പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുവാനായി ഒരു നിയമാവലി ഉണ്ടാക്കുവാൻ കോർപ്പറേറ്റ് മാനേജർ റവ.ഫാ. റോബിൻ വടക്കുംചേരിയെ അഭിവന്ദ്യ പിതാവ് ചുമതലപ്പെടുത്തി.

തുടർന്ന് യവനാർകുളം, പ്രശാന്തഗിരി, ജൂഡ്സ് മൗണ്ട് എന്നീ സ്വതന്ത്ര കുരിശുപള്ളികളെ ഇടവകകളാക്കുന്നിതിനെക്കുറിച്ച് അംഗങ്ങളുടെ അഭിപ്രായം ആരായുകയും ഇടവകയാക്കി ഉയർത്താമെന്ന് അംഗങ്ങൾ അഭിപ്രായപ്പെടുകയും ചെയ്തു. ഗുണ്ടൽപേട്ടിൽ ഒരു ഇടവക സ്ഥാപിക്കുന്നതിനെക്കുറിച്ചും ആ ഇടവക സി.എം.ഐ. സഭയുടെ കോഴിക്കോട് പ്രൊവിൻസിനെ ഏൽപ്പിക്കുന്നതിനെക്കുറിച്ചും അംഗങ്ങൾ താൽപര്യം പ്രകടിപ്പിച്ചു. വ്യക്തമായ വ്യവസ്ഥകൾ (എഗ്രിമെന്റ് ) രൂപതയും പ്രൊവിൻസും തമ്മിലുണ്ടായിരിക്കുമെന്നും തീർച്ചയായും എഗ്രിമെന്റ് പ്രകാരമേ ഇടവക ഏൽപിച്ചുകൊടുക്കുകയുള്ളൂവെന്നും പിതാവ് പറയുകയുണ്ടായി.

ബാംഗ്ലൂരിലെ സാൻതോം സ്ഥലത്ത് ഭാവിയിൽ നടത്തുവാൻ ചിന്തിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് നടന്ന ചർച്ചയിൽ, കൂടുതൽ വിപുലമായ ചർച്ചയ്ക്കു ശേഷം മാത്രമേ അവ തീരുമാനിക്കുകയുള്ളൂവെന്നും ബാംഗ്ലൂർക്ക് ചികിത്സയ്ക്കും മറ്റും പോകുന്ന അച്ചന്മാർക്ക് കുറച്ച് ദിവസം അവിടെ പേയിംഗ് ഗസ്റ്റായി താമസിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ അവിടെ ചെയ്യുന്നതിനെക്കുറിച്ച് അപ്പോൾ പരിഗണിക്കുമെന്നും ജനറാളച്ചൻ ഉറപ്പു കൊടുത്തു.

ദീപികയ്ക്ക് ഒരു രൂപത കോഡിനേറ്ററെ വയ്ക്കണമെന്ന നിർദ്ദേശത്തിന് ക്രിയാത്മകമായ പ്രതികരണമാണുണ്ടായത്. ബത്തേരി ഫൊറോന വികാരി ബഹു. ജോർജ്ജ് മമ്പള്ളിയച്ചനെ കോഡിനേറ്ററായി തിരഞ്ഞെടുത്തു.

തുടർന്ന് മാധ്യമങ്ങളിലൂടെ സഭയെയും വൈദികരേയും സന്യസ്തരേയും ജനമധ്യത്തിൽ അവഹേളിക്കുന്നതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. ഇത്തരം പരിപാടികൾ സ്പോൺസർ ചെയ്യുന്നവരുടെ ഉല്പന്നങ്ങൾ ബഹിഷ്കരിക്കുവാൻ രൂപതാംഗങ്ങളോട് ആവശ്യപ്പെടണമെന്നും യോഗത്തിൽ തീരുമാനിച്ചു.

തുടർന്ന് തുടർച്ചയായി 6-ാം വർഷവും സംസ്ഥാന കലാസാഹിത്യ മത്സരങ്ങളിൽ 1-ാം സ്ഥാനം കരസ്ഥമാക്കിയ മാനന്തവാടി ചെറുപുഷ്പ മിഷൻലീഗിനും ഡയറക്ടർ ബഹു. ടോമി പുത്തൻപുരയച്ചനും തുടർച്ചയായി 3-ാം വർഷവും കലാസാഹിത്യമത്സരങ്ങൾക്ക് 1-ാം സ്ഥാനം കരസ്ഥമാക്കിയ മാനന്തവാടി കെ.സി.വൈ.എമ്മിനും ഡയറക്ടർ ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചനും വളരെ വിദഗ്ധമായി വിവാഹത്തിനൊരുക്കമായ കോഴ്സ് സംഘടിപ്പിക്കുന്ന മാനന്തവാടി ഫാമിലി അപ്പസ്തോലേറ്റിനും ഡയറക്ടർ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചനും വളരെ നല്ല രീതിയിൽ രൂപതയിലെ മതബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന മതബോധന ടീമിനും ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിലച്ചനും സജീവമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു വന്നിരിക്കുന്ന എ.കെ.സി.സി. ക്കും ഡയറക്ടർ ബഹു. ജോർജ്ജ് മമ്പള്ളിയച്ചനും മദ്യവിരുദ്ധ പരിപാടികൾ നന്നായി സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന മദ്യവിരുദ്ധ സമിതിക്കും ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും ബഹു. ജനറാളച്ചൻ അഭിനന്ദനങ്ങൾ അറിയിച്ചു. എല്ലാ ഇടവകകളിലും കെ.സി.വൈ.എം. തുടങ്ങണമെന്നും അച്ചൻ ആവശ്യപ്പെട്ടു.

മാനന്തവാടി രൂപതയിൽ തുടങ്ങുവാനിരിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളിൽ നിന്നും മറ്റും ഏറ്റവും കൂടുതൽ വോട്ട് കിട്ടിയ 'മാറ്റൊലി' എന്ന പേര് തിരഞ്ഞെടുത്തതായി ഡയറക്ടർ റവ.ഫാ. തോമസ് തേരകം അറിയിച്ചു. തുടർന്ന് പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേലിന്റെ നന്ദി പ്രകടനത്തോടെ യോഗം 1.30 ന് അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# ദൈവവചനവർഷം - 2008

യേശുവിൽ സ്നേഹിതരേ,

ദൈവവചനവർഷം 2008 അനുഗ്രഹങ്ങളുടെ പൂമഴ ചൊരിഞ്ഞ വർഷമായിരുന്നു. ദൈവവചനത്തിന് കാതും മനസും കൊടുത്ത്, ആത്മാവും ജീവനുമായ ദൈവവചനം ഹൃദയത്തിൽ സൂക്ഷിച്ച് 100 മേനിയും 60 മേനിയും 30 മേനിയും ഫലം പുറപ്പെടുവിച്ച അനുഗ്രഹീതവർഷം. മാനന്തവാടി രൂപത മുഴുവൻ ഉണർവ്വിന്റേയും ആത്മീയ നവീകരണത്തിന്റേയും പാതയിലൂടെ ഒത്തിരിയേറെ വളർന്നു. സജീവവും ഊർജ്ജസ്വലവുമായ വാൾപോലെ ദൈവവചനം അനേകർക്ക് ആന്തരിക വിശുദ്ധീകരണത്തിന്റേയും വചനത്തിലുള്ള വളർച്ചയുടേയും അനുഭവപാഠങ്ങൾ നൽകി... വചനം സ്വീകരിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക എന്നീ ത്രിവിധ ലക്ഷ്യങ്ങളോടെ നാം ആരംഭിച്ച വചനവർഷം രൂപതയുടെ മുഴുവൻ ഭവനങ്ങളിലും ആത്മീയ ചൈതന്യത്തിന്റേയും വിശ്വാസ ചൈതന്യത്തിന്റേയും ഉണർവ്വേകാൻ ഇടവരുത്തി... വചനത്തിൽ ആഴപ്പെടുവാൻ, നൂതനമായ അറിവുകൾ നേടിയെടുക്കുവാൻ, വചനത്തിന്റെ ശക്തിയും കരുത്തും തിരിച്ചറിയാൻ ഈ വർഷാചരണം അനുഗ്രഹിച്ചു... അനേകർക്ക് പാദങ്ങൾക്ക് വിളക്കും പാതയിൽ വെളിച്ചവുമായി ഈ വചനനാളുകൾ തെളിഞ്ഞുനിന്നു... കൃതജ്ഞതയോടെ, കൂപ്പുകരങ്ങളോടെ ദൈവതിരുമുമ്പിൽ രൂപത മുഴുവൻ ശിരസ് നമിക്കുന്നു...

വചനവർഷം സമാപിക്കുമ്പോൾ ഒത്തിരിയേറെ കൃതജ്ഞതയോടും നന്ദിയോടും അനുസ്മരിക്കേണ്ടവർ നിരവധിയാണ്. വഴിത്താരകളിൽ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വെളിച്ചം വിതറിയ, വഴിനടത്തിയ ഒത്തിരിവ്യക്തികൾ...

**രക്ഷാധികാരി**

ദീർഘവീക്ഷണത്തോടെ, നിതാന്തജാഗ്രതയോടെ, വചനവർഷം

ആചരിക്കുവാൻ നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ നൽകി അനുഗ്രഹിച്ച അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപതയുടെ കൃതജ്ഞതയുടെ മലരുകൾ സ്നേഹപൂർവ്വം അർപ്പിക്കുന്നു.

**സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങൾ**

വിവിധ സാഹചര്യങ്ങളിൽ സഹായവും, ഉപദേശങ്ങളും നൽകി പ്രതിബദ്ധതയോടെ വചനവർഷസമിതിയെ നയിച്ച ബഹു. റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ. ഫാ. ബെന്നി മുതിരക്കാലായിൽ, റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ, റവ.ഫാ. ടോമി പുത്തൻപുരയിൽ, സി.ജെസ്സിപോൾ SH ശ്രീ. ജോൺസൺ ചിറായിൽ എന്നിവരെ സ്നേഹപൂർവ്വം ഓർമ്മിക്കുന്നു. വളരെ പ്രത്യേകമായി തന്റെ സമയവും കഴിവും, രൂപതയ്ക്കുവേണ്ടി ചിലവഴിച്ച ശ്രീ. ജോൺസന് രൂപതമുഴുവന്റേയും കൃതജ്ഞത അർപ്പിക്കുന്നു.

**ചെയർമാൻ**

വചനവർഷ സമിതിയുടെ ചെയർമാനായി എപ്പോഴും ഏത് കാര്യത്തിനും സഹായഹസ്തമായി കൂടെനടന്ന, ക്ലാസുകൾ, വി. ബലികൾ, പഠനങ്ങൾ എന്നിവയിലൂടെ സമിതിയെ കൂടുതൽ സജീവമാക്കി പെരിയ ബഹു. മോൺ. ജോർജ് മൂലയിലച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

**റിസോഴ്സ് ടീം**

ദൈവവചനവർഷത്തിൽ വിവിധ മേഖലകളിലും, ഇടവകകളിലും, നേതൃസംഗമം, വചനോത്സവ് എന്നീ സെമിനാറുകൾക്കായി നേതൃത്വം നൽകിയ ഒത്തിരി വൈദികരും, സന്യസ്തരും, അത്മായ സഹോദരങ്ങളുമുണ്ട്. ഇവരുടെ അകമഴിഞ്ഞ സേവനത്തെ പ്രത്യേകമായി അനുസ്മരിക്കുകയും രൂപത മുഴുവന്റെയും നന്ദി അർപ്പിക്കുകയും ചെയ്യുന്നു. മോൺ. ജോർജ് മൂലയിൽ, ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ഫാ. ബെന്നി മുതിരക്കാലായിൽ, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. ടോമി പുത്തൻപുര, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ഫാ. റോബിൻ വടക്കൻചേരി, എന്നീ രൂപതാ വൈദികരേയും സന്യസ്ത വൈദികരായ ബഹു. ഫാ. ജോസഫ് വയലിൽ (CMI), ഫാ. ജെയ്സൺ തുണ്ടത്തിൽ (CSSR), ഫാ. റിജോ (CSSR), ഫാ. ജോബി പയ്യംമ്പള്ളി (Lazelet), ഫാ. ജോസഫ് കാനാട്ട് (MCBS), ഫാ. ഉണ്ണി, ഫാ. അഖിൽ (CMI), ഫാ. ജോളി (O.Praem) എന്നിവരെ വളരെ പ്രത്യേകമായവിധം നന്ദിയോടെ അനുസ്മരിക്കുന്നു.

അത്മായ സഹോദരങ്ങളായ ശ്രീ. ചാക്കോച്ചൻ പുത്തൻപുര,

ജോണി കുന്നുംപുറം, തോമസ് ഏറണാട്ട്, ടോമി നെടുംകൊമ്പിൽ, ഫ്രാൻസീസ് മാടപ്പള്ളിക്കുന്നേൽ, ജോൺസൺ തൊഴുത്തുങ്കൽ, സണ്ണി തെക്കെകൈതയ്ക്കൽ, ബെന്നി വെട്ടിക്കമുകളേൽ, ജോൺസൺ ചിറായിൽ എന്നിവരുടെ സേവനങ്ങളെ അഭിനന്ദിക്കുകയും, നന്ദിയോടെ അനുസ്മരിക്കുകയും ചെയ്യുന്നു.

ക്ലാസുകൾക്കും, സെമിനാറുകൾക്കും നേതൃത്വം നൽകിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് റവ.സി. മോളി SJL, സി. ജെസിപോൾ SH, എന്നിവരെയും വളരെ സ്നേഹപൂർവ്വം നന്ദിയോടെ അനുസ്മരിക്കുന്നു.

**ബഹു. വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കമ്മിറ്റിക്കാർ**

വളരെ സ്തുത്യർഹമായ രീതിയിൽ രൂപതയിലെ മുഴുവൻ വികാരിയച്ചന്മാരും വചനവർഷം വിജയിപ്പിക്കുവാൻ സഹകരിച്ചു. നേതൃസംഗമത്തിന് എല്ലാവരെയും കൂട്ടിവന്ന്, വചനോത്സവങ്ങൾക്ക് ഇടവകയിൽ ഒരുക്കങ്ങൾ നടത്തി കൂടാതെ വിവിധ കർമ്മപദ്ധതികൾ ഓരോ ഇടവകകളിലും ക്രമീകരിച്ച്, ഇടവകയെ സജീവമാക്കുകയും, വചനത്തിൽ ആഴപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാരെ നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം കൂടെനിന്ന്, സഹകരിച്ച്, വിജയിപ്പിച്ച എല്ലാ സിസ്റ്റേഴ്സിനേയും കൈക്കാരന്മാരെയും കമ്മിറ്റി അംഗങ്ങളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

**വചനം 2008 – ബൈബിൾ കൺവെൻഷൻ**

രൂപതാ ബൈബിൾ കൺവെൻഷൻ ഡിസംബർ 4,5,6 തീയതികളിലായി ദ്വാരകയിൽ വച്ച് നടന്നു. അനേകം ആളുകൾ 3 ദിവസങ്ങളിലായി നടന്ന കൺവെൻഷനിൽ പങ്കെടുത്തു. അഭിവന്ദ്യപിതാവ് വചന പ്രതിഷ്ഠ നടത്തി തിരിതെളിച്ച് ഉൽഘാടനം ചെയ്ത കൺവെൻഷനിൽ റവ. ഡോ. മാണി പുതിയിടം (വചനം പാദങ്ങൾക്ക് വിളക്ക്), റവ.ഫാ. മാത്യു വേങ്ങക്കുന്നേൽ (വചനജീവിതം ബലിയുടെ ജീവിതം), റവ. ഫാ. ജെയിംസ് കിളിയനാനി (വചനവും സാക്ഷ്യവും) എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സമാപനദിനത്തിൽ ചെയർമാൻ മോൺ. ജോർജ്ജ് മൂലയിൽ ദിവ്യകാരുണ്യ ആശീർവ്വാദം നൽകി.

കൺവെൻഷൻ വിജയത്തിനായി ചെയർമാൻ മോൺ. ജോർജ് മൂലയിലച്ചന്റേയും കൺവീനർ ഫാ. സണ്ണി കൊല്ലാർതോട്ടംത്തിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. പബ്ലിസിറ്റിക്ക് – ഫാ. സണ്ണി കൊല്ലാർതോട്ടം, ലിറ്റർജി – ഫാ. സെബാസ്റ്റ്യൻ പാറയിൽ, റിസപ്ഷൻ, മെഡിക്കൽ –ഫാ. ടോമി പുത്തൻപുര, ലൈറ്റ് & സൗണ്ട്, ഹാൾ– ഫാ. ബെന്നി മുതിരക്കാല, സ്റ്റേജ്, കമാനം – ഫാ. ജോയി തുരുത്തേൽ, ഫാ. ടോമി പുത്തൻപുര, ലോ & ഓർഡർ – ഫാ. റോബിൻ

വടക്കുംചേരി, മദ്ധ്യസ്ഥപ്രാർത്ഥന – ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. ജോർജ് മേമന, ഗായകസംഘം – ഫാ. സോണി വടയാപറമ്പിൽ, ഫാ. പ്രിൻസ് തുമ്പിയാംകുഴി, പ്രോഗ്രാം കോഡിനേഷൻ – ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ഫാ. സണ്ണി കൊല്ലാർതോട്ടം, സാമ്പത്തികം – ഫാ. ഗർവ്വാസീസ് മററം, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. പോൾ ഇടയക്കൊണ്ടാട്ട്, ഭക്ഷണം – ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ഫാ. പോൾ ഇടയക്കൊണ്ടാട്ട്, എന്നിവരോടൊപ്പം അത്മായ സഹോദരങ്ങളും, സിയോൺ, സി.എം.എൽ., കെ.സി.വൈ.എം., ജീസസ് യൂത്ത് എന്നീ അംഗങ്ങളും സഹായിച്ചു. പ്രത്യേകമായി വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ സിയോൻ ടീം അംഗങ്ങളെ വളരെ പ്രത്യേകമായി അഭിനന്ദിക്കുകയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്യുന്നു. ഒപ്പം കൺവെൻഷൻദിനങ്ങൾ ഒത്തിരി വൈദികർ വരികയും കുമ്പസാരത്തിന് സഹായിക്കുകയും ചെയ്തു. അവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

**വചനവർഷസമാപനം**

2008 ഡിസംബർ 24 ന് അർദ്ധരാത്രി അഭിവന്ദ്യപിതാവ് കത്തീഡ്രൽ പള്ളിയിൽ വി.ബലി അർപ്പിച്ച് രൂപതാതല സമാപനം കുറിച്ചു.

**നന്ദി**

ദൈവവചനവർഷം അതിന്റെ സമാപ്തിയായി. പക്ഷെ തീരുന്നില്ല. അതിന്റെ ഓർമ്മകളും പാഠങ്ങളും ഹൃദയത്തിൽ നിറഞ്ഞ് നിൽക്കും. അതൊരു ശൈലിയായി, ക്രമമായി ഓരോ വ്യക്തികളുടേയും ജീവിതത്തിൽ നിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വളരെ പ്രത്യേകമായി ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചനെ നന്ദിയോടെ ഓർക്കുന്നു. ആരംഭംകുറിച്ച്, ക്രമമായി, പദ്ധതികൾ ആവിഷ്കരിച്ച്, നിയതമായ മാർഗ്ഗരേഖ ഒരുക്കി ശക്തമായ അടിത്തറപാകിയ അച്ചന് സ്നേഹപൂർവ്വം നന്ദി അറിയിക്കട്ടെ. ഒപ്പം, എന്നോടൊപ്പം വചനവർഷ സമിതിയിൽ പ്രവർത്തിച്ച എല്ലാവരെയും വളരെ നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച്, പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികരെയും കൂടെ നിന്ന് സഹായഹസ്തവുമായി നിന്ന ശ്രീ. ജോൺസൺ ചിറായിക്കും നന്ദി. ഈ കാലയളവിൽ കൺവീനർ എന്ന നിലയിൽ എന്നോട് കാണിച്ച സഹകരണത്തിനും കൂട്ടായ പ്രവർത്തനത്തിനും സ്നേഹത്തിനും നന്ദി പറഞ്ഞുകൊണ്ട് – ദൈവാനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഏവർക്കും പുതുവത്സര ആശംസകൾ  സ്നേഹപൂർവ്വം,

**ഫാ. സണ്ണി കൊല്ലാർതോട്ടം**
കൺവീനർ, വചനവർഷസമിതി




# റീജിയണൽ വാർത്തകൾ

**എൻ. ആർ. പുര റീജിയൻ**
**ചെറുപുഷ്പ മിഷൻലീഗ്**

മിഷൻലീഗ് റീജിയണൽ ടീമിന്റെ നേതൃത്വത്തിൽ കുട്ടികളിലെ നേതൃത്വത്തിൽ കുട്ടികളിലെ നേതൃത്വവാസനയെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും വേണ്ടി ഏകദിന സെമിനാർ നടത്തപ്പെട്ടു. റവ. ഫാ. ബിനീഷ് M.S.T ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് നട ത്തപ്പെട്ട മിഷൻ റാലിയിൽ കുഞ്ഞുമിഷനറിമാർ തീക്ഷ്ണതയോടെ പങ്കെടുത്തു. മിഷൻലീഗ് പതാകയും, ആവേശത്തോടെയുള്ള മുദ്രാവാ ക്യവിളികളും റാലിക്ക് വർണ്ണപകിട്ടും ആവേശവും ഏകി.

മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഇടവകകൾതോറും റീജിയണൽ ടീം നടത്തിയ സന്ദർശനം വിജയപ്രദമായി പൂർത്തീകരി ച്ചു. മതതീവ്രവാദത്തിന്റെ സംഘർഷങ്ങളിലൂടെ കടന്നുപോയ നാളുക ളിൽപ്പോലും ത്യാഗസന്നദ്ധതയോടെ ഇടവകാ സന്ദർശനങ്ങൾ നടത്തു വാൻ ധീരത കാണിച്ച ടീമഗംങ്ങൾക്ക് അഭിനന്ദനങ്ങൾ. സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും, ആനിമേറ്റേഴ്സിനും മതാദ്ധ്യാപകർക്കും, കുഞ്ഞുമിഷനറിമാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

ക്രിസ്തുമസിന്റെ സന്ദേശം ലോകമെങ്ങും അലയടിച്ചുകൊണ്ടി രിക്കുന്ന ഈ നാളുകളിൽ എൻ. ആർ. പുര യിലെ മിഷൻലീഗ് അംഗ ങ്ങളും തങ്ങളുടെ സമാധാന സന്ദേശം ഈ പ്രദേശത്ത് പ്രചരിപ്പിക്കു വാൻ കരോൾഗാന മത്സരം സംഘടിപ്പിച്ചു. ലിറ്റിൽ ഫ്ളവർ ചർച്ച് എൻ. ആർ. പുര ഒന്നാം സ്ഥാനവും വർക്കട്ട സെന്റ് ആന്റണീസ് ചർച്ച് രണ്ടാം സ്ഥാനവും, സംഗമേശ്വര പേട്ട് സെന്റ് തോമസ് ചർച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ.

**വി. അൽഫോൻസ അനുസ്മരണം**

ഭാരതസഭയുടെ അഭിമാനമായ വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവിലബ്ധിയെ അനുസ്മരിക്കുവാൻ ഭാഗ്യം ലഭിച്ചതിൽ എൻ. ആർ. പുര റീജിയണിലെ ക്രൈസ്തവ സമൂഹവും ഏറെ സന്തോഷിക്കുന്നു. മല്ലന്തൂർ വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ദേവാലയത്തിൽ ഒക്ടോബർ 11 -ാം തീയതി ആഘോഷകരമായ തിരുനാൾ കുർബാനയും, ഭക്തി നിർഭരമായ പ്രദക്ഷിണവും നടത്തപ്പെട്ടു. റീജിയണിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സമർപ്പിതരും ധാരാളം ഭക്തജനങ്ങളും തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു.

**കെ. സി. വൈ. എം**

വചനവർഷത്തോടുബന്ധിച്ച് ഒക്ടോബർ 21-ാം തീയതി എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് കെ. സി. വൈ. എം അംഗങ്ങൾക്കുവേണ്ടി നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ ഓരോ ശാഖയിലെയും അംഗങ്ങൾ തീക്ഷ്ണതയോടെ പങ്കെടുത്തു. ദൈവവചനം പഠിപ്പിക്കുവാൻ യുവതിയുവാക്കൾ കാണിച്ച താൽപര്യം അഭിനന്ദനാർഹമാണ്. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മാക്കോട് ഇടവകയ്ക്കും, രണ്ടാം സ്ഥാനം നേടിയ ലിറ്റിൽ ഫ്ളവർ ശാഖാംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**മതബോധനം**

റീജിയണൽ മതബോധന ടീമിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്നതുപോലെ ഈ വർഷവും "ബിബ്ലിയ - 2008" മതാദ്ധ്യാപകർക്കും, കുട്ടികൾക്കും വേണ്ടി നടത്തപ്പെട്ടു. വളരെ നന്നായി ഒരുങ്ങി വചനം പഠിക്കുവാൻ അദ്ധ്യാപകരും, കുട്ടികളും കാണിച്ച താൽപര്യം പ്രശംസനീയം തന്നെ. വളരെയേറെ ഒരുക്കത്തോടെ ഭംഗിയായി ഈ സംരംഭത്തിന് നേതൃത്വം നൽകിയ ടീമഗംങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**മത്സരവിജയികൾ**

Ist : St. Norbert Church Koppa

IInd : Little Flower Church N. R. Pura

IIIrd : St. mary's Church Chettikudige

**അദ്ധ്യാപകരുടെ വിഭാഗം**

Ist : St. Sebastian's Church, Makkod

IInd : St. Antony's Church, Varkatta
IIIrd : St. Mary's Church , Chettikudige

**"കിന്നരം 2008"**

റീജിയൻ മതബോധന വാർഷികം "കിന്നരം- 2008" ഡിസംബർ 9-ാം തീയതി മനോഹരമായി നടത്തി. വിവിധ സ്റ്റേജുകളിലായി നടത്തപ്പെട്ട കലാമത്സരങ്ങൾ ഓരോന്നും ദൈവവചനവർഷത്തിന്റെ സന്ദേശം ഉൾകൊള്ളുന്നവയായിരുന്നു. തുടർന്ന്, റീജിയണൽ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ആമ്പശ്ശേരിയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനത്തിൽ വച്ച് മത്സരവിജയികൾക്കുള്ള സമ്മാനദാനം നൽകി. 2007-08 അദ്ധ്യയന വർഷത്തെ ഏറ്റവും നല്ല സൺഡേസ്കൂളിനുള്ള ട്രോഫി വർക്കട്ട സെന്റ് ആന്റണീസ് ദേവാലയം കരസ്ഥമാക്കി. 'കിന്നരം 2008' -ന്റെ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് ലിറ്റിൽ ഫ്ളവർ ചർച്ച് എൻ. ആർ. പുരയും കരസ്ഥമാക്കി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

NABARD ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജലസംരക്ഷണ പദ്ധതിയുടെ പ്രാരംഭ നടപടികൾ പൂർത്തിയാക്കുകയും, പദ്ധതി ഉപഭോക്താക്കളിൽ നിന്നുതന്നെ കമ്മിറ്റി രൂപവത്ക്കരിച്ച് SWS ന്റെ നിർദ്ദേശക സഹായത്താൽ പ്രവർത്തനമാരംഭിച്ചു.

**De - Addiction Treatment and follow up Programme**

മദ്യത്തിനടിമകളായവർക്കു നൽകുന്ന ആയുർവ്വേദ ചികിത്സയും, കൗൺസിലിംഗും ധാരാളം പേർ പ്രയോജനപ്പെടുത്തി വരുന്നു. മദ്യപാനത്തിൽ നിന്ന് മോചനം നേടിയവരെ, ഭവനസന്ദർശനംവഴി, സാമൂഹികമായും മാനസീകമായും, സാമ്പത്തികമായും ഉയർത്തികൊണ്ടുവരുവാൻ SWS സ്റ്റാഫ് പ്രത്യേകം ശ്രദ്ധിക്കുന്നു.

കൂൺ കൃഷിക്കാവശ്യമായ വിത്തുകളും, പരിശീലനവും SWS ന്റെ നേതൃത്വത്തിൽ നൽകിവരുന്നു. നിർധനരായ കർഷകർക്ക്, ഉയർന്ന നിലവാരമുള്ള റബർ തൈകൾ കേരളത്തിൽ നിന്ന് എത്തിച്ചു കൊടുക്കുവാൻ SWS ന് സാധിച്ചു. സൗജന്യമായി നടത്തിവരുന്ന ഫിസിയോ തെറാപ്പി യൂണിറ്റും, ഇലക്ട്രോ തെറാപ്പി യൂണിറ്റും അംഗവൈകല്യമുള്ള കുട്ടികൾക്ക് ഏറെ അനുഗ്രഹപ്രദമാണ്.

ബാംഗ്ലൂരിൽ വച്ച് നടന്ന Workshop cum exhibition on communication materials for adolescent children എന്ന പ്രോഗ്രാമിൽ SWS സജീവമായി പങ്കെടുത്ത് എക്സിബിഷൻ നടത്തി. സി. ചാൾസ് എസ്.

എച്ച്. ന്റെ നേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മിക്കുകയും ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. പച്ചമരുന്ന് ചികിത്സയെ പറ്റി സി. ചാൾസ് ന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടത്തി.

**Pushpa Social welfare society**

PSWS ന്റെ നേതൃത്വത്തിൽ എൻ.ആർ.പുര താലൂക്കിലെ ജനങ്ങൾക്കുവേണ്ടി നടത്തിയ tradtional sports, games and cultural programme ൽ താലൂക്കിലെ 20 ഗ്രാമങ്ങളിൽ നിന്ന് ജാതി, മത, വർഗ്ഗ, വർണ്ണ ഭേദമെന്യേ 3 വയസ്സു മുതൽ 65 വയസ്സുവരെയുള്ള ആയിരത്തോളം പേർ സജീവമായി പങ്കെടുത്തു. 'എല്ലാവരും ഒന്ന്' എന്ന മനോഭാവത്തിലേയ്ക്ക് കടന്നുവരുവാൻ പങ്കെടുത്തവർക്ക് സാധിച്ചു എന്നതാണ് ഈ പരിപാടിയുടെ വിജയം. തിരഞ്ഞെടുക്കപ്പെട്ട 20 പേർ ബെല്ലാരിയിൽ വച്ച് നടന്ന ജില്ലാതല പരിപാടികളിലും, തമിഴ്നാട്ടിൽ വച്ചു നടക്കുന്ന സംസ്ഥാനതല പരിപാടികളിലും പങ്കെടുക്കുന്നു. PSWS ജോയിന്റ് ഡയറക്ടർ സി. ഷാലറ്റ് മേബിൾ സി.എം.സി. പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

**സി. സ്മിത നാൽപ്പാടൻ SABS**
റീജിയണൽ സെക്രട്ടറി



## മതബോധനരംഗം

**ബഹു. വികാരിയച്ചന്മാരുടേയും, പ്രധാനാധ്യാപകരുടേയും സമ്മേളനം**

ജനുവരി 10-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടേയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിലേക്ക് എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പ്രധാനാധ്യാപകന് ലഭിച്ചിരിക്കുന്ന കത്തിൽ പറഞ്ഞിരിക്കുന്ന ഓഫീസ് സംബന്ധമായ കാര്യങ്ങൾ അന്ന് കൃത്യമായും ചെയ്തുതീർക്കുവാൻ ശ്രദ്ധിക്കണം.

**HCC (+1, +2) പരീക്ഷ - 2009 ഫെബ്രുവരി 8-ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC, +1, +2 പരീക്ഷകൾ നമ്മുടെ മതബോധന കലണ്ടറിൽ പറഞ്ഞിരിക്കുന്നതുപോലെ ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച നടത്തുന്നതാണ്. ഹാൾടിക്കറ്റുകൾ PP, HM സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, ഫൊറോനാ മതബോധന ഡയറക്ടറും, ഫൊറോനാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

പരീക്ഷാസമയം : രാവിലെ 10 മണിക്ക് ആരംഭിച്ച് 1 മണിക്ക് അവസാനിക്കും. ഓരോ ഫൊറോനയിലെയും പരീക്ഷാസെന്ററുകൾ താഴെ കൊടുക്കുന്നു.

1) ബത്തേരി ഫൊറോന - ബത്തേരി, 2) ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ, 3) ഗൂഡല്ലൂർ റീജിയൻ - അരുൾനിലയം, 4) കല്ലോടി ഫൊറോന - ദ്വാരക, 5) കൽപ്പറ്റ ഫൊറോന - കൽപ്പറ്റ, 6) മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ, 7) മണിമൂളി ഫൊറോന

- മണിമൂളി, 8) മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി, 9) നടവയൽ ഫൊറോന - നടവയൽ, 10) നിലമ്പൂർ ഫൊറോന - നിലമ്പൂർ, 11) പയ്യംപള്ളി ഫൊറോന - പയ്യംപള്ളി, 12) തരിയോട് ഫൊറോന - ചെന്നലോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതതു ഫൊറോനാമതബോധന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാസെന്ററിലെ വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യേതാണ്.
2. പരീക്ഷാസമയത്തിനുമുമ്പ് രജിസ്റ്റർ നമ്പറുകൾ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
3. പരീക്ഷാസമയം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല. അതുപോലെ പരീക്ഷാ സമയം തീരുന്നതിന്റെ അരമണിക്കൂർ മുമ്പ് പരീക്ഷാർത്ഥികളെ ഹാളിൽ നിന്നും പുറത്തുപോകാൻ അനുവദിക്കയുമരുത്.
4. പരീക്ഷകഴിഞ്ഞ് ഫോറോനാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പേപ്പറുകൾ എണ്ണി തിട്ടപ്പെടുത്തി ക്രമമായി അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
5. പരീക്ഷയ്ക്കുവരുമ്പോൾ നിർബന്ധമായും ഹാൾ ടിക്കറ്റ് കൊണ്ടുവരണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
6. പരീക്ഷ എഴുതാനുള്ള Answer book - ഉം അഡീഷണൽ ഷീറ്റും യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. യൂണിവേഴ്സിറ്റി സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല.

**MIRACLE**

വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി രൂപതാ മതബോധന കേന്ദ്രം കുട്ടികൾക്കായി ഒരുക്കുന്ന MIRACLE പോരൂർ ഇടവകയിൽ സംഘടിപ്പിച്ചു. തിരുഹൃദയസഭയിലെ സഹോദരിമാർക്കും, പോരൂർ ഇടവക വികാരിയച്ചനും കൊച്ചച്ചനും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ആദ്യകുർബാന പരിശീലകർക്ക് പരിശീലനം**

ഫെബ്രുവരി 27,28 ദിവസങ്ങളിൽ ദ്വരക പാസ്റ്ററൽ സെന്ററിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഫെബ്രുവരി 10-ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. 27-ന് വൈകുന്നേരം 5.30 മുതൽ 28-ന് വൈകുന്നേരം 4.00 വരെയായിരിക്കും പരിശീലനം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

പുതുപുലരിയുടെ നവോന്മേഷം മനസിലും പ്രതീക്ഷയുടെ പൊൻപ്രഭ ഹൃദയത്തിലും നിറച്ചുകൊണ്ട് ഒരു പുതുവർഷംകൂടി പിറവിയെടുക്കുകയായി. 2008 ഇനി ഒരിക്കലും തിരിച്ചുവരാത്തവണ്ണം നമ്മിൽ നിന്ന് പൊയ്മറയുകയാണ്. നിൽക്കാം ഒരുനിമിഷം... നോക്കാം പിൻതിരിഞ്ഞ് നേട്ടങ്ങളെയും കോട്ടങ്ങളെയും വിലയിരുത്താം. പാളിച്ചകൾ പരിഹരിക്കുന്നവനാണ് യഥാർത്ഥ മനുഷ്യൻ. നഷ്ടങ്ങളുടെ ഇന്നലെകളെ വിസ്മൃതിയിലാക്കി നേട്ടങ്ങളുടെ നാളെകളെ മനസിൽ സ്വപ്നംകണ്ട് നമുക്ക് മുന്നേറാം. 2008, ഒത്തിരി ഓർമ്മകൾ സമ്മാനിച്ചാണ് കടന്നുപോകുന്നത്. നേട്ടങ്ങളുടെ ഒരുവർഷം... സംസ്ഥാന കലോത്സവത്തിൽ ഒന്നാംസ്ഥാനം, പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിൽ മികച്ചരൂപതാ, മികച്ച പ്രവർത്തനത്തിന് ബത്തേരി മേഖലയ്ക്ക് സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം എന്നിങ്ങനെ സന്തോഷിക്കാനേറെ. വചനവർഷാചരണം കൊണ്ട് ധന്യമായ വർഷം. വചനംകൊണ്ട് നിറഞ്ഞവരായി പുതുവർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഓർക്കാം നന്ദിയോടെ... കൈപിടിച്ചുനടത്തിയ നല്ലദൈവത്തെ, ഒപ്പംകൂടെനിന്ന് ശക്തിപകർന്ന്, പ്രോത്സാഹിപ്പിച്ച ഓരോ മനസുകളെയും.

ഭാരതസഭയെ സംബന്ധിച്ച് വിചിന്തനത്തിന് വഴിതെളിച്ച് ഒട്ടേറെ അനുഭവങ്ങൾ. ഒറീസയിൽ കത്തിയമർന്ന ക്രൈസ്തവ രോദനങ്ങൾ, മംഗലാപുരത്തും കേരളത്തിലുമൊക്കെ എത്തിനിൽക്കുമ്പോൾ ആ നിലവിളി നമ്മെ ഓരോരുത്തരെയും അലോസപ്പെടുത്തട്ടെ. പീഡനങ്ങളിൽ തളരില്ല സഭ എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് നമുക്ക് വിശ്വാസത്തിൽ സ്ഥിരതനേടാം. പ്രേഷിത ചൈതന്യം നമ്മിൽ നിറയട്ടെ. ഈ കുറ്റം അവരുടെമേൽ ആരോപിക്കരുതേ എന്ന വി. പൗലോസിനെപ്പോലെ ഈ സെന്റ് പോൾ വർഷത്തിൽ നമുക്ക് പ്രാർത്ഥിക്കാം. പുതുവർഷം ഉത്സാ

ഹത്തിന്റെയും ഉണർവ്വിന്റെയും വത്സരമാകട്ടെ. ചൈതന്യവത്തായി തീരട്ടെ... ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

## സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച രൂപത - മാനന്തവാടി

ചെറുപുഷ്പ മിഷൻലീഗ് 2007-2008 പ്രവർത്തനവർഷത്തിൽ സംസ്ഥാനതലത്തിൽ ഏറ്റവും മികവാർന്ന പ്രവർത്തനം കാഴ്ചവച്ചതിലുള്ള ബഹുമതിപത്രത്തിന് മാനന്തവാടി രൂപത അർഹമായി. രൂപതയുടെ വിജയകിരീടത്തിൽ പൊൻതൂവൽ ചാർത്തിയ ഈ നേട്ടത്തിൽ നമുക്ക് അഭിമാനിക്കാം ആഹ്ലാദിക്കാം. തിളക്കമാർന്നനേട്ടത്തിനായി രൂപതയോട് ഒന്നുചേർന്നു പ്രവർത്തിച്ച ശാഖാ മേഖലാ നേതൃത്വത്തിന് മിഷൻലീഗിന്റെ അഭിനന്ദനങ്ങൾ, പ്രവർത്തനങ്ങൾക്ക് പൂർണ്ണതയും കരുത്തും ഏകുന്ന മിഷൻകുടുംബത്തിലെ എല്ലാ അംഗങ്ങളെയും അഭിമാനത്തോടെ സ്മരിക്കുന്നു. രൂപത പ്രവർത്തനങ്ങൾക്ക് ഊടും പാവും നൽകി 2007-2008 വർഷത്തെ രൂപതയെ നയിച്ച റവ.ഫാ. അബ്രഹാം നാടുകുന്നേലച്ചന് രൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## ഗ്ലോറിയ വോയ്സ്

വചനവർഷത്തിൽ ബൈബിൾ പഠനത്തിന് പ്രോത്സാഹനമേകാൻ രൂപതാതലത്തിൽ നടത്തിയ ടെലിബൈബിൾ ക്വിസ് നവംബർ മാസത്തിലെ ഞായറാഴ്ചകളിൽ നടന്നു.

**ഗ്ലോറിയ വോയ്സ് വിജയികൾ**

I നീതു കിഴക്കേകൊലായിൽ - തോണിച്ചാൽ ശാഖ

**പ്രോത്സാഹന സമ്മാനം നേടിയവർ**

a) ഡോൺ കരിമ്പനാൽ - ഒഴുക്കൻമൂല ശാഖ
b) ഇമ്മാനുവേൽ കുമ്പുങ്കൽ - കൊട്ടിയൂർ ശാഖ
c) ടെൽമ മാഞ്ചിറ - ആടിക്കൊല്ലി ശാഖ
d) ജിൽസൺ പുളിമൂട്ടിൽ - തോമാട്ടുചാൽ ശാഖ

വിജയികൾക്കും പങ്കാളികളായവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

## രൂപത വാർഷികവും സിമ്പോസിയവും - ജനുവരി 26-ന്

ചെറുപുഷ്പ മിഷൻലീഗ് രൂപതാവാർഷികവും സിമ്പോസിയവും ജനുവരി 26-ന് 9.30 a.m. മുതൽ നടവയലിൽ വെച്ച് നടക്കും. ഓരോ ശാഖയിൽനിന്നും കഴിയുന്നത്ര അംഗങ്ങളെ സിമ്പോസിയത്തിൽ പങ്കെടുപ്പിക്കാനും വിജയിപ്പിക്കാനും ശാഖാ- മേഖലാ ഭാരവാഹികൾ ശ്രദ്ധി

ക്കുമല്ലോ. റെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 5 രൂപ. സിമ്പോസിയത്തോടനുബന്ധിച്ച് കൊളാഷ് മത്സരവും പ്രദർശനവും നടക്കുന്നതാണ്.

### ലോഗോസ് ബൈബിൾ പരീക്ഷ വിജയികൾക്ക് അഭിനന്ദനങ്ങൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നടത്തിയ ലോഗോസ് ബൈബിൾ പരീക്ഷയുടെ സംസ്ഥാനതലമത്സരം നവംബർ 23-ന് പാലാ രിവട്ടം പി.ഒ.സി.യിൽ നടന്നു. രൂപതാതല മത്സരവിജയികളായ 15 പേർ മത്സരത്തിൽ പങ്കെടുത്തു. കൽപ്പറ്റ മേഖലയിലെ ചൂരൽമല ശാഖയിലെ സിമി തേനംമാക്കൽ സംസ്ഥാനതലത്തിൽ നാലാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനവും ലോഗോസ്പരീക്ഷയിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദിയും അറിയിക്കുന്നു.

### ബത്തേരി മേഖലയ്ക്ക് അഭിനന്ദനങ്ങൾ

മികച്ച പ്രവർത്തനങ്ങളിലൂടെ സംസ്ഥാനതലത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയ ബത്തേരി മേഖലയ്ക്ക് രൂപതയുടെ അഭിനന്ദനങ്ങൾ ആശംസകൾ. ഇതിനായി കഠിനാധ്വാനം ചെയ്ത മേഖല ഡയറക്ടർ റവ. ഫാ. മനോജ് അമ്പലത്തിങ്കലിന്റെ നേതൃത്വത്തിലുള്ള മേഖല ഭാരവാഹികൾക്കും പ്രവർത്തകർക്കും രൂപതാകുടുംബത്തിന്റെ മംഗളങ്ങൾ.

### മലബാർ റീജിണൽ സംഗമം

സംസ്ഥാന നേതൃത്വത്തിൽ നടക്കുന്ന മലബാർ റീജണിലെ രൂപതാഭാരവാഹികളുടെ സംഗമം ജനുവരി 7-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും.

### KCYM ന് ആശംസകൾ

സംസ്ഥാന കലാമത്സരത്തിൽ തിളക്കമാർന്ന വിജയം നേടിയ കെ.സി.വൈ.എം. പ്രസ്ഥാനത്തിനും, വിജയികളായ സർഗ്ഗപ്രതിഭകൾക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടിരൂപതയുടെ ഹൃദ്യമായ മംഗളാശംസകൾ.

### ദൂത് - 2008

വചനമേകുവാനും വചനം ആകുവാനും അംഗങ്ങളെ പ്രാപ്തരാക്കുന്ന ചെറുപുഷ്പമിഷൻലീഗ് രൂപത ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന അർദ്ധദിന സെമിനാറും ശാഖ സന്ദർശനവും ദൂത് -2008 നടന്ന ശാഖകളും നേതൃത്വം നൽകിയവരും.

ശ്രീ. സെബാസ്റ്റ്യൻ മുണ്ടക്കാത്തടം-കൽപ്പറ്റ, ശ്രീ. സെബാസ്റ്റ്യൻ ചെറിയമ്പനാട്ട് - ആടിക്കൊല്ലി, സി. ലിസിയ SCV-കൽപ്പറ്റ, റിപ്പൺ, സി. ജെസിപോൾ SH-ആടിക്കൊല്ലി, സി. തെരേസ് SABS - ബോയ്സ്ടൗൺ, റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ - കുന്നൂർ.

**അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണം തുടരുന്നു...**

സഹനത്തിന്റെ പുണ്യപുഷ്പം വി.അൽഫോൻസാമ്മ, വിശുദ്ധയുടെ തിരുശേഷിപ്പ് പ്രയാണം മണിമൂളി, നിലമ്പൂർ, കൽപ്പറ്റ മേഖലകളിലെ പ്രയാണം പൂർത്തിയാക്കി തരിയോട് മേഖലയിൽ പ്രവേശിച്ചു. ഓരോ ഇടവകയിലും തിരുശേഷിപ്പിന് ആവേശകരവും ഭക്തിനിർഭരവുമായ സ്വീകരണമാണ് ലഭിക്കുന്നത്.

**പ്രയാണ വഴിത്താരയിൽ ഓരോ ശാഖയുടെയും ദിനം**

2009 ജനുവരി - 1) ചെന്നലോട്, 2) മംഗലം, 3) പുതുശ്ശേരിക്കടവ് 4) കുറുമ്പാല, 5) കുറുമണി 6) വിളമ്പുകണ്ടം, 7) ചുണ്ടക്കര, 8) പറളിക്കുന്ന് 9) അരിഞ്ചേർമല, 10) കണിയാമ്പറ്റ, 11) കേണിച്ചിറ, 12) വാളവയൽ, 13) നടവയൽ, 14) നെയ്ക്കുപ്പ, 15) കല്ലുവയൽ, 16) ചെറുകാട്ടൂർ, 17) മാനന്തവാടി ടൗൺ 18) തവിഞ്ഞാൽ 19) കരിമാനി, 20) മുതിരേരി, 21) യവനാർകുളം, 22) പോരൂർ, 23) പ്രശാന്തഗിരി, 24) വലിയകൊല്ലി, 25) വാളാട്, 26) ആലാറ്റിൽ, 27) പേര്യ, 28) ഏലപ്പീടിക, 29) വെള്ളൂന്നി, 30) കേളകം, 31) അടയ്ക്കാത്തോട്

ഫെബ്രുവരി - 01) ശാന്തിഗിരി, 2) ചുങ്കക്കുന്ന്, 3) ഒറ്റപ്ലാവ്, 4) കൊട്ടിയൂർ, 5) നെല്ലിയോടി, 6) അമ്പായത്തോട്, 7) പാൽച്ചുരം, 8) ബോയ്സ്ടൗൺ, 9) പാറത്തോട്ടം, 10) പുതിയിടം, 11) തലപ്പുഴ. ഓരോ ഇടവകയും തിരുശേഷിപ്പ് യഥോചിതം സ്വീകരിക്കുവാനും ഇടവകയിൽ അറിയിക്കാനുള്ള ക്രമീകരണം ചെയ്യുമല്ലോ. ഒരു ഇടവകയിൽ നിന്ന് അടുത്ത ഇടവകയിലേക്ക് എത്തിക്കുവാനുള്ള സജ്ജീകരണങ്ങൾ നടത്തുമല്ലോ. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് വണങ്ങി അവിടുത്തെ അനുഗ്രഹ നിറവ് നമുക്ക് സ്വന്തമാക്കാം.

**രൂപതാ കൊളാഷ് മത്സരം ജനുവരി 26-ന് നടവയലിൽ**

ചെറുപുഷ്പ മിഷൻലീഗ് 35-ാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് നടത്തുന്ന കൊളാഷ് മത്സരവും പ്രദർശനവും ജനുവരി 26-ന് നടവയൽ ശാഖയിൽ നടക്കും. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കാം. വിജയികളിൽ I, II, IIIനും ക്യാഷ് അവാർഡുകളും കൂടാതെ 7 പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.

വിഷയം: പ്രേഷിത പ്രവർത്തനം മിഷൻലീഗിലൂടെ...

**നിബന്ധനകൾ**

1. രണ്ട് സാധാരണ ചാർട്ട് പേപ്പറിന്റെ വലിപ്പത്തിൽ കൂടാൻ പാടില്ല.
2. കൊളാഷിന് നിശ്ചിത ആകൃതി ഉണ്ടായിരിക്കേണ്ടതാണ്.
3. വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങൾ, പത്രക്കുറിപ്പുകൾ,

ഇതര മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഒട്ടിച്ചുചേർക്കുക.

4. കൊളാഷിന് പേരു നൽകാവുന്നതാണ്.
5. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മാത്രമെ അനുവദിക്കുകയുള്ളു.
6. കൊളാഷ് നേരത്തെ തയ്യാറാക്കി ജനുവരി 26-ന് രാവിലെ 9.30 ന് മുമ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

**ശാഖാവാർത്തകൾ**

*വാഴവറ്റ* :- ക്രിസ്തു രാജന്റെ തിരുനാളിനോടനുബന്ധിച്ച് റാലി നടത്തി.

*കൽപ്പറ്റ* :- ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം നൽകി.

*ഒലിവുമല* :- വൃദ്ധസല്ലാപം നടത്തി. മിഷൻമാസം എല്ലാദിവസവും ദിവ്യബലിയിൽ പങ്കുകൊണ്ട കുട്ടികൾക്ക് സമ്മാനം നൽകി.

*മച്ചിക്കൊല്ലി* :- വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പിനു മുമ്പിൽ ജാഗരണ പ്രാർത്ഥന നടത്തി.

*തോണിച്ചാൽ* :- ശിശുദിനാഘോഷം നടത്തി.

*വെള്ളമുണ്ട* :- രോഗീസന്ദർശനം നടത്തി.

*കോട്ടത്തറ* :- ബൈബിൾക്വിസ് നടത്തി.

*കാവുംമന്ദം* :- മിഷൻമാസം എല്ലാദിവസവും ദിവ്യബലിയിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനം നൽകി. ഭരണങ്ങാനം തീർത്ഥാടനം നടത്തി.

*പ്രശാന്തഗിരി* :- ജാഗരണ പ്രാർത്ഥനനടത്തി.

*പോരൂർ* :- വചനപോസ്റ്റർ നടത്തുന്നു.

*കുറ്റിമൂല* :- ഭവനസന്ദർശനം നടത്തി.

*ആലാറ്റിൽ* :- തിരുബാലസംഖ്യം കുട്ടികൾക്കായി ചിത്രരചന മത്സം നടത്തി.

*കണിയാരം* :- ഭവനനിർമ്മാണ സഹായമായി 10 ചാക്ക് സിമന്റ് നൽകി. ശിശുദിനാഘോഷം നടത്തി.

*പനവല്ലി* :- ഭവനസന്ദർശനം നടത്തി.

*പയ്യമ്പള്ളി* :- വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് റാലി നടത്തി.

*ഇടയൂർകുന്ന്* :- രോഗീസന്ദർശനം നടത്തി.

*മുട്ടിയേൽ* :- വിശുദ്ധരുടെയും, മഹാന്മാരുടെയും ചിത്രത്തോടും മഹത് വചനങ്ങളോടും കൂടി ചാർട്ടുകൾ ഉണ്ടാക്കി റോഡുകളിൽ പോസ്റ്റർ നിർമ്മിച്ചു.

*പട്ടാണിക്കുപ്പ്* :- പ്രസംഗ പരിശീലനം നടത്തി.

*അമരക്കുനി* :- സിമിത്തേരി സന്ദർശനം നടത്തി.

*ഞാറപ്പാടം* :- വചനപഠനം നടത്തി.

*ചുണ്ടക്കര :-* ശിശുദിനാഘോഷം നടത്തി.
*കണിയാമ്പറ്റ :-* ഓസാനാം ഭവൻ സന്ദർശിച്ചു.
*കേളകം :-* ക്രിസ്തുരാജന്റെ തിരുനാളിന് റാലി നടത്തി.
*പാൽചുരം :-* ശാന്തിഗിരി,ചുങ്കക്കുന്ന് ശാഖകൾ സന്ദർശിച്ചു.

**മേഖലാവാർത്തകൾ**

*തരിയോട് :-* വചന വിളംബര റാലി നടത്തി, വി. അൽഫോൻസാമ്മ യുടെ കബറിടം സന്ദർശിച്ചു. ചെയിൻ ആരാധന നടത്തി.
*ബത്തേരി :-* ഭവനസന്ദർശനം നടത്തി. Face to face നടത്തി.
*കല്ലോടി :-* സാഹിത്യ ശില്പശാല നടത്തി.
*കൽപ്പറ്റ :-* തിരുബാലസഖ്യം കുട്ടികൾക്കായി കലാമത്സരം നടത്തി. ബൈബിൾ വാക്യപഠന മത്സരം നടത്തി.

**ശാഖാക്യാമ്പ്**

പ്രശാന്തഗിരി - ശാഖാക്യാമ്പിന് തോമസ് കല്ലറയ്ക്കൽ, ബിനു മാങ്കൂട്ടം, ലിറ്റി വെണ്ടർമ്യാലിൽ എന്നിവർ നേതൃത്വം നൽകി.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്നശാഖകൾ**

കൊളവയൽ, പുതിയിടം, വൈത്തിരി, മരകാവ്, വഞ്ഞോട്, ഇട യൂർകുന്ന്, മുതിരേരി, ഇരുളം, മരക്കടവ്, പാടിച്ചിറ, പയ്യമ്പള്ളി, കരണി, അമ്പായത്തോട്, ഏലപ്പീടിക.

**ഒറീസ സഹായനിധി തന്നശാഖകൾ**

പൂളപ്പാടം, ഇടയൂർകുന്ന്, കല്ലോടി, തോണിച്ചാൽ, ദീപ്തിഗിരി, കുറുമ്പാല, പട്ടാണിക്കൂപ്പ്, കൽപ്പറ്റ, വൈത്തിരി, മരകാവ്, വഞ്ഞോട്, മുതിരേരി, ഇരുളം, മരക്കടവ്, പാടിച്ചിറ, അമ്പായത്തോട്, മുള്ളൻകൊല്ലി

**മിഷൻ ഞായർ വിഹിതം തന്നശാഖകൾ**

പൂളപ്പാടം 250, കബനിഗിരി 200, ചെന്നലോട് - 500, ഇടയൂർകുന്ന് 75, കാട്ടിക്കുളം - 100, ജൂഡ്സ്മൗണ്ട് - 200, കല്ലോടി-750, തോണി ച്ചാൽ-300, നരിവാലമുണ്ട-500, കണിയാരം-1000, കുറുമ്പാല-300, പട്ടാ ണികൂപ്പ്-150, വഞ്ഞോട്-330, പ്രശാന്തഗിരി-150, അപ്പപ്പാറ-50, ചിത്രഗി രി-400, മുതിരേരി-401, ഇരുളം-100, മരക്കടവ്-150, വാളവയൽ-100, പാടി ച്ചിറ-500, പയ്യമ്പള്ളി-750, മരുത-100, വാകേരി-100, കൽപ്ര-500, കാര യ്ക്കാമല-200, കരണി-50, കുറുമണി-250, അമ്പായത്തോട്-250, മുള്ളൻകൊല്ലി-1025, ആറാട്ടുതറ-200, അരിഞ്ചേർമല-500.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളെ,

2008 കർമ്മധീരതയുടെ, സംഘശക്തിയുടെ ശുഭ്രവർണ്ണങ്ങൾ ചാലിച്ചെഴുതിയ മനോഹരമായ ക്യാൻവാസ്. വർണ്ണ താള ലയങ്ങളുടെ മനോഹാരിതയിൽ കരുത്താർജ്ജിച്ച സംഘടന. വിരൽത്തുമ്പിലൂടെ, കർമ്മകാണ്ഡങ്ങളിലൂടെ സംഘടനാ പ്രവർത്തനങ്ങളിലൂടെ വർണ്ണങ്ങൾ വിരിയുമ്പോൾ മാരിവില്ലിനെ വെല്ലുന്ന ശോഭ. ക്യാൻവാസിലെ ചുവപ്പും കറുപ്പും നീലിമയും പച്ചയും... ഇടകലർന്ന സംഘാതാത്മകമായ പ്രവർത്തനശൈലിയുടെ ചാരുത. ഇന്നലെകളുടെ താളുകൾ മിന്നിമറയുമ്പോൾ അഭിമാനപുളകമണിയുന്ന സുന്ദരനിമിഷങ്ങൾ. കോർത്തിണക്കിയ മുത്തുണികൾ പോലെ - നേതൃസംഗമം, ജാഗരണങ്ങൾ, ധർമ്മായൻക്യാമ്പുകൾ, വനിതാസംഗമം, ആനിമ, റെഡി, കേരളം മുഴുവൻ അത്ഭുതംപൂണ്ട് അഭിനന്ദനങ്ങൾ വാരിച്ചൊരിഞ്ഞ സംസ്ഥാന സെനറ്റ്, കത്തിയമർന്ന ഒറീസ്സയുടെ രോദനങ്ങൾ നെഞ്ചിലേറ്റി നടത്തിയ പ്രതിഷേധറാലി, വാഹനറാലി, നേതൃശൈലിയുടെ ഉൾക്കാമ്പ് ഉണർത്തിയ ദിശ, കലാ കായിക സാഹിത്യ മത്സരങ്ങൾ വചനാധിഷ്ഠിത യുവത്വത്തിന്റെ നേർരേഖ കണ്ടറിഞ്ഞ രൂപതക്യാമ്പ്... രൂപതയുടെ മുഴുവൻ യുവജനങ്ങളുമായും യശസ്സുയർത്തി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി വിജയതിലകമണിഞ്ഞ ഉത്സവ്. കർഷകന്റെ നെഞ്ചിലെ താളം തൊട്ടറിഞ്ഞ് ഗ്രാമാന്തരങ്ങളിലൂടെ നടത്തിയ കർഷകരക്ഷായാത്രയ്ക്ക് നൽകിയ വരവേൽപ്പ്... എല്ലാം ... എല്ലാം... ശക്തിയും കരുത്തും സംഘടനാപാടവവും തെളിയിച്ച് വിജയരഥത്തിലേറിയ യുവജന പ്രസ്ഥാനം ചരിത്രത്തിന്റെ താളുകളിൽ സുന്ദരമായ ഇരിപ്പിടം നേടുമ്പോൾ അഭിമാനിക്കാൻ... പുളകം കൊള്ളുവാൻ... ഒത്തിരി ഒത്തിരിയുണ്ട്.

അതെ... ദിനരാത്രങ്ങളുടെ ഘോഷയാത്രയിൽ ദീപ്തമായ ഓർമ്മ

കൾ നൽകിക്കൊണ്ട് പ്രസ്ഥാനം മുന്നോട്ടുപോകുമ്പോൾ... കൃതജ്ഞതയോടെ, നന്ദിയോടെ അനുസ്മരിക്കുവാൻ ഒത്തിരിയേറെ മുഖങ്ങൾ മനസ്സിൽ തെളിയുന്നു. കൃതജ്ഞതാപൂക്കളുമായി നമ്മെ വഴിനടത്തിയ ദൈവതിരുമുമ്പിൽ കൂപ്പുകൈകളോടെ നിൽക്കാം നമുക്ക്... യുവജനങ്ങളെ സ്നേഹിക്കുന്ന, സുന്ദരവും ദീർഘവീക്ഷണവുമുള്ള ആശയങ്ങൾ പകർന്ന് തന്ന് വഴിത്താരയിൽ എന്നും ആവേശമായി നിറഞ്ഞു നിൽക്കുന്ന അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം, എന്നും കൂടെ നടന്ന്, നന്മയുടെയും സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും മലരുകൾ വാരിവിതറുന്ന വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ ശക്തമായ അടിത്തറ പാകി. കർമ്മശേഷിയുടെ കർമ്മകാണ്ഡങ്ങളിലൂടെ സംഘടനയെ പടുത്തുയർത്തി പുതിയ നേതൃത്വത്തിന് കൈമാറിതന്ന ബഹു. ആന്റോ മമ്പള്ളിയച്ചൻ... ഓരോ മേഖലകളിൽ സംഘടനയെ ഉള്ളംകയ്യിലെന്നപോലെ കാത്തുസൂക്ഷിക്കുന്ന മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, കരുത്തോടെ, വിവിധ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകുന്ന യൂണിറ്റിലെ ബഹു. വികാരിയച്ചന്മാർ, ആനിമേറ്റർ സിസ്റ്റർമാർ... എല്ലാവരെയും ഏറെ സ്നേഹത്തോടും നന്ദിയോടും ഓർക്കുന്നു...

പിന്നിട്ട ഒരുവർഷം മുഴുവൻ സംഘടനയെ സ്നേഹിച്ച്, ശാന്തവും ധീരവുമായ പ്രവർത്തനപഥങ്ങളിലൂടെ നയിച്ച രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങളെ വളരെ നന്ദിയോടെ അനുസ്മരിക്കുന്നു... വ്യക്തവും ശക്തവുമായ ദിശാബോധത്തോടെ പ്രസ്ഥാനത്തിന്റെ അമരത്തു നിന്ന് നയിച്ച ശ്രീ. ജോജിൻ ടി. ജോയി, ഷിബു പുതിയാവീട്ടിൽ, അനീഷ് ഓമക്കര, ഷംജിത്ത് ചേലയ്ക്കൽ, ഷിൽജോ പള്ളയ്ക്കൽ, കുമാരി ലിറ്റി വെണ്ടർമ്യാലിൽ, നിഷിത പുതിയകുന്നത്ത്, സി. മോളി ജോസഫ് SJL... എന്നിവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും സ്നേഹത്തോടെ ഓർക്കുകയും ചെയ്യുന്നു. യൂണിറ്റ് മേഖലാ തലങ്ങളിൽ പ്രസ്ഥാനത്തിന് കരുത്ത് പകർന്ന എല്ലാ യുവനേതാക്കളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. വരുംദിനങ്ങളിലും പ്രസ്ഥാനത്തെ ഹൃദയത്തിലേറ്റുന്ന സഹയാത്രികരാകുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

2009, പുത്തൻ പ്രഭാതം... വിരിയുന്ന പൂവുകൾക്ക് നറുമണം... ചിലയ്ക്കുന്ന പക്ഷികൾക്ക് സന്തോഷം... ഉണരുന്ന മനസ്സുകൾക്ക് പുത്തൻ പ്രതീക്ഷകൾ. യുവത്വത്തിന്റെ സർഗ്ഗശക്തികൾ പ്രസ്ഥാനത്തിന്റെ കരുത്താക്കിമാറ്റി, ശക്തവും ദീപ്തവും ഊർജ്ജസ്വലവുമായ

ഒരു പ്രവർത്തനവർഷം സ്വപ്നംകണ്ട് നമുക്ക് കൈകോർക്കാം. ഒരുമയുടെ, സഹകരണത്തിന്റെ, കൂട്ടായ്മയുടെ ചിറകിലേറി... വിജയത്തിന്റെ കാഹളധ്വനി മുഴക്കുവാൻ... മാനന്തവാടി രൂപതയുടെ മുഴുവൻ പാദയോരങ്ങളിൽ ചാലകശക്തികളാകുവാൻ നമുക്ക് ഉണർന്നെഴുന്നേൽക്കാം... കരുത്തായ്, മാർഗ്ഗമായ് – ലോകത്തിന് മുഴുവൻ പ്രകാശമായി തീർന്നവന്റെ മിഴികളിലെ തിളക്കം യുവജനങ്ങളേ – നിങ്ങളുടെ ഹൃദയങ്ങളിൽ, ചിന്തകളിൽ, പ്രവർത്തനങ്ങളിൽ – അഗ്നിയായ് പടരട്ടെ എന്ന് ആശംസിക്കുന്നു

പുതുവത്സരമംഗളങ്ങൾ എല്ലാ യുവജനങ്ങൾക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

**കായികോത്സവ് – 2008**

ഈ വർഷത്തെ രൂപതാ കായികോത്സവ് നടവയൽ ഹൈസ്കൂളിൽ വച്ച് നടന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോജിൻ ടി. ജോയിയുടെ അദ്ധ്യക്ഷതയിൽ നടവയൽ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ആശംസകൾ അർപ്പിച്ചു. നിഷിത പുതിയകുന്നത്ത് നന്ദി പറഞ്ഞു. മേളയിൽ കൊട്ടിയൂർ മേഖല ഒന്നാം സ്ഥാനവും നടവയൽ മേഖല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കല്ലോടി മേഖലാ ഡയറക്ടർ ഫാ. ബിനു വടക്കേൽ, കല്ലോടി ഫോറോന അസി. വികാരി ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറ, ഫാ. സണ്ണി കൊല്ലാർതോട്ടവും സമ്മാനദാനം നിർവ്വഹിച്ചു. കായികോത്സവ് നടത്താൻ ഗ്രൗണ്ട് അനുവദിച്ചുതന്ന നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ മാനേജരോടും സ്കൂൾ ഹെഡ്മാസ്റ്ററോടും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു. കായികോത്സവിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും എല്ലാ യുവജനങ്ങൾക്കും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

**2008-ലെ കായിക മത്സര വിജയികൾ**

**100 മീറ്റർ ആൺകുട്ടികൾ**

| | | |
|---|---|---|
| I | ബിബിൻ പൂവക്കുളം | കൊട്ടിയൂർ |
| II | അനീഷ് ചെറുകാട്ട് | ചെറുകാട്ടൂർ |
| III | ജിന്റോ ചീങ്കല്ലേൽ | കല്ലോടി |

**100 മീറ്റർ പെൺകുട്ടികൾ**

| | | |
|---|---|---|
| I | സ്റ്റീനിയ കൊച്ചാനിച്ചോട്ടിൽ | കൊട്ടിയൂർ |
| II | ലിൻഷ ചേനപ്പാടി | നടവയൽ |
| III | അലീന പരത്തനാൽ | നടവയൽ |

**200 മീറ്റർ ആൺകുട്ടികൾ**

| | | |
|---|---|---|
| I | ബിബിൻ പൂവക്കുളം | കൊട്ടിയൂർ |
| II | റിൻസ് തൂപ്പുംകര | കമ്മന |
| III | അനീഷ് ചെറുകാട്ട് | ചെറുകാട്ടൂർ |

**200 മീറ്റർ പെൺകുട്ടികൾ**

| | | |
|---|---|---|
| I | സ്റ്റീനിയ കൊച്ചാനിച്ചോട്ടിൽ | കൊട്ടിയൂർ |
| II | ലിൻഷ ചേനപ്പാടി | നടവയൽ |
| III | ലിജി കളത്തിപ്പറമ്പിൽ | ഒലിവുമല |

**400 മീറ്റർ ആൺകുട്ടികൾ**

| | | |
|---|---|---|
| I | അരുൺ പ്ലാക്കൂട്ടം | കൊട്ടിയൂർ |
| II | ജസ്റ്റിൻ കണ്ടൻതുരുത്തിയിൽ | ദ്വാരക |
| III | ജിതിൻ മക്കോളിൽ | കല്ലോടി |

**400 മീറ്റർ പെൺകുട്ടികൾ**

| | | |
|---|---|---|
| I | സ്റ്റീനിയ കൊച്ചാനിച്ചോട്ടിൽ | കൊട്ടിയൂർ |
| II | ലിൻഷ ചേനപ്പാടി | നടവയൽ |
| III | മെർലിൻ പുലയൻപറമ്പിൽ | നടവയൽ |

**1500 മീറ്റർ ആൺകുട്ടികൾ**

| | | |
|---|---|---|
| I | അരുൺ പ്ലാക്കൂട്ടം | കൊട്ടിയൂർ |
| II | ജിതിൻ മക്കോളിൽ | കല്ലോടി |
| III | ദിലീപ് പുത്തൻപറമ്പിൽ | ഒലിവുമല |

**1500 മീറ്റർ പെൺകുട്ടികൾ**

| | | |
|---|---|---|
| I | സൗമ്യ ആത്തിങ്കൽ | പയ്യമ്പള്ളി |
| II | ജിനിത കളത്തിപ്പറമ്പിൽ | ഒലിവുമല |

**ലോംഗ് ജംപ് ആൺകുട്ടികൾ**

| | | |
|---|---|---|
| I | ജോമറ്റ് തൂപ്പുംകര | കമ്മന |
| II | അഖിൽ മുത്തനാട്ട് | കൊട്ടിയൂർ |
| III | നിധിൻ വെണ്ണായപ്പിള്ളിൽ | നടവയൽ |

**ലോംഗ് ജംപ് പെൺകുട്ടികൾ**

| | | |
|---|---|---|
| I | സൗമ്യ ആത്തിങ്കൽ | പയ്യമ്പള്ളി |
| II | ട്രീസ പുളിയ്ക്കക്കണ്ടത്തിൽ | തൃശ്ശിലേരി |

| | | |
|---|---|---|
| III | ജിനിത കളത്തിപ്പറമ്പിൽ | ഒലിവുമല |

**ഹൈജംപ് ആൺകുട്ടികൾ**

| | | |
|---|---|---|
| I | ജോമറ്റ് തൂപ്പുംകര | കമ്മന |
| II | ജസ്റ്റിൻ കണ്ടൻതുരുത്തിയിൽ | ദ്വാരക |
| III | അഖിൽ മുത്തനാട്ട് | കൊട്ടിയൂർ |

**ട്രിപ്പിൾ ജംപ് ആൺകുട്ടികൾ**

| | | |
|---|---|---|
| I | അഖിൽ മുത്തനാട്ട് | കൊട്ടിയൂർ |
| II | ജോമറ്റ് തൂപ്പുംകര | കമ്മന |
| III | ജസ്റ്റിൻ കണ്ടൻതുരുത്തിയിൽ | ദ്വാരക |

**ട്രിപ്പിൾ ജംപ് പെൺകുട്ടികൾ**

| | | |
|---|---|---|
| I | സൗമ്യ ആത്തിങ്കൽ | പയ്യമ്പള്ളി |
| II | ട്രീസ പുളിയ്ക്കകണ്ടത്തിൽ | തൃശ്ശിലേരി |
| III | ലിജി കളത്തിപ്പറമ്പിൽ | ഒലിവുമല |

**ഡിസ്ക്കസ് ത്രോ ആൺകുട്ടികൾ**

| | | |
|---|---|---|
| I | സിബി ആശാരിയോട്ട് | കല്ലോടി |
| II | ജിനേഷ് ഉപ്പൂട്ടുങ്കൽ | നടവയൽ |
| III | നിധിൻ വെണ്ണായപ്പിള്ളിൽ | നടവയൽ |

**ഡിസ്ക്കസ് ത്രോ പെൺകുട്ടികൾ**

| | | |
|---|---|---|
| I | എൽസ ട്രീസ പുതിയിടം | നടവയൽ |
| II | എലിസബത്ത് തുമ്പൻതുരുത്തിയിൽ | കൊട്ടിയൂർ |
| III | ജ്യോത്സന ഇണ്ടിക്കുഴ | പയ്യമ്പള്ളി |

**ജാവലിൻ ത്രോ ആൺകുട്ടികൾ**

| | | |
|---|---|---|
| I | ജിനേഷ് ഉപ്പൂട്ടുങ്കൽ | നടവയൽ |
| II | സിബി ആശാരിയോട്ട് | കല്ലോടി |
| III | ജോബിറ്റ് പുത്തൻപുര | പയ്യമ്പള്ളി |

**ജാവലിൻ ത്രോ പെൺകുട്ടികൾ**

| | | |
|---|---|---|
| I | എൽസ ട്രീസ പുതിയിടം | നടവയൽ |
| II | ട്രീസ പുളിയ്ക്കകണ്ടത്തിൽ | തൃശ്ശിലേരി |
| III | ജ്യോത്സന ഇണ്ടിക്കുഴ | പയ്യമ്പള്ളി |

**ഷോട്ട്പുട്ട് ആൺകുട്ടികൾ**

| | | |
|---|---|---|
| I | സിബി ആശാരിയോട്ട് | കല്ലോടി |
| II | ജിനേഷ് ഉപ്പൂട്ടുങ്കൽ | നടവയൽ |

| | | |
|---|---|---|
| III | നിധിൻ വെണ്ണായപ്പിള്ളിൽ | നടവയൽ |

**ഷോട്ട്പുട്ട് പെൺകുട്ടികൾ**

| | | |
|---|---|---|
| I | എൽസ ട്രീസ പുതിയിടം | നടവയൽ |
| II | ജ്യോത്സന ഇണ്ടിക്കുഴ | പയ്യമ്പള്ളി |
| III | എലിസബത്ത് തുമ്പൻതുരുത്തിയിൽ | കൊട്ടിയൂർ |

**4x100 മീറ്റർ റിലേ ആൺകുട്ടികൾ**

I കൊട്ടിയൂർ മേഖല, II കല്ലോടി മേഖല, III നടവയൽ മേഖല

## വ്യക്തിഗത ചാമ്പ്യന്മാർ

ഈ വർഷത്തെ കായികോത്സവിൽ വ്യക്തിഗത ചാമ്പ്യന്മാരായി Boys വിഭാഗത്തിൽ ജോമറ്റ് തൂപ്പുംകര (കമ്മന), സിബി ആശാരിയോട്ട് (കല്ലോടി), Girls വിഭാഗത്തിൽ എൽസാ ട്രീസ പുതിയിടം (നടവയൽ), സൗമ്യ ആത്തിങ്കൽ (പയ്യമ്പള്ളി), സ്റ്റീനിയ കൊച്ചാനിച്ചോട്ടിൽ (കൊട്ടി യൂർ)എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും അനുമോദനങ്ങൾ.

## കർഷകരക്ഷായാത്രയ്ക്ക് സ്വീകരണം നൽകി

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മുല്ലപെരിയാറിൽ നിന്നാരംഭിച്ച് സംസ്ഥാന പ്രസിഡണ്ട് എജി പാറപ്പാട്ട് വൈസ്. പ്രസി ഡണ്ട് ബിജു അരീക്കാട്ട് എന്നിവർ നേതൃത്വം നൽകിയ കർഷക രക്ഷാ യാത്രയ്ക്ക് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ബത്തേരി, പുൽപ്പ ള്ളി, മാനന്തവാടി, കൊട്ടിയൂർ എന്നിവിടങ്ങളിൽ സ്വീകരണം നൽകി. സംസ്ഥാന നേതാക്കളായ ഫാ. ജയിസൻകൊള്ളന്നൂർ, ജോമി ചക്കിട്ട മുറി, ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ജോസ് പള്ളത്ത്, രൂപതാ നേതാ ക്കളായ ഫാ. സണ്ണി കൊല്ലാർതോട്ടം, ജോജിൻ ടി ജോയി, മാത്യു തറ യിൽ, ഷംജിത്ത് ചേലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

## അഭിവന്ദ്യ പിതാവിന് ആശംസകൾ

കെ. സി. ബി. സി ലേബർ കമ്മീഷൻ ചെയർമാനായി തെര ഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന് കെ. സി. വൈ.എം കുടുംബത്തിന്റെ ആശംസകൾ.

## അഭിനന്ദനങ്ങൾ

മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള കെ.സി.ബി.സി യുടെ അവാർഡ് നേടിയ കെ.സി.വൈ.എം മുൻ രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുംങ്കലിന് യുവജന പ്രസ്ഥാനത്തിന്റെ അഭിന ന്ദനങ്ങൾ.

**കെ. സി. വൈ. എം സംസ്ഥാന കലോത്സവം**

**മാനന്തവാടി ജേതാക്കൾ**

കെ. സി. വൈ. എം സംസ്ഥാന കലോത്സവം കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിൽ വച്ച് ഡിസംബർ 6, 7, 8 തീയതികളിൽ നടന്നു. തുടർച്ചയായ മൂന്നാം വർഷവും മാനന്തവാടി രൂപത 160 പോയിന്റോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്തവർക്കും മത്സരങ്ങൾക്ക് നേതൃത്വം നൽകിയ ടീം മാനേജർമാരായ സി.മോളി ജോസഫ് SJL നും അനീഷ് ഓമക്കരയ്ക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ.

**സംസ്ഥാന കലോത്സവത്തിൽ വിജയികളായവർ**

| | | |
|---|---|---|
| **ഉപന്യാസം** | | |
| വിപിൻ മുതുകാട്ടിൽ | കേണിച്ചിറ | III B |
| സെബാസ്റ്റ്യൻ പുരയ്ക്കൽ | കല്ലുവയൽ | B |
| **കഥ** | | |
| മനു തടത്തിൽ | വിളമ്പുകണ്ടം | III B |
| ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | C |
| **കൊളാഷ്** | | |
| ജിൽസൺ ചാത്തൻപടത്തിൽ | കണിയാരം | II A |
| വിപിൻ മുതുകാട്ടിൽ | കേണിച്ചിറ | III A |
| **കാർട്ടൂൺ** | | |
| ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | B |
| അരുൺ കുറിയേടത്ത് | തവിഞ്ഞാൽ | B |
| **പോസ്റ്റർ** | | |
| വിപിൻ മുതുകാട്ടിൽ | കേണിച്ചിറ | A |
| അരുൺ കുറിയേടത്ത് | തവിഞ്ഞാൽ | A |
| **മുദ്രാവാക്യം** | | |
| അനീഷ് ഓമക്കര | കേണിച്ചിറ | I A |
| **നോട്ടീസ്** | | |
| അനീഷ് ഓമക്കര | കേണിച്ചിറ | I A |
| മനു തടത്തിൽ | വിളമ്പുകണ്ടം | II A |
| **പത്രവാർത്ത രചന** | | |
| അനീഷ് ഓമക്കര | കേണിച്ചിറ | I A |
| ബിജു പാറത്തോട്ടായിൽ | ചെറുകാട്ടൂർ | C |

| | | |
|---|---|---|
| **ലളിതഗാനം (പെൺ)** | | |
| ബിന്ദു മാങ്കൂട്ടത്തിൽ | നടവയൽ | A |
| അഞ്ജു കുന്നത്തുകുഴി | കമ്മന | B |
| **ലളിതഗാനം (ആൺ)** | | |
| അനീഷ് ഉപ്പുവീട്ടിൽ | കമ്മന | B |
| ബിനീഷ് പെരുങ്കുഴി | കമ്മന | C |
| **നാടോടിനൃത്തം (ആൺ)** | | |
| ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | II A |
| **നാടോടിനൃത്തം (പെൺ)** | | |
| ഗ്രിസിൽഡ മാനിയമറ്റം | കൽപ്പറ്റ | I A |
| ദിവ്യ തെക്കേൽ | തൃശ്ശിലേരി | A |
| **പ്രസംഗം** | | |
| അനീഷ് ഓമക്കര | കേണിച്ചിറ | II A |
| സെബാസ്റ്റ്യൻ പുരയ്ക്കൽ | കല്ലുവയൽ | C |
| **മോണോ ആക്ട്** | | |
| റിഞ്ജു മാതാളികുന്നേൽ | തവിഞ്ഞാൽ | A |
| ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | B |
| **മിമിക്രി** | | |
| അഡോൾഫിൻ മാനിയമറ്റം | കൽപ്പറ്റ | C |
| അനീഷ് കൈതാരത്ത് | ഒലിവുമല | C |
| **പ്രച്ഛന്നവേഷം** | | |
| വിനീഷ് വാത്താച്ചിറ | നടവയൽ | I A |
| **മാർഗ്ഗംകളി** | | |
| ബിന്ദു മാങ്കൂട്ടം &ടീം | നടവയൽ | I A |
| **കെ. സി. വൈ. എം. ആന്തം** | | |
| ബിനീഷ് പെരുങ്കുഴി & ടീം | കമ്മന | I A |
| **ഡിബേറ്റ്** | | |
| അനീഷ് ഓമക്കര | കേണിച്ചിറ | B |
| മനു തടത്തിൽ | വിളമ്പുകണ്ടം | |
| **മൈം** | | |
| അശ്വിൻ ആര്യപ്പള്ളി & ടീം | ആറാട്ടുതറ | II B |
| **ക്വിസ്** | | |
| സുനിൽ കുറ്റിയാനിക്കൽ | കുറുമ്പാല | |
| ലിബിൻ കാഞ്ഞിരക്കുഴി | കുറുമ്പാല | II B |
| മനു തടത്തിൽ | വിളമ്പുകണ്ടം | |

**സംഘഗാനം**

| | | |
|---|---|---|
| ബിനീഷ് പെരുമ്പള്ളി & ടീം | കമ്മന | III A |

**നാടകം**

| | | |
|---|---|---|
| അശ്വിൻ ആര്യപ്പള്ളി & ടീം | ആറാട്ടുതറ | B |

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്

ഡിസം. 11 വ്യാഴാഴ്ച യുവജന പ്രസ്ഥാനത്തെ വിവിധ മേഖലകളിൽ നയിക്കുന്ന ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗം ദ്വാരകയിൽ കൂടി. ഒരു വർഷത്തെ കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ വളർച്ചയും നന്മയും ചർച്ച ചെയ്തു. യൂണിറ്റുകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബഹു. ജോർജ് മൂലയിൽ അച്ചൻ ഊന്നി പറഞ്ഞു. ഇടവകയുടെ സജീവ സംഘടനയായി കെ.സി. വൈ.എം നെ വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഡയക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം അറിയിച്ചു. സി.മോളി ജോസഫ് SJL നന്ദി പറഞ്ഞു.

**വീക്ഷണ - 08**

K.C.Y.M ഘടകത്തിന്റെ മുൻകാല നേതാക്കളെ ആദരിക്കുക, അവരുടെ ആശയങ്ങൾ ചിന്തകൾ പരസ്പരം പങ്കുവെയ്ക്കുക, അവ സംഘടനയുടെ വളർച്ചയ്ക്ക് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'വീക്ഷണ 08' വിളിച്ചു ചേർത്തു. ഡിസം 13 ന് ബഹു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ചർച്ചകൾക്ക് നേതൃത്വം നൽകി. ഒരു senior foram രൂപീകരിക്കുക, പ്രവർത്തനങ്ങൾക്ക് ആനുകാലിക പ്രവർത്തനത്തിന് ഇവരെ ഉൾപ്പെടുത്തുക, സഭയുടെ ശക്തിയും കരുത്തുമായി യുവജനനേതാക്കളെ ഉയർത്തികൊണ്ടുവരിക, പുതിയവർഷം യുവജനങ്ങൾക്കായി രൂപതാതല അസംബ്ലി വിളിച്ചുചേർക്കുക എന്നീ ആശയങ്ങൾ ഉരുത്തിരിഞ്ഞു. പ്രസിഡണ്ട് ശ്രീ. ജോജിൻ ടി ജോയി നന്ദി പറഞ്ഞു.

## അംഗത്വമാസാചരണം, അംഗത്വ ലിസ്റ്റ്

പ്രസ്ഥാനത്തിലേക്ക് പുതുതായി വരുന്നവർക്ക് അംഗത്വം സ്വീകരിക്കുന്നതിനും പ്രസ്ഥാനത്തിലുള്ളവർക്ക് അംഗത്വം പുതുക്കുന്നതിനുമായി ജനുവരിമാസം അംഗത്വമാസമായി നാം ആചരിക്കുകയാണ്. പൂർണ്ണമായി പൂരിപ്പിച്ച അംഗത്വലിസ്റ്റ് യൂണിറ്റ് ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ഒപ്പിട്ടതിനുശേഷം മേഖലാ ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി ഫെബ്രുവരി

മാസത്തിൽ നടത്തുന്ന നേതൃസംഗമത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. പുതുതായി അംഗത്വം സ്വീകരിക്കുന്നവർക്ക് 10 രൂപയും അംഗത്വം പുതുക്കുന്നവർക്ക് 5 രൂപയും ഫീസായി നൽകേണ്ടതാണ്.

**നന്ദിയോടെ**

കർമ്മധീരതയോടെ, ഊർജ്ജസ്വലതയോടെ, ഈ വർഷം മാനന്തവാടി രൂപതായുവജനപ്രസ്ഥാനത്തെ നയിച്ച രൂപതാ പ്രസിഡണ്ട് ശ്രീ. ജോജിൻ ടി. ജോയിയും, ആനിമേറ്റർ സി. മോളി ജോസഫ് SJL -നും രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾക്ക്, രൂപതാ യുവജനപ്രസ്ഥാനത്തിന്റെ ഹൃദ്യമായ നന്ദി. എല്ലാറ്റിലും ഉപരിയായി ഈ പ്രസ്ഥാനത്തെ ചിന്തയിലും വാക്കിലും പ്രവർത്തിയിലും കൂടെ നിർത്തി, ശക്തമായ നേതൃത്വത്തിലൂടെ, ദർശനങ്ങളിലൂടെ, യുവമനസ്സുകളുടെ ആവേശമായി, കെ. സി. വൈ. എമ്മിനെ നയിക്കുന്ന രൂപതാ ഡയറക്ടർക്ക് മാനന്തവാടി കെ. സി. വൈ. എം. രൂപതാസമിതിയുടെ നന്ദിയും കൃതജ്ഞതയും ഏറെ സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹാദരവോടെ,

**ഷിബു പുതിയവീട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നവംബർ 28 മുതൽ ഡിസംബർ 1 വരെ നടന്ന കോഴ്സിൽ 104 ഉം ഡിസംബർ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 104 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും, വി.കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

മണിമൂളിയിൽ വെച്ച് ഡിസംബർ 19 മുതൽ 22 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 107 യുവതീയുവാക്കൾ സംബന്ധിച്ചു. കോഴ്സിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിലെ വൈദികർക്കും സഹപ്രവർത്തകർക്കും ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ മാനന്തവാടി രൂപത കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളായ ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ശ്രീ. ജോണി അമ്പാട്ട്, ശ്രീ. എസ്തപ്പാൻ തോപ്പിൽ, ശ്രീ. ബേബി ജോസ് ചക്കാലയ്ക്കൽ എന്നിവർക്കും ക്ലാസ്സുകൾക്ക് സഹായിച്ച സി. ലിൻസി SABS, ഫാ. ജോണി മലയിൽ, പെരിയ ബഹു. ജോസ് തേക്കനാടി അച്ചനും കുമ്പസാരത്തിനും കുർബാനയ്ക്കും ഒക്കെ സഹായിച്ച വൈദികർക്കും കോഴ്സിനുടനീളം സഹായിച്ച സി. നാൻസി FCC യ്ക്കും പ്രത്യേകം നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 29- ജനുവരി 1 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| ജനുവരി 10-14 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| ജനുവരി 30 ഫെബ്രുവരി 2 | - | ദ്വാരക പാസ്റ്ററൽ സെന്റർ |

**കത്തോലിക്കാ മാതൃസംഘടന**

കൽപ്പറ്റ മേഖലാ ജനറൽ ബോഡിയോഗം റിപ്പൺ ശാഖയിൽവച്ച് 15-11-08 ശനിയാഴ്ച രാവിലെ 11 മണിക്ക് ചേർന്നു.

ശാഖാഡയറക്ടർ ഫാ. വിൻസെന്റ് പുതുശ്ശേരി ഉത്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജോസഫ് വയലിൽ അമ്മമാർക്ക് ക്ലാസ് എടുത്തു. 45 ഓളം അമ്മമാർ പങ്കെടുത്തു. മേഖലാ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. മോളി പച്ചിക്കൽ നന്ദി പറഞ്ഞു.

അടുത്ത മീറ്റിംഗ് നെടുംമ്പാല ശാഖയിൽ വച്ച് മാർച്ച് മാസത്തിൽ ചേരുവാൻ തീരുമാനിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ യവനാർകുളം ശാഖയിൽ മാതൃസംഘടന നവംബർ 21-ാം തീയതി ബഹു. ജോജോ അച്ചന്റെ നേതൃത്വത്തിൽ യോഗം ചേർന്നു.

"വിളിയും ദൗത്യവും" എന്ന വിഷയത്തെ ആസ്പദമാക്കി കുടുംബജീവിതത്തെക്കുറിച്ച് ജോണി അമ്പാട്ട് സാർ ക്ലാസെടുത്തു. 64-ഓളം അമ്മമാർ പങ്കെടുത്തു. എല്ലാവർക്കും ലില്ലി മറ്റത്തിലാനിക്കൽ നന്ദിയർപ്പിച്ചു. തുടർന്ന് ജോജോ അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ബലിയർപ്പണത്തോടെ യോഗം അവസാനിച്ചു.

**ബത്തേരി മേഖല**

ബത്തേരി ഫൊറോനയുടെ കീഴിലുള്ള എല്ലാ മാതൃസംഘടനാംഗങ്ങളും വാകേരിയിൽ ഡിസംബർ 8-ാം തീയതി ഒത്തുകൂടി. കൊന്തറാലി നടത്തി. മേഖല ഡയറക്ടറും, വികാരി ജോർജ് തേരകത്തിലച്ചനും എല്ലാ കാര്യങ്ങളും ഭംഗിയായി നിയന്ത്രിച്ചു. ജോജോ അച്ചന്റെ സന്ദേശവും ഉണ്ടായിരുന്നു. ഇടവകാംഗങ്ങൾ എല്ലാവർക്കും പാച്ചോർ നേർച്ച നൽകി. 5 മണിയോടെ കുർബാനയും ഒപ്പീസും അവസാനിച്ചു.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"കർത്താവിന്റെ നിയമം സിയോനിൽ നിന്നും പുറപ്പെടും; അവിടുത്തെ വചനം ജറുസലേമിൽ നിന്നും അവിടുന്ന് ജനതകളുടെ മദ്ധ്യത്തിൽ വിധികർത്താവായിരിക്കും, ജനപദങ്ങളുടെ തർക്കങ്ങൾ അവസാനിപ്പിക്കും. അവരുടെ വാൾ കൊഴുവും അവരുടെ കുന്തം വാക്കത്തിയുമായി അടിച്ചു രൂപപ്പെടുത്തും...യാക്കോബിന്റെ ഭവനമെ, വരുക നമുക്കു കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം." (ഏശയ്യ2:36–4,5). "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി"(വെളി 21 : 1)

എല്ലാവർക്കും പുതുവർഷത്തിന്റെ അനുഗ്രഹാശിസുകൾ സിയോനിൽ നിന്നും സ്നേഹപൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ്**

2008 ഡിസംബർ 3 പതിവിൽ നിന്നും വ്യത്യസ്തമായി ആദ്യ ബുധനാഴ്ച സോണൽ മീറ്റിംഗിനായി 104 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒന്നിച്ചു ചേർന്നു. 4,5,6 തീയതികളിലായി സിയോൻ സി.ആർ.സിയിൽ വച്ചു നടക്കുന്ന രൂപതാ ബൈബിൾ കൺവെൻഷന് ഒരുക്കമായിട്ടാണ് സോണൽ മീറ്റിംഗ് നേരത്തെ ചേർന്നത്. 9.30 മുതൽ 12 മണി വരെ കൺവെൻഷന്റെ വിജയത്തിനായി ജപമാലയും ആരാധനയും നടത്തി പ്രാർത്ഥിച്ചു. 12 മണിക്ക് ബഹു. ബാബു പാറയിലച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. നമ്മുടെ ശരീരത്തെയും മനസിനെയും ദൈവത്തിനു ഹിതകരമായ വിധത്തിൽ നിയന്ത്രിക്കുക നോമ്പിന്റെ ലക്ഷ്യമാണ്. നോമ്പുകാലത്ത് കുറെ കാര്യങ്ങൾ നാം വേണ്ടെന്നു വയ്ക്കണം. നമ്മുടെ ത്യാഗത്തിന്റെ ഫലമായി വിശക്കുന്നവന്റെ മുമ്പിൽ നാം അപ്പമായി മാറണം. "പേത്തൂർത്ത" എന്ന

വാക്കിന്റെ അർത്ഥം തിരിഞ്ഞുനോക്കൽ എന്നാണ് ബഹു. അച്ചൻ അനുസ്മരിപ്പിച്ചു.

**ജാഗരണ പ്രാർത്ഥന**

5-12-08 ആദ്യവെള്ളി 6-11 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി. കൺവെൻഷൻ ദിവസങ്ങൾ ആയതിനാൽ പുറമെ നിന്ന് ജാഗരണ പ്രാർത്ഥനയ്ക്ക് എത്തിയവർ ചുരുക്കമായിരുന്നു. വലിയ അഭിഷേകവും സൗഖ്യാനുഭവങ്ങളും ഈ പ്രാർത്ഥനാവേളയിൽ കർത്താവ് കനിഞ്ഞു നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ 6-12-08**

ആദ്യശനി കൺവെൻഷന്റെ മൂന്നാം ദിനം ശുശ്രൂഷകർ വർദ്ധിച്ച തീക്ഷ്ണതയോടെ പരി.അമ്മയുടെ സന്നിധിയിൽ എത്തി. ഈ ദിവസത്തിന്റെ എല്ലാ ശുശ്രൂഷകളെയും ശുശ്രൂഷകരെയും കടന്നു വരുന്ന എല്ലാ മക്കളെയും പരി. അമ്മയുടെ മദ്ധ്യസ്ഥത്തിനായി സമർപ്പിച്ച് പ്രത്യേക നിയോഗങ്ങളോടെ ഓരോ രഹസ്യവും ധ്യാനിച്ച് സിയോനു ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചനും ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചനും കൂടി വി. ജലം തളിച്ച് സിയോനെയും പരിസരങ്ങളെയും വിശുദ്ധീകരിച്ചു. വചന സന്ദേശം നൽകി, പ്രാർത്ഥിച്ച് ശുശ്രൂഷകരെ അഭിഷേകം ചെയ്തു ശുശ്രൂഷയ്ക്ക് സജ്ജരാക്കി. 9 മണിക്ക് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. ജപമാലയ്ക്കുശേഷം സിയോന്റെ മ്യൂസിക് ടീം ഗാനശുശ്രൂഷകൾ നടത്തി. 10 a.m ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വി. ബലി അർപ്പിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. വചനം എന്നത് ഗ്രീക്കു ഭാഷയിൽ ദൈവത്തിന്റെ മനസ് എന്നാണ്. ദൈവത്തിന്റെ മനസ്സായ ക്രിസ്തുവിനെ സ്വീകരിച്ച് ദൈവത്തിന്റെ മനസ് നമ്മുടെ മനസായി തീരണം. ഇങ്ങനെ ജീവിക്കുന്ന ഓരോ വ്യക്തിയും വെളിച്ചമായി തീരുന്നു. ദൈവത്തിന്റെ മനസ് നമ്മിലുണ്ടെങ്കിൽ അത് ശുശ്രൂഷയിലേക്കു നയിക്കും. പരി. അമ്മ ദൈവത്തിന്റെ മനസ്, ജീവൻ, വെളിച്ചം ഉൾക്കൊണ്ടവളായിരുന്നു. 11.30 ന് വചനപ്രഘോഷണം നടത്തിയത് ബഥാനിയാ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ജയിംസ് കിളിയനാനിക്കൽ അച്ചനാണ്. 1 ന് ലഘുഭക്ഷണം, ഗാനശുശ്രൂഷ ഇവയ്ക്കുശേഷം ബഹു. ജയിംസച്ചന്റെ വചന പ്രഘോഷണം തുടർന്നു. വചനവും സാക്ഷ്യജീവിതവും എന്നതായിരുന്നു വിഷയം. 3 pm ന് സിയോന്റെ മുൻ ഡയറക്ടർ

ബഹു. ജോൺ പുതുക്കുളം അച്ചൻ സൗഖ്യാരാധന നയിച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണം ബഹു. പാറയിൽ അച്ചനും സമാപനാശീർവ്വാദം വികാരി ജനറാൾ ബഹു. ജോർജ് മൂലയിൽ അച്ചനും നടത്തി. 4 pm ന് കൺവെൻഷൻ സമാപിച്ചു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും ബഹു. വൈദികരും സമർപ്പിതരും അൽമായരും കൺവെൻഷനിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ച് സന്തോഷത്തോടെ സ്വഭവനങ്ങളിലേക്ക് മടങ്ങി.

**രണ്ടാം ശനി കൗൺസിലിംഗ് ദിനം 13-12-08**

കൗൺസിലേഴ്സ് 12-12 ന് രാത്രി പ്രാർത്ഥിച്ച് ഇന്നത്തെ ശുശ്രൂഷകൾക്കായി ഒരുങ്ങി. 80 പേർ കടന്നു വന്ന് കൗൺസിലിംഗ് നടത്തി സന്തോഷവും സമാധാനവും നിറഞ്ഞവരായി. കൗൺസിലേഴ്സിന് പ്രത്യേകം നന്ദി.

**ദമ്പതീ കൂട്ടായ്മ രണ്ടാം ശനി**

ദമ്പതീ കൂട്ടായ്മയ്ക്കായി 46 പേർ വന്നു ചേർന്നു. പ്രാർത്ഥിച്ച് ഒരുങ്ങി അടുത്ത രണ്ടു വർഷത്തേക്ക് ഈ കൂട്ടായ്മയെ നയിക്കുവാനുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി.

**യുവജന കൂട്ടായ്മ രണ്ടാംശനി**

42 യുവജനങ്ങൾ പങ്കെടുത്തു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ചു. യൂത്ത് ടീം തലേദിവസം വന്ന് ജാഗരണ പ്രാർത്ഥന നടത്തി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഉണ്ടായിരുന്നു.

**മൂന്നാം വെള്ളി സൗഖ്യദിനം 19-12-08**

"യുഗാന്ത്യം വരെ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും". ദിവ്യനാഥന്റെ തിരുവചനങ്ങൾ ഹൃദയത്തിൽ ഉൾകൊണ്ട് മുറിവുണക്കുന്ന, സൗഖ്യപ്പെടുത്തുന്ന, കണ്ണീരൊപ്പുന്ന ഈശോയുടെ സന്നിധിയിലേയ്ക്കു ദാഹാർത്തരായി അനേകർ കടന്നു വന്നു. ശരീരത്തിനും മനസിനും ആത്മാവിനും സൗഖ്യം നൽകുന്ന ശുശ്രൂഷകൾ - കുമ്പസാരം, വചന ശുശ്രൂഷ, കൗൺസിലിംഗ്, വി. ബലി, സൗഖ്യാരാധന - വഴി സൗഖ്യവും ആത്മീയ നിർവൃതിയും നേടി സന്തോഷത്തോടെ മക്കൾ ഭവനങ്ങളിലേയ്ക്കു മടങ്ങി.

**ധ്യാനങ്ങൾ**

ഡിസംബർ 7-12 പയ്യംമ്പള്ളി ഇടവകയിൽ

ഡിസംബർ 19-23 സിയോൻ സി.ആർ.സി യിലും ബഹു. പാറയിൽ അച്ചനും ടീം അംഗങ്ങളും ധ്യാനം നയിച്ചു.

ഡിസംബർ 15- 20 തീയതികളിൽ പടമല ഇടവകയിൽ ഇവാഞ്ചലൈസേഷൻ പ്രോഗ്രാമും ധ്യാനവും ശ്രീ. ജോസ് തേനമാക്കലും ടീമും നയിച്ചു.

**സിയോൻ ജനുവരി മാസത്തിൽ**

ജനുവരി 2 - സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന

ജനുവരി 3 - ആദ്യശനി കൺവെൻഷൻ

- ക്രിസ്റ്റീൻ കൺവെൻഷൻ

ജനുവരി 10 - കൗൺസിലിംഗ് ദിനം, ദമ്പതീ കൂട്ടായ്മ, യുവജനദിനം

ജനുവരി 16 - സൗഖ്യദിനം

ജനുവരി 30 - ജാഗരണ പ്രാർത്ഥന (സുവിശേഷ മുന്നണി)

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,

ഉണ്ണിയേശുവിന്റെ അനുഗ്രഹങ്ങൾ നവവത്സരത്തിൽ എല്ലാവർക്കും സമൃദ്ധമായുണ്ടാകട്ടെ എന്നാശംസിക്കുന്നു. സംഘടനയെ ആത്മീയമായി നയിക്കുന്ന ബഹുമാനപ്പെട്ട ഇടവക വികാരിമാർക്കും എ.സി. ആത്മീയോപദേഷ്ടാക്കൾക്കും പ്രത്യേകമായി നവവത്സരമംഗളങ്ങൾ!

**കൊട്ടിയൂർ എ.സി.**

കൊട്ടിയൂർ എ.സി. യുടെ പുതിയ ആത്മീയോപദേഷ്ടാവായി ബഹു. ജോസ് കുളിരാനിയച്ചനെ നിയമിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഇനിയും ആത്മീയോപദേഷ്ടാക്കളെ തീരുമാനിക്കാത്ത എ.സി.കളിൽ ജനുവരി 2009-ൽ നിയമനം നടത്തുവാനുള്ള ക്രമീകരണങ്ങൾ അഭിവന്ദ്യപിതാവ് ചെയ്യുന്നതായിരിക്കും.

**റിക്കാർഡു പരിശോധന**

സി.സി. ഭാരവാഹികൾ നടത്തിക്കൊണ്ടിരിക്കുന്ന റിക്കോർഡ്, കണക്കു പരിശോധനകൾ ഏതാണ്ട് എല്ലാ എ.സി.കളിലും പൂർത്തിയായി വരുന്നു. പരിശോധനയ്ക്കു വിധേയമാകാത്ത കോൺഫ്രൻസുകൾ സി.സി. ഓഫീസുമായി ബന്ധപ്പെട്ട്, തീയതി നിശ്ചയിച്ച്, ഓഫീസിൽ കൊണ്ടുവന്നു പരിശോധിക്കേണ്ടതാണ്.

**ഓസ്സാനാംഭവൻ**

ഡിസംബർ മാസം 22-ാം തീയതി ഓസ്സാനാം ഭവനിൽ വച്ചു സി. സി. മീറ്റിംഗുചേരുകയും ഓസ്സാനാംഭവൻ അന്തേവാസികളൊരുമിച്ച് ക്രിസ്മസ് ആഘോഷം നടത്തുകയും ചെയ്തു. 11 മണിക്ക് ബഹു. ഗർവ്വാസീസ് മറ്റത്തിലച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് അന്തേവാസികൾക്കു പുതുവസ്ത്ര വിതരണവും ക്രിസ്മസ് ആശംസകളും നേർന്നു. ഉച്ചയ്ക്ക് സ്നേഹവിരുന്നിൽ സി.സി. അംഗങ്ങൾ, സമീ

പത്തെ കോൺഫ്രൻസ് അംഗങ്ങൾ ബഹു. വൈദികർ സിസ്റ്റേഴ്സ് എന്നിവരെല്ലാം പങ്കെടുത്തു.

**സന്ദർശനം**

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ താഴെപ്പറയും പ്രകാരം എ. സികൾ സന്ദർശനം നടത്തേണ്ടതാണ്.

ചുണ്ടക്കര എ.സി - ജനുവരി 1-18, കല്ലോടി എ.സി. - ജനുവരി 19-31, കൽപ്പറ്റ എ.സി. - ഫെബ്രുവരി 1-12, കൊട്ടിയൂർ എ.സി. - ഫെബ്രുവരി 13-28

**പുതിയകോൺഫ്രൻസുകൾ**

കല്ലോടി എ. സി. യുടെ കീഴിൽ മക്കിയാട് ഇടവകയിൽ 19-10-2008 ന് വി. അൽഫോൻസായുടെ നാമത്തിൽ വനിതാ കോൺഫ്രൻസ് സ്ഥാപിച്ചു. പ്രസിഡണ്ടായി ലീലാമ്മ ജോസഫ് മുള്ളൻകുഴിയിൽ തെരഞ്ഞെടുക്കപ്പെട്ടു. കോൺഫ്രൻസ് സ്ഥാപനത്തിനു മുൻകൈയെടുത്ത ബഹു. വൈദികർ, എ.സി., സി.സി. പ്രസിഡണ്ടുമാർ എന്നിവർക്കു പ്രത്യേകം നന്ദി.

മണിമൂളി എ.സി. യിൽ ഞാറപ്പാടം ഇടവകയിൽ വി. യൗസേപ്പിന്റെ നാമത്തിൽ 7-12-08 ന് സെന്റ് ജോസഫ് (പുരുഷ) കോൺഫ്രൻസ് സ്ഥാപിതമായി. ആത്മീയോപദേഷ്ടാവ് ബഹു. സജി കൊച്ചുപാറയ്ക്കൽ അച്ചനും എ.സി. ഭാരവാഹികൾക്കും പ്രത്യേകം അനുമോദനം.

ബത്തേരി എ.സി. യുടെ കീഴിൽ ചുള്ളിയോട് ഇടവകയിൽ വി. ഫ്രാൻസീസ് അസ്സീസിയുടെ നാമത്തിൽ 14-12-08 ന് പുതിയ കോൺഫ്രൻസ് ആരംഭിച്ചു. ബഹു. വികാരിയച്ചനും, എ.സി.യുടെയും സി.സി. യുടേയും പ്രസിഡണ്ടുമാരും സന്നിഹിതരായിരുന്നു. ഭാരവാഹികളെ അടുത്ത യോഗത്തിൽ നിശ്ചയിക്കുന്നതാണ്.

**ട്വിന്നിംഗ്**

മാനന്തവാടി എ.സി. യിൽ ലിറ്റിൽ ഫ്ളവർ, മുതിരേരി കോൺഫ്രൻസിന് ആസ്ത്രേലിയൻ കോൺഫ്രൻസുമായി ട്വിന്നിംഗ് നടന്നു.

**സ്കോളർഷിപ്പ്**

2008 ൽ പുതുക്കേണ്ടിയിരുന്ന TTS, AQC/HES ഇനങ്ങളിൽ താഴെ പറയുന്ന പഠിതാക്കൾക്കു രണ്ടാംഗഡു/മൂന്നാംഗഡു പാസ്സായിരിക്കുന്നു. 22-12-08 നു നടവയലിൽ ചേർന്ന സി.സി. മീറ്റിംഗിൽ വച്ച് എ.സി. പ്രസി

ഡണ്ടുമാർവശം ഗ്രാന്റു വിതരണം നടത്തി. വിദ്യാജ്യോതി ഗ്രാന്റും നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട കോൺഫ്രൻസ് പ്രസിഡണ്ടുമാർ തുക സ്വീകരിച്ച് ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് (രക്ഷിതാക്കൾക്ക്) നൽകേണ്ടതാണ്.

## TTS

1. റിയാജോൺ, ചുങ്കക്കുന്ന്, 2. നിമിഷ സി. ടി., കേണിച്ചിറ 3. അൽഫോൻസ തോമസ്, മണിമൂളി 4. സൗമ്യ പി.ഡി, മുള്ളൻകൊല്ലി 5. ജോർജ് മാത്യു ശശിമല 6. ഷൈജൽ പി.എം. വാഴവറ്റ 7. മേരി എൻ. എഫ് തവിഞ്ഞാൽ 8. സുബിൻ ജോസഫ് (AQC-400 രൂപ) പാതിരിപ്പാടം 9. ഷാമിലി ഇ. എം., അടയ്ക്കാത്തോട് 10. ഗ്ലാൻസി മാത്യു കൽപ്പറ്റ, 11. അഞ്ചു മാത്യു കാരയ്ക്കാമല 12. ജസ്റ്റീന ജോൺ, മുതിരേരി 13. ജയ്സൺ ജോസ്, നരിവാലമുണ്ട 14. അജേഷ് പി.എ പയ്യമ്പള്ളി 15. സിനു ആന്റണി പുതുശ്ശേരിക്കടവ് 16. മിനി കെ. പൗലോസ് തെനേരി 17. ജുബീന പി.ജെ, തോമാട്ടുചാൽ 18. മിനിമോൾ ജോയി മരക്കടവ് 19. സോബി തോമസ് മരക്കടവ് 20. ഷൈജിത്ത് തരിയോട്.

ഇതിൽ 8-ാം നമ്പറൊഴികെയുള്ളവർക്ക് 2700 രൂപ നാഷനൽ കൗൺസിലിൽ നിന്നു ലഭിക്കുന്നു. 300 രൂപ കോൺഫ്രൻസും നൽകണം. 8-ാം നമ്പറിന് 4000 രൂപ നാഷനൽ കൗൺസിലും 1000 രൂപ കോൺഫ്രൻസും. ഉപകാരികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർപ്പിക്കുന്നു.

ഇനിയും ഗഡുക്കൾ ലഭ്യമാകാനുള്ളവർ 2009 ഏപ്രിൽ മാസത്തിൽ പുതുക്കൽ അപേക്ഷ നൽകേണ്ടതാണ്.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് സംസ്ഥാന അംഗീകാരം**

കെ.സി.ബി.സി മദ്യവിരുദ്ധസമിതി ദശവാർഷികത്തോടനുബന്ധിച്ച് കെ. സി.ബി.സി മദ്യവിരുദ്ധസമിതി മാനന്തവാടി രൂപതാപ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് സംസ്ഥാന അംഗീകാരം. കേരളത്തിലെ മികച്ച പത്ത് ലഹരി വിരുദ്ധ പ്രവർത്തകരിൽ ഒരാളായാണ് ജോൺസൺ തെരഞ്ഞെടുക്കപ്പെട്ടത്. മലബാർ മേഖലയിലെ 6 രൂപതകളിൽ നിന്ന് ഈ അവാർഡിന് അർഹമായ ഏകപ്രവർത്തകനാണ് അദ്ദേഹം. കഴിഞ്ഞ 10 വർഷകാലയളവിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലെ മികവ് പരിഗണിച്ചാണ് ഈ അംഗീകാരം.

കെ.സി.വൈ.എം രൂപതാ പ്രസിഡണ്ട്, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നപ്പോഴും അദ്ദേഹം ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ മുൻനിരയിൽ ഉണ്ടായിരുന്നു. വയനാട് മദ്യവിമുക്തമാക്കുക എന്ന മുദ്രാവാക്യവുമായി നടത്തിയ വയനാട് ജില്ല സൈക്കിൾ റാലി, പദയാത്ര എന്നിവ ജനശ്രദ്ധ നേടിയിരുന്നു. വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ എന്നിവർക്കായി രൂപതയിലും ഇതര രൂപതകളിലുമായി ധാരാളം ബോധവത്ക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നു. സമിതിയുടെ ആ വർഷത്തെ പൊതുജന ബോധവത്ക്കരണപരിപാടിയായ മോചന 2008- ന് നേതൃത്വം നൽകുന്നു.

അവാർഡിന് അർഹനായ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു. കൂടുതൽ ഗുണകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു

**ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ**
രൂപതാ ഡയറക്ടർ

**ദശവാർഷിക സമ്മേളനം**

കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ ദശവാർഷിക സമ്മേളനം ഡിസംബർ 5, 6 തീയതികളിൽ തൃശൂരിൽ വച്ച് നടന്നു. 5-ാം തീയതി വെള്ളിയാഴ്ച എറണാകുളം പി.ഒ.സി യിൽ നിന്ന് വിളംബര ജാഥ ആരംഭിച്ചു. തൃശൂരിൽ സമാപിച്ചു.

6 ന് രാവിലെ 9.45 ന് സംസ്ഥാന സെക്രട്ടറി റവ. ഫാ. പോൾ കാരാച്ചിറ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ ജയിംസ് പഴയാറ്റിൽ ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ തെക്കേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. റാഫേൽ വടക്കേൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന രൂപതാ നേതാക്കൾ പ്രസംഗിച്ചു. തൃശൂർ ജൂബിലി മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആലപ്പാട്ട് ക്ലാസ്സ് നയിച്ചു.

3 മണിക്ക് നടന്ന റാലി വരാപ്പുഴ സഹായമെത്രാൻ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി വൈസ് ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് മുഖ്യപ്രഭാഷണം നടത്തി. മാർ ആൻഡ്രൂസ് താഴത്ത് മികച്ച രൂപതകൾക്കും പ്രവർത്തകർക്കുമുള്ള അവാർഡ് വിതരണം ചെയ്തു.

**ലഹരി വിരുദ്ധ ക്രിസ്തുമസ്**

ലഹരിവിരുദ്ധ ക്രിസ്തുമസ് എന്ന സന്ദേശം പ്രചരിപ്പിച്ചു. അഭിവന്ദ്യ ജോസ് പിതാവിന്റെ സർക്കുലർ ഇടവകകളിൽ വായിച്ചു.

**ജനുവരി 18 ലഹരി വിരുദ്ധ ഞായർ**

കെ.സി.ബി.സി മദ്യവിരുദ്ധസമിതി ജനുവരി 25 ന് സംസ്ഥാനത്ത് ലഹരിവിരുദ്ധ ദിനമായി ആചരിക്കുന്നു. നമ്മുടെ രൂപതയിൽ ജനുവരി 18 നാണ് ആചരിക്കുന്നത്.

**ലഹരി വിരുദ്ധ വാരാചരണം ജനുവരി 25 - ഫെബ്രുവരി 1**

മാനന്തവാടി രൂപതാ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ജനുവരി 25 മുതൽ ഫെബ്രുവരി 1 വരെ ലഹരിവിരുദ്ധ

വാരമായി ആചരിക്കുകയാണ്. ലഹരിയുടെ തിന്മകളെക്കുറിച്ച് ചിന്തിക്കുന്ന കർമ്മപരിപാടികൾ ഇടവകകളിൽ ആസൂത്രണം ചെയ്യുന്നത് നന്നായിരിക്കും. C.M.L, മതബോധനരംഗം, K.C.Y.M, മാതൃസംഘം തുടങ്ങിയ സംഘടനകളുടെ സഹായം അഭ്യർത്ഥിക്കുകയാണ്.

**മോചന 2008 ചുള്ളിയാന**

ചുള്ളിയാന ഇടവകയിൽ മോചന 2008 സംഘടിപ്പിച്ചു. SWS ന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ഫാ. സണ്ണി പുതനപ്ര ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി വി. ഡി. രാജു എന്നിവർ നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**വിഷൻ 2009**

കൊട്ടിയൂർ മേഖലയിൽ പ്രവർത്തിക്കുന്ന സോഷ്യൽ വെൽഫ യർ സൊസൈറ്റി ഭാരവാഹികളെ സംഘടിപ്പിച്ചുകൊണ്ട്, ഡിസംബർ 3-ാം തീയതി ചുങ്കക്കുന്ന് ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ വച്ച് വിഷൻ 2009 എന്ന പേരിൽ സിമ്പോസിയം നടത്തി. കൊട്ടിയൂർ മേഖലാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് പറമ്പിൽ സിമ്പോസിയം ഉദ്ഘാ ടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ജോസഫ് വിഷ യാവതരണം നടത്തി. റവ. ഫാ. തോമസ് ചേറ്റാനി ചർച്ച മോഡറേറ്റു ചെയ്തു. SWS ഡയറക്ടർമാരായ റവ. ഫാ. ജോസ് കുളിരാനി, റവ. ഫാ. വിൻസെന്റ് താമരശ്ശേരി, റവ. ഫാ. ജയ്സൺ കുഴികണ്ടത്തിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. 58 ഭരണസമിതി അംഗ ങ്ങൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. SWS പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിന് പ്രസ്തുത സിമ്പോസിയം സഹായിച്ചു.

**SWS സെക്രട്ടറിമാരുടെ യോഗം**

2008 ഡിസംബർ 10-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയ ത്തിൽ വച്ച് SWS സെക്രട്ടറിമാരുടെ സമ്മേളനം റവ. ഫാ. ജോൺ ചൂര പ്പുഴയിൽ ഉദ്ഘാടനം ചെയ്തു. തൃശൂർ കിൻഫ്രയിൽ നിന്നുള്ള ഡോ. ജോയി വർഗീസ്, ഡോ. പ്രദീപ് എന്നിവർ ക്ലാസ് നൽകി. പച്ചമരുന്നു കളുടെ പ്രാധാന്യത്തെക്കുറിച്ചും വരുമാന വർദ്ധന പദ്ധതിയായി പച്ചമ രുന്നുകൃഷി എങ്ങനെ ചെയ്യാമെന്നതിനെപ്പറ്റിയും പ്രതിപാദിച്ചു. വിപ ണിക്കനുസൃതമായ മരുന്നുകൾ ഉല്പാദിപ്പിക്കുകവഴി കൃഷിക്കാർക്കും കമ്പനികൾക്കും പരസ്പരം വിജയം നേടുന്നതിനുള്ള സാധ്യത വള രെയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. സി. ഇന്നസെന്റ്, ബോട്ടാണിസ്റ്റ്

ബിജു. കെ. ജെ എന്നിവർ പ്രസ്തുത പ്രോഗ്രാമിന് നേതൃത്വം നൽകി. കെ. ഒ. ജോയി സ്വാഗതവും ഷാജി. കെ. ജോസ് നന്ദിയും രേഖപ്പെടുത്തി.

**കേക്ക് നിർമ്മാണത്തിൽ പരിശീലനം**

2008 ഡിസംബർ 11-ാം തീയതി ബോയ്സ് ടൗണിലുള്ള WSSS ട്രയിനിംഗ് സെന്ററിൽ വച്ച് കേക്ക് നിർമ്മാണത്തിൽ പരിശീലനം നൽകി. 63 അംഗങ്ങൾ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനത്തിന്റെ ഉദ്ഘാടനം WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ നിർവ്വഹിച്ചു. ശ്രീമതി റോസ. ജെ. പി, ഷൈല പടിഞ്ഞാറത്തറ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ഗ്രാമവികസന ശില്പശാല**

നബാർഡ് നീർത്തട വികസന പദ്ധതിയുടെ ഭാഗമായി 2008 ഡിസംബർ 15 -ാം തീയതി, പൊർളോം സാംസ്കാരിക നിലയത്തിൽ വച്ച് ഡയറക്ടറേറ്റ് ഓഫ് ഫീൽഡ് പബ്ലിസിറ്റി, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, പൊർളോം നീർത്തട കമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നീർത്തട വികസന പദ്ധതി, മറ്റ് ഗ്രാമവികസന പദ്ധതികളെക്കുറിച്ച് ഒരു ഏകദിന ശില്പശാല നടത്തി. ശില്പശാല തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. പി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ശ്രീ. പി. അപ്പുമാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ശ്രീ. സി. കെ. പ്രദീപ്കുമാർ പ്രബന്ധമവതരിപ്പിച്ചു. കല്പറ്റ ഫീൽഡ് പബ്ലിസിറ്റി ഓഫീസർ ശ്രീ. ഐസക് ഈപ്പച്ചൻ മോഡറേറ്റർ ആയിരുന്നു. നീർത്തട വികസന പദ്ധതിയെക്കുറിച്ച് ശ്രീ. പി. എ. ജോസ് പ്രബന്ധമവതരിപ്പിച്ചു. കണ്ണൂർ ഫീൽഡ് പബ്ലിസിറ്റി ഓഫീസർ ശ്രീ. എൻ. സി. ജയചന്ദ്രൻ മോഡറേറ്റർ ആയിരുന്നു. കോർഡിനേറ്റർ ബൈജു ഐസക് ശില്പശാലയ്ക്ക് നേതൃത്വം നൽകി.

**കമ്മന ജൈവ ഹരിതഗ്രാമം**

വയനാട്ടിലെ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുമ്പോൾ കാർഷിക മേഖലയ്ക്ക് പുത്തൻ പ്രതീക്ഷ നൽകികൊണ്ട് ഒരു ഗ്രാമം ജൈവ ഹരിതഗ്രാമമായി മാറിക്കൊണ്ടിരിക്കുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യ

ത്തിൽ 2000 ൽ ആരംഭിച്ച ജൈവകൃഷി വ്യാപനപരിപാടിയിലൂടെ ജൈവ കൃഷി സാക്ഷ്യപത്രം നേടിയെടുത്ത 65 കർഷക കുടുംബങ്ങളാണ് തങ്ങളുടെ ഗ്രാമത്തെ ജൈവ ഹരിത ഗ്രാമമാക്കി മാറ്റുന്നത്. ഇവരിൽ നല്ല പങ്കും കുറിച്ച്യ സമുദായത്തിൽപ്പെട്ട ആദിവാസികളാണ് എന്നതും ശ്രദ്ധേയമാണ്.

ജൈവകൃഷിയുടെ മണ്ണിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും രോഗപ്രതിരോധശേഷി നേടിയെടുക്കുവാനും, വിള വൈവിധ്യം ഉറപ്പുവരുത്തുവാനും, ആരോഗ്യകരമായ ഭക്ഷ്യ ഉല്പാദനം സാധ്യമാകുവാനും, ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുവാനും, കർഷകരുടെ കൂലി വർദ്ധിക്കുവാനും, അന്യമായികൊണ്ടിരിക്കുന്ന നാട്ടറിവുകൾ സംരക്ഷിക്കുവാനും സാധിക്കുന്നുവെന്ന് ജൈവകർഷകർ സാക്ഷ്യപ്പെടുത്തുന്നു. വയനാട്ടിലെ ഭൂരിഭാഗം കൃഷിയിടങ്ങളും നാശത്തിന്റെ ലക്ഷണങ്ങൾ കാണിക്കുമ്പോൾ കമ്മന പ്രദേശം കൂടുതൽ ഹരിതാപമായി മാറികൊണ്ടിരിക്കുകയാണ്. ഇതിന് രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള ധാരാളം വ്യക്തികളും പ്രസ്ഥാനങ്ങളും ജൈവകൃഷിയെക്കുറിച്ച് മനസിലാക്കുന്നതിന് കമ്മനയിൽ സന്ദർശനം നടത്തുകയുണ്ടായി.

ഈ വർഷം മുതൽ വരുന്ന 3 വർഷക്കാലം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, ഇൻഡോ ഗ്ലോബൽ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി ജൈവഹരിത പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ, വിവിധ കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ജൈവകീടനാശിനികളുടെ നിർമ്മാണം, ജൈവപച്ചക്കറി കൃഷി, ജൈവഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ്, വിപണനം, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങി വിവിധ വികസന പരിപാടികൾ നടപ്പിലാക്കും. ആദ്യ പ്രവർത്തനമെന്ന നിലയിൽ പദ്ധതിയിലെ മുഴുവൻ കുടുംബങ്ങളിൽ ഈ സീസണിൽ ജൈവപച്ചക്കറി കൃഷി ചെയ്യുവാൻ തീരുമാനിച്ചു. ഇതിലേക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്യുന്നതിനും, ജൈവ പച്ചക്കറി കൃഷിയെക്കുറിച്ച് ക്ലാസ് നൽകുന്നതിനുമായും ശിൽപ്പശാല സംഘടിപ്പിച്ചു. ശില്പശാല WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അദ്ധ്യക്ഷതയിൽ എടവക കൃഷി ഓഫീസർ കെ. മമ്മുട്ടി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കോ- ഓഡിനേറ്റർ ജോസ് എള്ളുംമന്ദം, ജോൺസൺ. പി. വി, കെ. ബാലചന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

**INDIA ORGANIC 2008 എക്സിബിഷൻ**

ജൈവകൃഷി പ്രോത്സാഹന നടപടികളുടെ ഭാഗമായി ICCOA എന്ന സംഘടനയുടെ 2004 മുതൽ നടത്തി വരുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ജൈവഉല്പന്നങ്ങളുടെ എക്സിബിഷൻ എന്നറിയപ്പെടുന്ന "INDIA ORGANIC 2008" നവംബർ 27 മുതൽ 30 വരെ ന്യൂഡൽഹിയിൽ വച്ച് നടത്തി. ഇതിൽ WSSS നെ പ്രതിനിധീകരിച്ച് മാർക്കറ്റിംഗ് മാനേജർ ശ്രീ. മാർട്ടിൻ കെ. എൻ പങ്കെടുത്തു. കഴിഞ്ഞവർഷങ്ങളെ അപേക്ഷിച്ച് ജൈവഉൽപന്നങ്ങളുടെ സാധ്യത കൂടിയതായി മനസിലാക്കാൻ സാധിച്ചു.

**കേരളാലേബർ മൂവ്മെന്റ്**
**ദ്വിദിന നേതൃത്വ പരിശീലനപരിപാടി**

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ലേബർ കമ്മീഷന്റെ കീഴിൽ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഔദ്യോഗിക തൊഴിലാളി പ്രസ്ഥാനമായ കേരളാലേബർ മൂവ്മെന്റ് സംസ്ഥാന സമിതി മാനന്തവാടി രൂപതയിലെ തൊഴിലാളികൾക്കുവേണ്ടി WSSS ൽ ആരംഭിച്ച ദ്വിദിന നേതൃത്വ പരിശീലനപരിപാടി സോണൽ ഡയറക്ടർ റവ. ഫാ. ജോസ് മാത്യു ഉൽഘാടനം ചെയ്തു. WSSS ജോ. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ശ്രീ. ഷാജു ആന്റണി, സംസ്ഥാന കോ-ഓർഡിനേറ്റർ ആന്റണി. സി. പുത്തൻപുരയിൽ, WSSS ജനറൽ കോ-ഓർഡിനേറ്റർ ശ്രീ. കെ.ഒ. ജോയി എന്നിവർ സംസാരിച്ചു. മാനന്തവാടി രൂപതാ കോ-ഓർഡിനേറ്റർ ശ്രീ. ജോസ്. പി. എം സ്വാഗതവും ശ്രീ. ജോൺസൺ നന്ദിയും പറഞ്ഞു. ക്ലാസുകൾക്ക് സംസ്ഥാന വൈസ്പ്രസിഡണ്ട് ശ്രീ. ജോയ് ഗോതുരുത്ത്, ശൂരനാട് ഗ്രിഗറി, സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ആദിവാസി വികസന പദ്ധതി**
**ഔഷധ നിർമ്മാണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി പുതുശ്ശേരിക്കുന്ന്, മേച്ചേരിക്കുന്ന്, പിലാച്ചാൽ, തിണ്ടുമ്മേൽ, പാടുകാണ എന്നീ കോളനികളിൽ അംഗങ്ങളുടെ സഹകരണത്തോടെ മുറിവെണ്ണ, പെയിൻബാം,

സ്കാബീസ് ഓയിൽ എന്നീ ഔഷധങ്ങൾ നിർമ്മിച്ചു. പച്ചമരുന്നുകളും ആയുർവ്വേദ മരുന്നുകളും ചേർത്ത് നിർമ്മിച്ച ഔഷധങ്ങൾ കോളനി നിവാസികൾക്ക് വിതരണം ചെയ്തു. പച്ചമരുന്നുകൾ ഏതെല്ലാം രോഗങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമെന്ന് സി. ഇന്നസെന്റ് കോളനി നിവാസികൾക്ക് ബോധ്യം നൽകി.

**സ്വയം തൊഴിൽ സംരംഭം**

തിരുനെല്ലി പഞ്ചായത്തിലെ ബേഗൂർ നോർത്ത് കോളനിയിലുള്ള കുടുംബശ്രീ അംഗങ്ങൾ ചേർന്ന് മാനിപുല്ല് കൊണ്ടുള്ള അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം സംരംഭത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

**നിയമ ബോധവത്ക്കരണ ക്ലാസ്**

ലീഗൽ എയ്ഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി പഞ്ചായത്തിൽ ഉൾപ്പെട്ട പാടുകാണ കോളനിയിൽ 'ആദിവാസി സംരക്ഷണ നിയമങ്ങളെപ്പറ്റി ബോധവൽക്കരണക്ലാസ് നൽകി. അഡ്വ. എൽബി മാത്യു, ജോസ്. പി. എം, ജോസ് തൂമുള്ളിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഔഷധ സസ്യസെമിനാർ**

ബോയ്സ് ടൗണിലുള്ള WSSS ട്രയിനിംഗ് സെന്ററിൽ വച്ച് മാനന്തവാടി ബ്ലോക്കിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കോളനി ആനിമേറ്റേഴ്സിനായി ഔഷധ സസ്യങ്ങളുടെ ഉപയോഗം പ്രയോഗം എന്നിവയെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തി. സി. ഇന്നസെന്റ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

**പച്ചക്കറി വിത്ത് വിതരണം**

വരുമാന വർദ്ധന പരിപാടിയുടെ ഭാഗമായി WSSS-ന്റെ കീഴിൽ പ്രവർത്തിക്കുന്ന മാനന്തവാടി ബ്ലോക്കിലെ തെരഞ്ഞെടുത്ത 37 കോളനികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## വിദ്യാഭ്യാസ മണ്ഡലം

നിലനിൽപ്പിനെതിരേ ഉയരുന്ന വെല്ലുവിളികളെ തിരിച്ചറിഞ്ഞ്, അതിജീവിച്ച്, കൂടുതൽ മെച്ചപ്പെട്ട അവസ്ഥയുടെ സംസ്ഥാപന പ്രവർത്തനങ്ങൾ മാനന്തവാടി രൂപതയുടെ വിദ്യാഭ്യാസ രംഗത്ത് തുടർന്നുകൊണ്ടിരിക്കുന്നു.

### രൂപതാ വിദ്യാഭ്യാസ നയരേഖ

CBCI യുടെയും KCBC യുടെയും മാർഗ്ഗനിർദേശങ്ങളും അഭിവന്ദ്യ ജോസ് പിതാവിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകളും ആശയങ്ങളും ഉൾച്ചേർത്ത് നിലവാരവും സ്വീകാര്യവും അനുകരണീയവും അഴിമതി രഹിതവും സുതാര്യവും കാര്യക്ഷമവുമായ ഒരു പുതിയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തി. ഈ നയരേഖയുടെ കരട് രൂപം വൈദിക സമിതിയും പാസ്റ്ററൽ കൗൺസിലും അദ്ധ്യാപക സമൂഹവും ചർച്ച ചെയ്ത് സമർപ്പിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് മാനന്തവാടി രൂപത വിദ്യാഭ്യാസനയരേഖ 2009 ആദ്യം പ്രസിദ്ധീകരിക്കും.

### അദ്ധ്യാപക സംഗമം

കോർപ്പറേറ്റ് സ്ക്കൂളുകളിൽ സേവനം ചെയ്യുന്ന എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ഒരു സംഗമം 2008 ഒക്ടോബർ 1-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. 759 പേർ പങ്കെടുത്ത കൺവെൻഷൻ വമ്പിച്ച വിജയമായിരുന്നു. സമ്മേളനത്തിൽ കോർപ്പറേറ്റ് ഏജൻസി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും – സഭയുടെ കാഴ്ചപ്പാടനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുലർത്തേണ്ട പ്രവർത്തന നയപരിപാടികളും അതിൽ ജീവനക്കാരുടെ നിർണ്ണായകമായ പങ്കും സഹകരണവും സർവ്വോപരി നമ്മുടെ വിദ്യാലയങ്ങൾ പഠനത്തിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും കെട്ടിലും മട്ടിലും ചിട്ടയിലും പുലർത്തേണ്ട ഉന്നതനിലവാരവും വ്യക്തമാക്കപ്പെട്ടു. അവ നേടുന്നതിന് എല്ലാ ഘടകങ്ങളുടെയും കൂട്ടായ സഹകരണം ആവശ്യപ്പെട്ടു. ഗ്രൂപ്പ് ചർച്ചകളിലും പൊതു ചർച്ചയിലും ഈ ആവശ്യത്തോട്

അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും സർവ്വവിധ പിൻതുണയും പ്രകടമായിരുന്നു.

**ഡിപ്പാർട്ട്മെന്റ് രൂപീകരണം**

അദ്ധ്യപരേയും വിദ്യാലയന്തരീക്ഷത്തേയും ശക്തിപ്പെടുത്തി "നിലവാരം" ഉയർത്തുകയെന്ന ലക്ഷ്യം വെച്ചുകൊണ്ട് വിഷയാടിസ്ഥാനത്തിൽ 16 ഡിപ്പാർട്ടുമെന്റുകൾ കൺവെൻഷനിൽ വെച്ച് രൂപീകരിച്ചു. ഓരോ ഡിപ്പാർട്ട്മെന്റിലും ചെയർമാൻ, കൺവീനർ, ഓർഗനൈസർ ഉൾപ്പെടെ 5 അംഗങ്ങൾ ഉണ്ടായിരിക്കും. അടുത്ത മൂന്ന് വർഷത്തേക്കുള്ള നമ്മുടെ ലക്ഷ്യങ്ങളും അതിലേക്കുള്ള മാർഗ്ഗങ്ങളും നടപടിക്രമങ്ങളും ലഭ്യമാക്കേണ്ട സഹകരണങ്ങളും ഉൾപ്പെട്ട ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എല്ലാ ഡിപ്പാർട്ട്മെന്റിലും നടക്കുന്നു. ഒപ്പം വരുന്ന S.S.L.C പരീക്ഷക്കു പഠനക്യാമ്പിനും ഉപകരിക്കും വിധം എല്ലാ വിഷയങ്ങളിലും Questian Bank തയ്യാറാക്കാൻ ഡിപ്പാർട്ട് മെന്റ് കൺവീനർമാരുടെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു.

**അക്കാഡമിക് കൗൺസിൽ**

കോർപ്പറേറ്റ് സ്ക്കൂളുകളിലെ വിദ്യാഭ്യാസ സംബന്ധമായ എല്ലാ കാര്യങ്ങളിലും കോർപ്പറേറ്റ് മാനേജരെ സഹായിക്കുവാനും നിർദ്ദേശങ്ങൾ നൽകുവാനുമായി 7 പേരടങ്ങിയ അക്കാദമിക് കൗൺസിൽ രൂപീകരിച്ചു. അംഗങ്ങൾ സർവ്വശ്രീ പി.ഡി. ജോസ്, വി. സി. മൈക്കിൾ, എൻ. വി. ജോർജ്, പി. ഡി. ഫ്രാൻസീസ്, ജോസ് ജോർജ്, പി. എ. ദേവസ്യ, സി. ക്രിസ്റ്റീന ഇവരുടെ പ്രഥമയോഗം മോറൽസയൻസ്, വേദപാഠം, S.S.L.C പഠനക്യാമ്പ്, Questian Bank, യൂണിഫോറം, നോട്ട്ബുക്ക് -ഡയറി-പരിഹാരബോധനം, ഭൗതിക സാഹചര്യങ്ങൾ - പ്രധാനാദ്ധ്യാപകരുടെ പ്രത്യേക പ്രശ്നങ്ങൾ എന്നിങ്ങനെ പ്രസക്ത വിഷയങ്ങൾ ചർച്ച ചെയ്തു.

**സ്കൂൾ സന്ദർശനം**

സ്ക്കൂൾ നടത്തിപ്പ് രീതികൾ - ജീവനക്കാരുടെ നിലപാടുകളും സഹകരണവും - സ്കൂളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ, അടിയന്തരമായി പരിഹാരം കാണേണ്ട പ്രശ്നങ്ങൾ, കുട്ടികളുടെ പഠനനിലവാരവും സ്കൂൾ അന്തരീക്ഷവും, പഠനാനുബന്ധ പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ നേരിട്ട് മനസിലാക്കുവാനും അദ്ധ്യാപക നിർദ്ദേശങ്ങൾ ആരായുന്നതിനുമായി കോർപ്പറേറ്റ് മാനേജരും ക്വാളിറ്റി കോർഡിനേറ്റർ തോമസ് ഏറണാട്ടും ഇതിനകം 30 സ്കൂളുകൾ സന്ദർശിച്ചു. നല്ല സഹകരണവും പ്രതികരണവും ലഭിച്ചു. നന്ദി.

## പ്രധാനാദ്ധ്യാപക യോഗം

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവെക്കുന്നതിനും, വർഷാവസാന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും പ്രധാനാധ്യാപകരുടെ അഭിപ്രായങ്ങൾ അറിയുന്നതിനുമായി ഡിസംബർ 17-ന് രൂപതകോർപ്പറേറ്റിലെ എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും യോഗം ചേർന്നു. കാലിക പ്രാധാന്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

## സ്കൂളുകളിൽ കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തി

സ്കൂൾ വിദ്യാർത്ഥികളിൽ നല്ലൊരു പങ്ക് രഹസ്യവും പരസ്യവുമായ കാരണങ്ങളാൽ മാനസിക പിരിമുറുക്കത്തിന് അടിപ്പെട്ട് ഒന്നിനും കഴിവില്ലാത്തവരായി തളർന്ന മനസ്സും നിരാശനിറഞ്ഞ ജീവിതവുമായി കഴിയുന്നെന്നത് ഏറെ വേദനാ ജനകമായ സത്യമാണ്. ഇത്തരമുള്ള വിദ്യാർത്ഥികളെയും അവരുടെ പ്രശ്നങ്ങളെയും തിരിച്ചറിഞ്ഞ് ശാസ്ത്രീയമായ ഇടപെടലുകളിലൂടെ പ്രതീക്ഷയുടെ പാതയിലേക്കു നയിക്കുവാൻ ഇന്നു വേണ്ടത് ഫലപ്രദമായ കൗൺസലിംഗ് സൗകര്യങ്ങളാണെന്ന വസ്തുത അംഗീകരിച്ച്കൊണ്ട് നമ്മുടെ വിദ്യാലയങ്ങളിലെല്ലാം നല്ല രീതിയിലുള്ള കൗൺസലിംഗ് സെന്ററുകളും ഈ രംഗത്ത് വിദഗ്ദ പരിശീലനം ലഭിച്ച കൗൺസിലർമാരെയും നൽകാൻ തീരുമാനമായി. ഈ വർഷം എല്ലാ H.S.S-ലും H.S-ലും ഈ സൗകര്യങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. വരും വർഷങ്ങളിൽ എല്ലാ സ്കൂളുകളിലും ഈ സൗകര്യം ഏർപ്പെടുത്താൻ നടപടിയുണ്ട്. ഒപ്പം ഓരോ വിദ്യാലയത്തിലും അനുയോജ്യമായ അദ്ധ്യാപകരെ കൂടി പരിശീലിപ്പിച്ച് സംരംഭം വിപുലീകരിക്കുവാനും പരിപാടിയുണ്ട്.

## പി.ടി.എ. പ്രതിനിധി സംഗമം

രൂപതയിലും കോർപ്പറേറ്റിലും വിദ്യാഭ്യാസരംഗത്ത് വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളെക്കുറിച്ചും, നടപടികളെക്കുറിച്ചും, രൂപതയുടെ പുതുക്കിയ വിദ്യാഭ്യാസ നയരേഖയുടെ പ്രത്യേകതകളെക്കുറിച്ചും രക്ഷിതാക്കളുടെ പ്രതിനിധികളുമായി നേരിട്ട് ആശയ വിനിമയം നടത്തുന്നതിനും സ്കൂളുകളുടെ ഭംഗിയായ നടത്തിപ്പിന് അവരുടെ സഹകരണം നേടുന്നതിനുമായി മണിമൂളി, ദ്വരക, നടവയൽ, കൊട്ടിയൂർ എന്നീ നാല് കേന്ദ്രങ്ങളിലായി പി.ടി.എ ഭാരവാഹികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ക്ഷണിക്കപ്പെട്ട എല്ലാവരുംതന്നെ യോഗത്തിൽ പങ്കെടുത്തു. ഫലപ്രദമായ ചർച്ചകൾ നടന്ന യോഗത്തിൽ ഏവരും ഈ സംരംഭത്തെ സ്വാഗതം ചെയ്തു. സഹകരണം വാഗ്ദാനം ചെയ്തു.

**സഹായ അദ്ധ്യാപകരെ അനുവദിച്ചു**

L.P വിഭാഗം പ്രധാനാദ്ധ്യാപകരുടെ ജോലി ഭാരം കുറക്കുവാനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാരബോധനം നടത്തുന്നതിനും ഒപ്പം പുതുതായി നിയമിക്കാൻ സാധ്യതയുള്ള അദ്ധ്യാപകരുടെ ഗുണനിലവാരവും പ്രതിബദ്ധതയും ഉറപ്പുവരുത്തുന്നതിനുമായി 28 വിദ്യാലയങ്ങളിൽ ഓരോ അദ്ധ്യാപകരെ നൽകി സഹായ അദ്ധ്യാപക പദ്ധതിക്ക് തുടക്കമായി.

**S.S.L.C പഠന ക്യാമ്പ്**

2009 മാർച്ച് S.S.L.C പരീക്ഷയ്ക്ക് മുന്നോടിയായി എല്ലാ ഹൈസ്ക്കൂളുകളിലും ഫലപ്രദമായ പഠനക്യാമ്പ് നടത്തുന്നതിനെ സംബന്ധിച്ചാലോചിക്കാൻ ക്യാമ്പ് കോർഡിനേറ്റർമാരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും യോഗം ചേരുകയുണ്ടായി. യോഗനിർദ്ദേശങ്ങൾ പൂർണ്ണരൂപത്തിൽ എല്ലാ വിദ്യാലയത്തിലും എത്തിച്ചുകഴിഞ്ഞു. ക്യാമ്പിലേക്ക് വേണ്ടി എല്ലാ വിഷയങ്ങളുടെയും Questian Bank തയ്യാറാക്കൽ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

**വിജയജ്യോതി വിദ്യാജ്യോതി**

പ്രൈമറി പഠനനിലവാരം ഉറപ്പാക്കൽ പദ്ധതി 4, 7, 10, 12 ക്ലാസ്സുകൾ പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും നിർബന്ധമായും നേടിയിരിക്കേണ്ട കഴിവുകളേവയെന്നും അവ നേടാനാവശ്യമായ പ്രവർത്തനങ്ങളേവയെന്നും വ്യക്തമാക്കുന്ന "വിജയജ്യോതി, വിദ്യാജ്യോതി എന്ന പേരിൽ ഒരു മാർഗ്ഗരേഖ പഠനനിലവാര സമിതി തയ്യാറാക്കി കഴിഞ്ഞു. അതിന്റെ കോപ്പി എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുന്നതാണ്.

**നമ്മുടെ വിദ്യാലയങ്ങൾ നേട്ടങ്ങൾ കൊയ്യുന്നു**

നടന്നു കഴിഞ്ഞ ഉപജില്ല, ജില്ല, കലാകായിക ശാസ്ത്രമേള, പ്രവർത്തിപരിചയ മേള എന്നിവയിലെല്ലാം നമ്മുടെ വിദ്യാലയങ്ങൾ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. അതിനായി പരിശ്രമിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ നൽകുന്നതാണ്.

അന്തസുള്ള സ്ക്കൂൾ അന്തരീക്ഷം
ഗുണമേന്മയുള്ള ഗുരുനാഥന്മാർ
നന്മയിലൂടെ നിലവാരത്തിലേക്കും
നയിക്കപ്പെടുന്ന വിദ്യാർത്ഥിസമൂഹം

ഇതിനായി ഒത്തൊരുമിച്ച് പരിശ്രമിക്കാം. ലക്ഷ്യം നേടാം.

## കോർപ്പറേറ്റ് ഡയറി

**ഒക്ടോബർ**

| | | |
|---|---|---|
| 1-10-08 | : | ടീച്ചേഴ്സ് കൺവെൻഷൻ |
| 9-10-08 | : | സബ്ജറ്റ് ഡിപ്പാർട്ട്മെന്റ് മീറ്റിംഗ് (മോറൽസയൻസ് ബയോളജി) ദ്വാരക |
| 14-10-08 | : | കല്ലോടി ഹൈസ്ക്കൂൾ വിസിറ്റ് |
| 14-10-08 | : | 2 P.M സ്റ്റുഡൻസ് പ്രോജറ്റ് ഉദ്ഘാടനം യു.പി. എസ് കല്ലോടി |
| 15-10-08 | : | കബനിഗിരി ഹൈസ്ക്കൂൾ & യു.പി. സ്ക്കൂൾ വിസിറ്റ് |
| 16-10-08 | : | പ്രോജക്റ്റ് പ്രപോസൽ മീറ്റിംഗ് ദ്വാരക |
| 17-10-08 | : | പഴൂർ യു.പി.സ്കൂൾ വിസിറ്റ് |
| 20-10-08 | : | കൊളവയൽ എൽ.പി.സ്കൂൾ വിസിറ്റ് |
| 20-10-08 | : | വാഴവറ്റ എൽ.പി.സ്കൂൾ വിസിറ്റ് |
| 20-10-08 | : | കണിയാരം എൽ.പി.സ്കൂൾ വിസിറ്റ് |
| 21-10-08 | : | ഒണ്ടയങ്ങാടി എൽ.പി.സ്കൂൾ വിസിറ്റ് |
| 21-10-08 | : | ആടിക്കൊല്ലി എൽ.പി.സ്കൂൾ വിസിറ്റ് |
| 23-10-08 | : | പുതിയിടംകുന്ന് എൽ.പി.സ്കൂൾ വിസിറ്റ് |
| 24-10-08 | : | അക്കാഡമിക്ക് കൗൺസിൽ മീറ്റിംഗ് |
| 29-10-08 | : | സബ്ജക്ട് ഡിപ്പാർട്ട്മെന്റ് മീറ്റിംഗ് |

**നവംബർ**

| | | |
|---|---|---|
| 3-11-08 | : | സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം ഉദ്ഘാടനം ഫാ. ജി.കെ.എം.എച്ച്. എസ് കണിയാരം |
| | : | 2 P.M സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം ഉദ്ഘാടനം അസംപ്ഷൻ എച്ച്. എസ് ബത്തേരി |
| 4-11-08 | : | സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം ഉദ്ഘാടനം സെ. ജോസഫ് എച്ച്.എസ്. കല്ലോടി |
| 4-11-08 | : | അരിഞ്ചേർമല എൽ. പി സ്കൂൾ വിസിറ്റ് |
| 5-11-08 | : | മോറൽ സയൻസ് ഡിപ്പാർട്ട് മെന്റ് ഹെഡ്സ് മീറ്റിംഗ് |
| 6-11-08 | : | 10. a.m റാങ്ക്ഹോൾഡേഴ്സ് മീറ്റിംഗ് |
| 6-11-08 | : | 11. a.m ക്വാളിറ്റി ഇപ്രൂവ്മെന്റ് ഡിപ്പാർട്ട് മെന്റ് മീറ്റിംഗ് |
| 6-11-08 | : | 12 യൂണിഫോം കമ്മിറ്റി മീറ്റിംഗ് |
| 7-11-08 | : | കോ- ഓപ്പറേറ്റീവ് സൊസൈറ്റി ബോർഡ് മീറ്റിംഗ് |
| 11-11-08 | : | ഐ. റ്റി ഡിപ്പാർട്ട് മെന്റ് പ്രോഗ്രാം ദ്വാരക |
| 17-11-08 | : | എച്ച്. എം കോൺഫ്രൻസ് ദ്വാരക |

18-11-08 : റാങ്ക് ഹോൾഡേഴ്സ് മീറ്റിംഗ് ദ്വാരക
21-11-08 : മോറൽ സയൻസ് ഡിപ്പാർട്ട് മെന്റ് മീറ്റിംഗ് ദ്വാരക
24-11-08 : സെ. തോമസ് എച്ച്. എസ്. നടവയൽ സ്കൂൾ വിസിറ്റ്
26-11-08 : ഹയർ സെക്കന്ററി പ്രിൻസിപ്പൾസ് മീറ്റിംഗ്
27-11-08 : സ്കൂൾ വിസിറ്റ്
28-11-08 : സ്കൂൾ വിസിറ്റ്
30-11-08 : കാമ്പസ് കൗൺസിലേഴ്സ് മീറ്റിംഗ്, ദ്വാരക

**ഡിസംബർ**

1-12-08 : സെ. ജോസഫ്സ് HSS കല്ലോടി
5-12-08 : പഠനനിലവാര കമ്മിറ്റി ദ്വാരക
9-12-08 : S.S L. C study Camp Co-ordination and staff Secartary meeting at Dwaraka
10-12-08 : P.T.A Regional meeting Manimooly School Visit Edivanna UPS.
11-12-08 : P.T.A Regional meeting Dwaraka 2.p.m. P.T.A Regional meeting Nadavayal
12-12-08 : P.T.A Regional meeting Kottiyoor
17, 18 : Construction Committee meeting
19-12-08 : X' mas Celebration st. Joseph's T.T.I Mananthavady
20-12-08 : NSS Camp Inauguration, St. Joseph's HSSS Kallody
22-12-08 : Note Book Committee
23-12-08 : Uniform Committee.

**ഫാ. റോബിൻ വടക്കൻചേരി**
കോർപ്പറേറ്റ് മാനേജർ

## മാനന്തവാടി രൂപത വിദ്യാഭ്യാസ നയം

**ദർശനം**

കത്തോലിക്കാതിരുസഭയുടെ പ്രേഷിതദൗത്യത്തിൽ അധിഷ്ഠിതമായി നല്ല വ്യക്തികളെയും അതിലൂടെ കുടുംബങ്ങളെയും ദേശത്തെയും രാഷ്ട്രത്തെയും രൂപപെടുത്താൻ മൂല്യബോധവും രാജ്യസ്നേഹവും ഉള്ള ഒരു തലമുറയെവാർത്തെടുക്കുക എന്നതാണ് മാനന്തവാടി രൂപതയുടെ വിദ്യാഭ്യാസദർശനത്തിന്റെ കാതൽ. ഇതിനായി സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് ആഴമുള്ള മൂല്യാവബോധമുള്ള അദ്ധ്യാപകസമൂഹത്തിന്റെ അനിവാര്യത ഉറപ്പാക്കണം. ക്രിസ്തീയ സ്നേഹസംസ്കാരത്തിന്റെയും, രാഷ്ട്രപുരോഗതിയുടെയും സംസ്കൃ

തിയുടെ ആഘോഷ-അനുഭവ വേദികളായിരിക്കണം മാനന്തവാടിരൂപതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

1. **പൊതുവായ നിർദ്ദേശങ്ങൾ**

1.1 സ്വാശ്രയമേഖലയിലോ എയ്ഡഡ്മേഖലയിലോ പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ രൂപത നേരിട്ടോ സന്യാസസമൂഹങ്ങളോ ഇടവകയോ തുടങ്ങുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാനൻനിയമം (CCEO C.415,437§2)അനുശാസിക്കുന്നവിധത്തിൽ രൂപതാദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അനുവാദം വാങ്ങിയിരിക്കണം.

1.2 രൂപതാ വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശയനുസരിച്ചു മാത്രമേ പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുവാൻ അനുവാദം നൽകുകയുള്ളൂ. വിദ്യാഭ്യാസ കൗൺസിൽ ഒരു സ്ഥാപനത്തിനുവേണ്ടി ശുപാർശ ചെയ്യുന്നതിനു മുമ്പായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിന്റെ ആവശ്യകത, നിർമ്മാണ - നടത്തിപ്പ് ചിലവ്, സമീപപ്രദേശത്തെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള അകലം, സർക്കാരിന്റെ നയം എന്നിവ ഗൗരവമായി പരിഗണിക്കുന്നതോടൊപ്പം വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ഇടവക വികാരിയുടെയും ഇടവകാ പൊതുയോഗത്തിന്റെയും ശുപാർശയും തേടുന്നതാണ്.

1.3 വിദ്യാഭ്യാസത്തെ സംബന്ധിച്ച സഭയുടെ പൊതുവായ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി ഓരോ സ്ഥാപനത്തിനും അതിന്റേതായ എഴുതപ്പെട്ട ദർശനവും ലക്ഷ്യങ്ങളുമുണ്ടായിരിക്കുകയും അവ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അധ്യാപകർ എന്നിവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യണം. സ്ഥാപനത്തിന്റെ ന്യൂനപക്ഷ സ്വഭാവം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

1.4 സ്ഥാപനത്തിന്റെ നടത്തിപ്പിൽ ക്രിസ്തീയ തനിമ നിർബന്ധമായും കാത്തുസൂക്ഷിക്കണം. ക്രിസ്തീയ അന്തരീക്ഷം നിലനിർത്തുന്നതിനു സഹായകമാകുന്ന പ്രതീകങ്ങൾ, സഭയുടെ പ്രധാനപ്പെട്ട തിരുനാളുകൾ, കുമ്പസാരം, കുർബാന എന്നീ കൂദാശകളുടെ സ്വീകരണം, വാർഷികധ്യാനം എന്നിവയ്ക്കും അർഹമായ പ്രാധാന്യം നൽകണം. വിദ്യാർത്ഥികളെ പഠനത്തിൽ മികവുള്ളവരാക്കാൻ ശ്രമിക്കുന്നതോടൊപ്പം അവർക്ക് വിശ്വാസസത്യങ്ങൾ പാലിക്കുവാൻ സഹായിക്കുന്ന മതപഠനം, ധാർമ്മിക ശിക്ഷണം നൽകുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും സന്മാർഗ്ഗ പഠനം എന്നിവ നിർബന്ധമാക്കണം. മൂല്യശോഷണവും വർഗ്ഗീയതയും

അപകടകരമാംവിധം വർദ്ധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്വഭാവശുദ്ധിയും മതമൈത്രിയും പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കണം. ദേശീയാഘോഷങ്ങൾക്കും അർഹമായ പ്രാധാന്യം നൽകണം.

1.5 വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ചും അധ്യാപക നിയമനത്തെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. ഈ മാനദണ്ഡങ്ങളിൽ പ്രഥമ പരിഗണന മെറിറ്റിനും സ്വഭാവശുദ്ധിക്കുമായിരിക്കണം. ദളിത്-അവശവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. അധ്യാപകർ നിരീശ്വര പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരോ സഭാവിരുദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്നവരോ ആകരുത്.

1.6 രൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ യാതൊരു വിധത്തിലും ലാഭമുണ്ടാക്കാനുള്ളതല്ല, സമുദായത്തിന്റെ വളർച്ചയ്ക്കും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടിയായിരിക്കണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തേണ്ടത്. നമ്മുടെ രൂപതയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകനിയമനങ്ങളിലോ വിദ്യാർത്ഥി പ്രവേശനത്തിലോ പണം ഒരു മാനദണ്ഡമാകാൻ പാടില്ല.

1.7 എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടേയും കോളേജുകളുടേയും പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ ആവശ്യമായ ഫണ്ട് ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി രൂപീകരിക്കണം. അധ്യാപകർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ, ഇടവകാസമൂഹം, പൂർവ്വവിദ്യാർത്ഥികൾ, പ്രാദേശികസമൂഹം എന്നിവരുടെയെല്ലാം സഹകരണത്തോടു കൂടി വിദ്യാഭ്യാസ വികസനഫണ്ട് രൂപീകരിക്കണം.

1.7.1 എയ്ഡഡ് കോളേജുകൾക്കുവേണ്ടി സ്വരൂപിക്കുന്ന ഫണ്ട് കോളേജുകളുടേയും എയ്ഡഡ് സ്കൂളുകൾക്കു വേണ്ടി സ്വരൂപിക്കുന്ന ഫണ്ട് സ്കൂളുകളുടേയും നിർമ്മാണത്തിനും വികസനത്തിനും വേണ്ടി മാത്രം ഉപയോഗിക്കണം.

1.7.2 സ്ഥാപനത്തിന്റെ അടിസ്ഥാന വികസനത്തിന് ശേഷം സ്വരൂപിക്കപ്പെടുന്ന ഫണ്ടിന്റെ 25 ശതമാനം നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി ഉപയോഗിക്കണം.

1.7.3 ഈ ഫണ്ടിന്റെ കണക്ക് ഓഡിറ്റിംഗിനായി രൂപത എഡ്യുക്കേഷൻ ഏജൻസിയിൽ ഏൽപ്പിക്കുകയും ഇടവകയുടെയും രൂപതയുടെയും ഔദ്യോഗിക കൗൺസിലുകളിൽ അവതരിപ്പിക്കുകയും വേണം.

**2. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമായുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

2.1 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതും നടത്തുന്നതും സമുദായത്തിന്റെ വളർച്ചയ്ക്കും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടിയായിരിക്കണം. ഈ സ്ഥാപനങ്ങൾ യാതൊരുവിധത്തിലും ലാഭമുണ്ടാക്കുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാക്കരുത്. എന്നാൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടു കൂടി സ്ഥാപനം നടത്തിക്കൊണ്ടു പോകുവാൻ ആവശ്യമായ പണം ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കാവുന്നതാണ്. അധ്യാപക നിയമനത്തിനോ കുട്ടികളുടെ പ്രവേശനത്തിനോ പണം ഒരു മാനദണ്ഡമാക്കാൻ പാടില്ല.

2.2 സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസും കരുതൽ ഡിപ്പോസിറ്റും എല്ലാ വിദ്യാർത്ഥികളിൽ നിന്നും വാങ്ങാവുന്നതാണ്.

2.3 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കഴിയുന്നത്ര ഫീസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും സ്ഥാപനങ്ങൾ തന്നെ നൽകേണ്ടതാണ്. അതോടൊപ്പം ഇടവകയിലെ മറ്റ് ജീവകാരുണ്യ സാമൂഹ്യസംഘടനകളുടെയും വ്യക്തികളുടെയും സഹായവും തേടാവുന്നതാണ്.

2.4 സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ കത്തോലിക്കാ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇതിനായി ഒരു നിശ്ചിത ശതമാനം സീറ്റുകൾ കത്തോലിക്കാ വിദ്യാർത്ഥികൾക്കായി മാറ്റിവയ്ക്കണം.

2.5 ദളിത് ക്രൈസ്തവർ (SC-ST) എന്നീ വിഭാഗങ്ങൾക്കായി 5 ശതമാനമെങ്കിലും സീറ്റ് സംവരണം ചെയ്യേണ്ടതും കഴിയുന്നത്ര ഫീസാനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.

2.6 സ്വാശ്രയസ്ഥാപനങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കും ന്യായമായ വേതനവും മറ്റാനുകൂല്യങ്ങളും ഓരോ സ്ഥാപനങ്ങളുടേയും സാഹചര്യവും സാമ്പത്തിക സ്ഥിതിയുമനുസരിച്ച് നൽകണം. ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ അടിസ്ഥാന ശമ്പളം നിശ്ചയിക്കുകയും വേണം.

2.7 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന 2.3, 2.4, 2.5 നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടുള്ള കൃത്യമായ മാനദണ്ഡങ്ങൾ എഴുതി സൂക്ഷിക്കുകയും വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരം മേടിക്കുകയും ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണം.

## 3. വിദ്യാഭ്യാസ കൗൺസിൽ

3.1 **നിർവ്വചനം:** രൂപതയുടെ വിദ്യാഭ്യാസനയത്തിനനുസരിച്ച് രൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും അവയ്ക്കാവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും സ്ഥാപനങ്ങളിൽ നയവിരുദ്ധമായ കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിൽ അത് രൂപതാദ്ധ്യക്ഷന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അന്വേഷണങ്ങൾ നടത്തി രൂപതാദ്ധ്യക്ഷന് ശുപാർശ നൽകുന്നതിനും അധികാരമുണ്ടായിരിക്കുന്ന രൂപതയുടെ ഉന്നത വിദ്യാഭ്യാസസമിതിയാണ് വിദ്യാഭ്യാസ കൗൺസിൽ.

3.2 **അംഗത്വം:** ഈ കൗൺസിലിൽ 11 അംഗങ്ങളായിരിക്കും ഉണ്ടായിരിക്കുക. രൂപതാ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വമുള്ള വികാരിജനറാളും രൂപതാ കോർപ്പറേറ്റ് മാനേജരും ഉദ്യോഗത്താൽത്തന്നെ അംഗങ്ങളായിരിക്കും. രൂപതാ പാസ്റ്ററൽ കൗൺസിലിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 2 അൽമായ പ്രതിനിധികളും രൂപതാ വൈദിക സമിതിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 3 വൈദികരും രൂപതാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന 4 വിദ്യാഭ്യാസ വിദഗ്ധരും അടങ്ങുന്നതായിരിക്കും ഈ കൗൺസിൽ.

3.3 **കാലാവധി:** ഈ കൗൺസിലിന്റെ കാലാവധി മൂന്നു വർഷമായിരിക്കും.

3.4 **അദ്ധ്യക്ഷൻ:** വികാരിജനറാൾ

3.5 **സെക്രട്ടറി:** കോർപ്പറേറ്റ് മാനേജർ

3.6 **മാനേജിംഗ് കമ്മിറ്റി:** കൗൺസിലിന്റെ ദൈനംദിനകാര്യ നടത്തിപ്പിനായി വികാരിജനറാളും, കോർപ്പറേറ്റ് മാനേജരും അടങ്ങിയ നാലംഗമാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കും.

3.7 **സബ്കമ്മിറ്റികൾ:** വിദ്യാഭ്യാസ കൗൺസിലിന് ആവശ്യാനുസരണം സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

3.8 **യോഗങ്ങൾ:** വർഷത്തിൽ മൂന്ന് തവണയെങ്കിലും കൂടിയിരിക്കണം.

3.9 **പ്രവർത്തനങ്ങൾ:** താഴെ പറയുന്ന കാര്യങ്ങളായിരിക്കും ഈ കൗൺസിലിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

3.9.1 രൂപതാ വിദ്യാഭ്യാസനയങ്ങൾ രൂപതാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തുക.

3.9.2 രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വാങ്ങി പരിശോധിക്കുക, വിലയിരുത്തുക.

3.9.3 കൗൺസിലിലെ വിദഗ്ധസമിതി, രൂപതയിലെ വിദ്യാഭ്യാസ

സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക.

3.9.4 പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള അപേക്ഷ സ്വീകരിക്കുകയും ആവശ്യമായ അന്വേഷണം നടത്തി രൂപതാദ്ധ്യക്ഷന് ശുപാർശ നൽകുകയും ചെയ്യുക.

3.9.5 രൂപത നേരിട്ടു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുക.

## 4. എയ്ഡഡ് സ്കൂളുകളെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

4.1 വിദ്യാർത്ഥി പ്രവേശനം.

4.1.1 വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് എല്ലാ എയ്ഡഡ് സ്ഥാപനങ്ങളിലും എഴുതപ്പെട്ട വ്യവസ്ഥകൾ ഉണ്ടായിരിക്കണം.

4.1.2 എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ പ്രവേശനം സർക്കാർ നിർദ്ദേശിക്കുന്നതിനനുസരിച്ച് നടത്തണം.

4.1.3 ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ച് എയ്ഡഡ് ഹയർസെക്കന്ററി പ്രവേശനം -മൊത്തം സീറ്റിൽ 60% ജനറൽ മെറിറ്റും 20% കമ്യൂണിറ്റി മെറിറ്റുമാണ്. ബാക്കിയുള്ള 20% സീറ്റുകളാണ് മാനേജുമെന്റ് ക്വാട്ട. മാനേജുമെന്റ് ക്വാട്ടയിലെ പ്രവേശനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കണം.

4.1.3.1 മാനേജ്മെന്റ് ക്വാട്ടയിൽ ലഭിക്കുന്ന അപേക്ഷകൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് ഉണ്ടാക്കേണ്ടതാണ്.

4.1.3.2 25% സീറ്റുകൾ സ്കൂൾ സ്ഥിതിചെയ്യുന്ന ഇടവകക്കാർക്കായി നീക്കിവയ്ക്കണം.

4.1.3.3 75% സീറ്റുകൾ പ്രാദേശികതലത്തിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൽകുക. മാനദണ്ഡങ്ങൾ ഇടവകാതലത്തിലും പ്രാദേശികതലത്തിലും ഒന്നുതന്നെയായിരിക്കും. ഒരു നിശ്ചിതശതമാനം സീറ്റുകൾ രൂപതയിലെ സിസ്റ്റേഴ്സിനു വേണ്ടി സംവരണം ചെയ്യണം.

4.1.3.4 സൺഡേസ്കൂൾ വിദ്യാർത്ഥിയായിരിക്കുക എന്നത് അടിസ്ഥാന യോഗ്യത ആയിരിക്കും. മതപഠനം തുടരുന്ന കുട്ടികൾക്ക് മാത്രമേ ഇതിനർഹതയുണ്ടായിരിക്കുകയുള്ളു. മറ്റ് മതസ്ഥർക്ക് ഇതിൽ നിന്നും ഒഴിവു നൽകണം.

4.1.3.5 മറ്റ് മാനദണ്ഡങ്ങൾ താഴെ പറയുന്ന രീതിയിലായിരിക്കും (ആകെ 1000 മാർക്ക്)

1. SSLC യുടെ ഗ്രേഡിന് - 600 മാർക്ക്
2. സൺഡേസ്കൂൾ 10-ാം ക്ലാസ് മാർക്ക് 100 ൽ ലഭിച്ചത്.

3. സാമ്പത്തിക പിന്നോക്കാവസ്ഥ - 100 മാർക്ക്

4. മിഷൻലീഗ്, സഭാസംഘടനകളിലെ ഭാരവാഹിത്വവും അംഗത്വവും - 100 മാർക്ക്

5. സമ്മാനങ്ങൾ, ബഹുമതികൾ, സ്കോളർഷിപ്പുകൾ, ആരാധനക്രമ ഭാഗഭാഗിത്വം, കുടുംബം സഭയ്ക്ക് നൽകുന്ന സേവനം - 100 മാർക്ക്

4.1.3.6 **പ്രവർത്തനഫണ്ട്:** എയ്ഡഡ് ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ പഠനത്തിന് പണച്ചെലവുള്ളതിനാൽ (സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ഗസ്റ്റ് ടീച്ചേഴ്സ് ശമ്പളം etc.) ഗുണഭോക്താക്കളിൽ നിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന രീതിയിൽ സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത ഫണ്ട് സ്കൂളിന്റെ വികസനത്തിനും പ്രവർത്തനത്തിനും വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ഈ ഫണ്ട് രൂപീകരിക്കുന്നതിനും ഉപയോഗിക്കുന്നതിനുമായി ഇടവകാതലത്തിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ഉണ്ടായിരിക്കണം. അധ്യാപക പ്രതിനിധികൾ പ്രസ്തുത കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ ഫണ്ടിന്റെ കണക്കുകൾ ഓഡിറ്റിംഗിനായി രൂപതാ വിദ്യാഭ്യാസകൗൺസിലിന് നൽകേണ്ടതാണ്. സ്കൂൾ പ്രവർത്തനഫണ്ടിന്റെ ആവശ്യകത വിദ്യാർത്ഥികളുടെ മാതാപിതാക്കളെ ബോധ്യപ്പെടുത്തിയിരിക്കണം. പ്രവർത്തനഫണ്ട് നൽകാത്തതിന്റെ പേരിൽ ഒരു വിദ്യാർത്ഥിക്കും പ്രവേശനം നിഷേധിക്കാൻ പാടില്ല.

4.1.3.7 ഓരോവർഷവും നടപ്പിലാക്കേണ്ടുന്ന പ്രത്യേക പ്രോജക്ടുകളിലേയ്ക്ക് മാത്രമാണ് സംഭാവനകൾ സ്വീകരിക്കേണ്ടത്. ആയതിന് റശീതും നൽകേണ്ടതാണ്. പ്രോജക്ടുകൾ ഏപ്രിൽ 30 ന് മുമ്പായി രൂപതാ കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

**4.2 എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ തിരഞ്ഞെടുപ്പും നിയമനവും**

4.2.1 രൂപതയുടെ കീഴിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന സന്യാസസമൂഹങ്ങൾക്ക് അധ്യാപകരുടെ തിരഞ്ഞെടുപ്പും നിയമവും സംബന്ധിച്ച് അവരുടേതായ എഴുതപ്പെട്ട മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. പ്രസ്തുത മാനദണ്ഡങ്ങൾ രൂപതാവിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരം നേടിയിരിക്കണം.

4.2.2 രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ അധ്യാപക തിരഞ്ഞെടുപ്പും നിയമനവും സംബന്ധിച്ച മാനദണ്ഡങ്ങൾ (H.S.S.T, H.S.A., U.P.S.A., L.P.S.A, Special Teachers) താഴെപ്പറയുന്നവയായിരിക്കും.

**4.2.3 രജിസ്ട്രേഷൻ**

4.2.3.1 സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള രൂപതാംഗമായ ഏതൊരാൾക്കും കോർപ്പറേറ്റ് മാനേജുമെന്റിന്റെ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4.2.3.2 മാനന്തവാടി രൂപതയിലെ ഇടവകാതിർത്തികളിൽ താമസിക്കുന്ന മറ്റ് മതസ്ഥർക്കും രജിസ്ട്രേഷന് അവസരം കൊടുക്കുന്നതാണ്.

4.2.3.3 ഇടവക തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വികാരിയച്ചനിൽ നിന്നും വാങ്ങി ഹാജരാക്കി രജിസ്ട്രേഷനുള്ള അപേക്ഷാഫോറം ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

4.2.3.4 അക്രൈസ്തവർ ഏത് ഇടവകയുടെ പരിധിയിൽ താമസിക്കുന്നുവോ അവിടുത്തെ വികാരിയച്ചന്റെ കത്താണ് ഹാജരാക്കേണ്ടത്.

4.2.3.5 പൂരിപ്പിച്ച അപേക്ഷാഫോറം തിരികെ നൽകുമ്പോൾ വികാരിയച്ചനിൽ നിന്നും ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

4.2.3.6 രജിസ്ട്രേഷന് കത്തോലിക്കർക്ക് മതപഠന ഡിപ്ലോമ സർട്ടിഫിക്കറ്റ് (12-ാം ക്ലാസ്) നിർബന്ധമായിരിക്കും.

4.2.3.7. നിയമാനുസൃതമായ പരീക്ഷയുടെ റിസൾട്ട് അറിഞ്ഞവരെ മാത്രമെ രജിസ്ട്രേഷന് അനുവദിക്കുകയുള്ളൂ.

4.2.3.8 പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്കുലിസ്റ്റുകൾ, പാഠ്യപാഠ്യാനുബന്ധ വിഷയങ്ങൾ, മതപഠനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, മാനദണ്ഡമനുസരിച്ച് ഗ്രെയ്സ് മാർക്കിന് അർഹമായ മറ്റു സർട്ടിഫിക്കറ്റുകൾ ഇവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എന്നിവ സമർപ്പിക്കേണ്ടതാണ്.

4.2.3.9 പൂർണ്ണമല്ലാത്തതും തെറ്റായ വിവരങ്ങൾ നൽകുന്നതുമായ അപേക്ഷകൾ തിരസ്കരിക്കുന്നതാണ്.

4.2.3.10 പാനൽ ലിസ്റ്റിൽ പേരില്ലാത്ത എല്ലാവരും അടുത്ത പരീക്ഷയ്ക്ക് പങ്കെടുക്കണമെങ്കിൽ വീണ്ടും പേര് പുതുക്കേണ്ടതാണ്.

**4.2.4 എഴുത്തുപരീക്ഷ**

4.2.4.1 രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും ഒരു പൊതുപരീക്ഷയ്ക്ക് ക്ഷണിക്കുന്നതാണ്. പരീക്ഷയ്ക്ക് വരുമ്പോൾ ഓഫീസിൽ നിന്നും അയയ്ക്കുന്ന കോൾ ലെറ്റർ ഹാജരാക്കണം. എഴുത്തുപരീക്ഷയുടെ സിലബസ് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി പ്രസിദ്ധീകരിക്കുന്നതാണ്.

4.2.4.2 B. Ed പാസ്സായിട്ടുള്ള TTC ഉദ്യോഗാർത്ഥികൾ ഡിഗ്രി ഉദ്യോഗാർത്ഥികൾക്കുള്ള പരീക്ഷയും LG Hindi യ്ക്കും H. S. A Hindi യ്ക്കും രജിസ്റ്റർ ചെയ്തിട്ടുള്ളവർ HSA Hindi പരീക്ഷയുമാണ് എഴുതേണ്ടത്.

4.2.4.3. റ്റി. റ്റി. സി., മ്യൂസിക്, ഡ്രോയിംഗ്, തുന്നൽ, സംസ്കൃതം, ഉറുദു, അറബി, വിഷയങ്ങൾക്ക് Under Graduate തലത്തിലുള്ള എഴുത്തുപരീക്ഷയായിരിക്കും നടത്തുക.

4.2.4.4. പേര് രജിസ്റ്റർ ചെയ്യുമ്പോൾ മാനന്തവാടി രൂപതാംഗമായിരുന്ന ഒരാൾ പരീക്ഷാസമയത്ത് മറ്റൊരു രൂപതാംഗമാണെങ്കിൽ അവർക്ക് പരീക്ഷ എഴുതുവാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല.

**4.2.5. ഇന്റർവ്യൂ**

4.2.5.1 എഴുത്തുപരീക്ഷയുടെ മാർക്കും തിരഞ്ഞെടുപ്പു മാനദണ്ഡത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് മാർക്കുകളും കൂടി ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവരെ തിരഞ്ഞെടുക്കുന്നത്.

4.2.5.2 തിരഞ്ഞെടുക്കപ്പെടുവാൻ ആവശ്യമുള്ളതിന്റെ മൂന്നിരട്ടിവരെ ആളുകളെ ഇന്റർവ്യൂവിന് ക്ഷണിക്കുന്നതാണ്.

4.2.5.3. ഇന്റർവ്യൂവിനു ക്ഷണിച്ചുകൊണ്ടുള്ള കോൾലെറ്ററും ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഇന്റർവ്യൂവിന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്.

4.2.5.4. ഇന്റർവ്യൂവിന്റെയും കൂടി മാർക്ക് കൂട്ടി നിശ്ചിത എണ്ണം ഉദ്യോഗാർത്ഥികളടങ്ങുന്നതായിരിക്കും പാനൽ ലിസ്റ്റ്.

4.2.5.5. ഇന്റർവ്യൂ സമയത്ത് മോഡൽ ക്ലാസ് എടുപ്പിക്കുന്നതും വിഷയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നതുമാണ്.

**4.2.6. പാനൽ ലിസ്റ്റ്**

4.2.6.1. ഓരോ വിഭാഗത്തിന്റെയും ഇന്റർവ്യൂ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ പാനൽ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

4.2.6.2. ലിസ്റ്റിന് പ്രസിദ്ധീകരണ തീയതിക്ക് ശേഷം മൂന്നു വർഷത്തെ കാലാവധിയായിരിക്കും ഉണ്ടായിരിക്കുക.

4.2.6.3. പാനൽ ലിസ്റ്റിൽ പേര് വരികയും നിയമനം ലഭിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് 25 മാർക്ക് ഗ്രെയ്സ് മാർക്കായി അടുത്ത പാനൽ ലിസ്റ്റ് തയ്യാറാക്കുമ്പോൾ നൽകുന്നതാണ്.

4.2.6.4. ദളിത് കത്തോലിക്കർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കത്തോലിക്കർക്കുമായി ഓരോവർഷവും 5% സീറ്റ് സംവരണം ചെയ്തിരിക്കുന്നു.

4.2.6.5. രൂപതയിൽ സേവനംചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും പ്രത്യേക ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ആനുപാതികമായ രീതിയിൽ അവർക്ക് രൂപതാദ്ധ്യക്ഷന്റെ പ്രത്യേക പരിഗണനവഴി നിയമനം നൽകുന്നതാണ്.

4.2.6.6. അദ്ധ്യാപകരുടെ തിരഞ്ഞെടുപ്പിൽ മാനദണ്ഡമായി സ്വീകരിക്കുന്ന മാർക്കിന്റെ വിഭജനം

1. വിദ്യാഭ്യാസ യോഗ്യത - 500
2. വേദപാഠത്തിന് ലഭിച്ചമാർക്ക് 10-ാം ക്ലാസ്, +2 -100
3. സാമ്പത്തിക പിന്നോക്ക അവസ്ഥ - 100
4. ഇന്റർവ്യൂ - 200
5. സംഘടനാപങ്കാളിത്തം, മതാധ്യാപനം, കുടുംബത്തിന്റെ സഭാപങ്കാളിത്തം, സഹകരണം, സമ്മാനങ്ങൾ, ബഹുമതികൾ, സ്കോളർഷിപ്പുകൾ - 100

4.2.6.7 സഭാവിരുദ്ധപ്രവർത്തകർ, സ്നേഹമൂല്യങ്ങൾക്കുപരിയായി വർഗ്ഗവിപ്ലവ ചിന്താഗതിക്കാർ, ധാർമ്മികമൂല്യമില്ലാത്തവർ എന്നിവരെ നിയമനങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

**4.2.7. നിയമനാർത്ഥികളുടെ പരിശീലനവും തിരഞ്ഞെടുപ്പും**

4.2.7.1. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട പാനൽലിസ്റ്റിൽ നിന്നും നിയമന സാധ്യതയുള്ള ഉദ്യോഗാർത്ഥികളെ മാനന്തവാടി രൂപതയുടെ വിദ്യാഭ്യാസ നയദർശനങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്. ഒരു വർഷത്തെ പരിശീലന കാലഘട്ടത്തെ മൂന്നായി തിരിച്ചിരിക്കുന്നു.

4.2.7.2 **പ്രാരംഭഘട്ടം :** തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ അധ്യാപന പാടവം, മനോഭാവങ്ങൾ, സേവനസന്നദ്ധത, കർത്തവ്യ നിർവ്വഹണത്തിലെ നീതിബോധം, ശൈലികളും ശീലങ്ങളും, വിദ്യാർത്ഥികളുമായുള്ള ഇടപെടൽ, കാഴ്ചപ്പാടുകളും നിലപാടുകളും, തനിമകളും താൽപര്യങ്ങളും മുതലായവ മനസ്സിലാക്കാൻ മൂന്ന് മാസം അവരെ വിവിധ സ്കൂളുകളിൽ വിലയിരുത്തലുകൾക്കായി അയയ്ക്കണം. പ്രവർത്തനങ്ങൾ തൃപ്തികരമല്ലാത്തവരെ നിയമന സാധ്യതകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

4.2.7.3 **രണ്ടാംഘട്ടം:** ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കിയവർക്ക് 3 മാസത്തിൽ കുറയാത്ത പ്രത്യേക പരിശീലനം നൽകേണ്ടതാണ്. സ്കൂൾ കൗൺസലിംഗ്, ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അധ്യാപന രീതി, സന്മാർഗ്ഗശാസ്ത്രം

എന്നിവയ്ക്ക് പ്രഥമ പരിഗണന ഈ പരിശീലനത്തിൽ നൽകേണ്ടതാണ്. നിയമനാർത്ഥികൾ ആധുനിക അധ്യാപന ശൈലികൾ ശീലിക്കേണ്ടതിലേക്കായി അവർക്ക് സ്വന്തമായി ലാപ്ടോപ്പ് കമ്പ്യൂട്ടർ ഉണ്ടായിരിക്കണം.

4.2.7.4 ആദ്യരണ്ടുഘട്ടം വിജയകരമായി പൂർത്തീകരിക്കുന്നവർ 6 മാസത്തെ സൗജന്യസേവനം നിയമനത്തിന് മുമ്പായി വിദ്യാർത്ഥികൾക്കായി നൽകേണ്ടതാണ്. പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുക, സ്കൂളിന്റെ സർവ്വതോന്മുഖ വളർച്ചയെ ലക്ഷ്യമാക്കി യത്നിക്കുക എന്നിവയാണ് ഈ കാലഘട്ടത്തിൽ ചെയ്യേണ്ടത്.

**4.2.8. അദ്ധ്യാപകരുടെ നിയമനം**

4.2.8.1. കോർപ്പറേറ്റ് മാനേജുമെന്റ് സ്കൂളുകളിൽ സ്വാഭാവികമായുണ്ടാകുന്ന അവധി ഒഴിവുകളിലായിരിക്കും പാനൽ ലിസ്റ്റിൽ നിന്നും പ്രത്യേകപരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് നിയമനം നൽകുക.

4.2.8.2. HSA പാനൽ ലിസ്റ്റിലുള്ളവരെ HSA, UPSA, തസ്തികകളിലും TTC ക്കാരെ LPSA തസ്തികയിലുമായിരിക്കും നിയമിക്കുക.

4.2.8.3. ആശ്രിത നിയമനത്തിന് അർഹരായവർക്ക് അവർ യോഗ്യത നേടുന്ന മുറയ്ക്ക് തെളിവുകൾ സഹിതം പേര് രജിസ്റ്റർ ചെയ്തിരിക്കണം. അവർക്ക് പാനൽ ലിസ്റ്റിലെ ക്രമത്തിനു വിധേയമാകാതെ ഡിപ്പാർട്ട്മെന്റ് നിയമങ്ങൾക്കും യോഗ്യത സംബന്ധിച്ച് മാനേജ്മെന്റ് നിയമങ്ങൾക്കും വിധേയമായി നിയമനം ലഭിക്കുന്നതാണ്.

4.2.8.4. സ്ഥിര നിയമന ഉത്തരവ് രജിസ്ട്രേഷൻ ഫോമിൽ തന്നിരിക്കുന്ന അഡ്രസ്സിൽ, അല്ലെങ്കിൽ അഡ്രസ്സ് മാറി നൽകിയിട്ടുണ്ടെങ്കിൽ പുതിയ അഡ്രസ്സിൽ രജിസ്റ്റേഡ് പോസ്റ്റിലായി നൽകുന്നതായിരിക്കും. ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ, മറുപടി യഥാസമയം കിട്ടാതിരിക്കുകയോ ചെയ്താൽ ഉത്തരവ് നിരസിച്ചതായി കണക്കാക്കി അയാളെ പാനൽ ലിസ്റ്റിൽ നിന്നും അതിനാൽത്തന്നെ നീക്കം ചെയ്യുന്നതാണ്.

4.2.8.5. നിയമനസംബന്ധമായി പരാതികൾ ഉണ്ടെങ്കിൽ രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിക്ക് രേഖാമൂലം പരാതി നൽകേണ്ടതാണ്. പരാതി പരിഹരിക്കപ്പെടാത്ത പക്ഷം രൂപതാ വിദ്യാഭ്യാസ കൗൺസിലിന് പരാതികൾ സമർപ്പിക്കേണ്ടതാണ്.

4.2.8.6 ദിവസവേതന നിയമനത്തിന് പരിഗണിക്കപ്പെടേണ്ടത് പാനൽലിസ്റ്റിൽ നിന്നും പരിശീലനം (4.2.7) നേടിക്കഴിഞ്ഞവരെയാണ്.

അവരുടെ അഭാവത്തിൽ മാത്രമാണ് മറ്റുള്ളവരെ പരിഗണിക്കേണ്ടത്.

**4.3. കായികാധ്യാപകരുടെയും അനധ്യാപകരുടെയും നിയമനം**

4.3.1. കായികാധ്യാപകരുടെയും അനധ്യാപകരുടെയും തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പകരം ആളെ നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുവാനുള്ള ഉത്തരവാദിത്വം സ്കൂൾ സ്ഥിതി ചെയ്യുന്ന ഇടവകയ്ക്കായിരിക്കും. മേൽപ്പറഞ്ഞ തസ്തികകളിൽ റിട്ടയർമെന്റ് വഴി ഒഴിവുണ്ടാകുന്ന വർഷമാണ് പുതിയ ആളെ കണ്ടെത്തേണ്ടത്. കായികാധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ ഹൈസ്കൂളിൽനിന്നും റിട്ടയർ ചെയ്ത ഒഴിവിലേക്ക് മാത്രമേ ഓരോ ഇടവകയ്ക്കും കായികാധ്യാപകരുടെ പേര് നിർദ്ദേശിക്കാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ലോക്കൽ മാനേജർ കോർപ്പറേറ്റ് മാനേജർക്ക് നൽകണം. തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക് കോർപ്പറേറ്റിലെ ഏതെങ്കിലും സ്കൂളിൽ സ്വാഭാവികമായുണ്ടാകുന്ന ഒഴിവിലായിരിക്കും നിയമനം ലഭിക്കുക. ലാബ് അസിസ്റ്റന്റ് ഒഴികെയുള്ള അനധ്യാപകർക്ക് ആദ്യ നിയമനം മീനിയൽ തസ്തികയിലായിരിക്കും.

4.3.2. കായികാധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ മറ്റ് ഇടവകയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെയും പരിഗണിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ അധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ കോർപ്പറേറ്റിലെ അണ്ടർ ഗ്രാജ്വേറ്റ് തലത്തിലുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

4.3.3 കായികാധ്യാപക അനധ്യാപക ഒഴിവുവിവരവും കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ തിരഞ്ഞെടുപ്പുമാനദണ്ഡങ്ങളും പള്ളിയിൽ പൊതുവായി അറിയിക്കണം. ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുത്ത കാര്യം പാരീഷ് കൗൺസിലിൽ അറിയിക്കുകയും മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്യണം.

4.3.4 മീനിയൽ തസ്തികകൾ കലാ കായിക മേഖലകളിൽ പരിശീലനം നൽകാൻ കഴിവുള്ള ദളിത് കത്തോലിക്കർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്ക് മാത്രമായിരിക്കണം. ഇവരുടെ തിരഞ്ഞെടുപ്പ് പാരിഷ് കൗൺസിൽ തീരുമാനങ്ങൾക്ക് വിധേയമായിരിക്കണം.

4.3.5 പാനൽലിസ്റ്റിനെ മറികടന്ന് എളുപ്പത്തിൽ ജോലി നേടാനുള്ള സാധ്യതയായി മീനിയൽ തസ്തികകളെ ദുരുപയോഗിക്കുന്നത് തടയേണ്ടതാണ്.

4.3.6 മീനിയൽ തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സ്കൂൾ ഉള്ള ഇടവകക്കാർക്ക് മാത്രമായിരിക്കും. എന്നാൽ മാതൃ ഇടവകയിൽ നിന്നും പിരിഞ്ഞുപോയ ഇടവകക്കാരെയും പരിഗണിക്കേണ്ടതാണ്.

4.3.7 കായികാധ്യാപകരുടെയും അനധ്യാപകരുടെയും തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളുടെ മാർക്ക് വിഭജനം കോർപ്പറേറ്റിന്റെ ഹാൻഡ് ബുക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

4.3.8 ഈ തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താനുള്ള കമ്മിറ്റിയിൽ ഇടവക വികാരിയും കൈക്കാരന്മാരും ഉണ്ടായിരിക്കേണ്ടതാണ്.

**4.4. ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ തിരഞ്ഞെടുപ്പ്**

ഹയർ സെക്കന്ററി അധ്യാപകരുടെ തിരഞ്ഞെടുപ്പ് രണ്ട് വിധത്തിലാണ് നടത്തേണ്ടത്. ഹയർ സെക്കന്ററി സ്കൂൾ നിയമനമനുസരിച്ച് 25% സീറ്റുകൾ പ്രൊമോഷൻ ക്വാട്ടായും ബാക്കി 75% സീറ്റുകൾ പുതിയ നിയമനവുമാണ്.

4.4.1 **പ്രൊമോഷൻ ക്വാട്ട:** ബിരുദാനന്തര ബിരുദത്തിൽ കുറഞ്ഞത് 50% മാർക്കും SET ഉം പാസായിരിക്കണം. 10 വർഷം തുടർച്ചയായി സേവനം ചെയ്തിട്ടുള്ളവർക്ക് SET ൽ നിന്നും ഒഴിവ് നൽകിയിട്ടുണ്ട്. രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന HSA, UPSA, LPSA അധ്യാപകർക്ക് അപേക്ഷിക്കാം. ഒഴിവ് വിവരം കോർപ്പറേറ്റിന്റെ സർക്കുലറിലൂടെ അറിയിക്കും. താൽപര്യമുള്ളവർ ഓഫീസിൽ നിന്നും അപേക്ഷാ ഫോറം വാങ്ങി പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന നിശ്ചിത യോഗ്യതയുള്ള അധ്യാപകരെ ഇന്റർവ്യൂന് ക്ഷണിക്കും. ഹയർ സെക്കന്ററി അധ്യാപകരെ തിരഞ്ഞെടുക്കുവാനുള്ള കോർപ്പറേറ്റിന്റെ മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുന്നു.

4.4.2 **പുതിയ അധ്യാപകരുടെ തിരഞ്ഞെടുപ്പ്:** ഹയർ സെക്കന്ററി അധ്യാപകരുടെ ഒഴിവു വിവരം പത്രത്തിൽ പരസ്യം കൊടുക്കുന്നതനുസരിച്ച് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ള അധ്യാപകരെ ഇന്റർവ്യൂന് ക്ഷണിക്കുന്നു. ഹയർ സെക്കന്ററി അധ്യാപകരെ തിരഞ്ഞെടുക്കുവാനുള്ള മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുന്നു.

4.4.3 തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളും മാർക്ക് വിഭജനവും കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ഹാൻഡ്ബുക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

4.4.4 സർക്കാർ നിശ്ചയിച്ചിരിക്കുന്ന കമ്മിറ്റിയാണ് ഇന്റർവ്യൂബോർഡിൽ ഉണ്ടാവുക. കോർപ്പറേറ്റ് മാനേജർ, സ്കൂൾ പ്രിൻസിപ്പൽ,

ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ ഉള്ള സർക്കാർ പ്രതിനിധി എന്നിവരായിരിക്കും ബോർഡിലെ അംഗങ്ങൾ.

**4.5 പ്രധാന അധ്യാപകരുടേയും പ്രിൻസിപ്പൽമാരുടേയും തിരഞ്ഞെടുപ്പ്**

4.5.1 പ്രധാന അധ്യാപകർ: ന്യൂനപക്ഷാവകാശമുപയോഗിച്ച് പ്രധാന അധ്യാപകരെ തിരഞ്ഞെടുത്ത് നിയമിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർ സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുള്ളവരായിരിക്കണം.

4.5.2 പ്രിൻസിപ്പൽ തിരഞ്ഞെടുപ്പ്: 25% ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്കുള്ള പ്രൊമോഷൻ ക്വാട്ടയാണ്. 75% പുതിയ നിയമനം ലഭിച്ചവർക്കുള്ളതാണ്. സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രിൻസിപ്പൽ തസ്തിക Working Principal ആണ്. പ്രിൻസിപ്പൽ ആയി നിയമനം ലഭിക്കുന്ന ആൾ ബന്ധപ്പെട്ട വിഷയവും പഠിപ്പിച്ചിരിക്കണം. (സർക്കാർ ഉത്തരവനുസരിച്ച് ഈ നിബന്ധനകളിൽ മാറ്റം വന്നേക്കാം)

4.5.3 സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുള്ളവരായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. യോഗ്യരായ അധ്യാപകരെ ഇന്റർവ്യൂന് ക്ഷണിക്കും. പ്രധാന അധ്യാപകരുടെ തിരഞ്ഞെടുപ്പിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് തിരഞ്ഞെടുപ്പു നടത്തുക.

4.5.4 തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കോർപ്പറേറ്റിന്റെ കീഴിലുള്ള ഏതെങ്കിലും സ്കൂളിലായിരിക്കും നിയമനം ലഭിക്കുക.

4.5.5 കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വിദ്യാഭ്യാസ ബോർഡാണ് തിരഞ്ഞെടുപ്പു നടത്തുക.

**4.6 അധ്യാപക അനധ്യാപക സ്ഥലം മാറ്റം**

4.6.1 അധ്യാപകർക്കും അനധ്യാപകർക്കും സ്ഥലം മാറ്റം നിർബന്ധമായിരിക്കും. 5 വർഷത്തിൽ കൂടുതൽ ഒരു സ്കൂളിൽ ജോലി ചെയ്തവരെ സമീപസ്കൂളിലേക്ക് മാറ്റി നിയമിക്കണം. അധ്യാപകരുടെയും അനധ്യാപകരുടെയും കാര്യശേഷിയും പ്രവർത്തനവും മെച്ചപ്പെടുത്തുവാൻ സ്ഥലംമാറ്റം ഉപകരിക്കും.

**5 വിദ്യാഭ്യാസബോർഡ്**

രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാദ്ധ്യക്ഷൻ രൂപീകരിക്കുന്ന ഒരു സംവിധാനമാണ് കോർപ്പറേറ്റ് വിദ്യാഭ്യാസ ബോർഡ്.

**5.1 പ്രവർത്തനങ്ങൾ :** രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കോർപ്പറേറ്റ്

മാനേജർക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്ത് സഹായിക്കുക. കോർപ്പറേറ്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിയമിക്കപ്പെടേണ്ട അധ്യാപകരെയും പ്രധാന അധ്യാപകരെയും പ്രിൻസിപ്പൽമാരെയും തിരഞ്ഞെടുക്കുവാൻ സഹായിക്കുക, എന്നിവയായിരിക്കും ഉത്തരവാദിത്വങ്ങൾ.

5.2. **അംഗങ്ങൾ:** വിദ്യാഭ്യാസകാര്യത്തിനുള്ള വികാരി ജനറാളും, രൂപതാ പ്രൊക്കുറേറ്ററും, കോർപ്പറേറ്റ് മാനേജരും ഉദ്യോഗത്താൽ തന്നെ അംഗങ്ങളായിരിക്കും. രൂപതാധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന രൂപതയിലെ 2 വൈദികരും, രൂപതാ പാസ്റ്ററൽ കൗൺസിലിൽ നിന്നും അഭിവന്ദ്യപിതാവ് നിർദ്ദേശിക്കുന്ന രണ്ട് അൽമായരും ബോർഡിൽ അംഗമായിരിക്കും. ആകെ 7 അംഗങ്ങൾ ഉണ്ടായിരിക്കും.

5.3. ഈ ബോർഡിന്റെ അദ്ധ്യക്ഷൻ വികാരി ജനറാൾ ആയിരിക്കും.

5.4. **യോഗങ്ങൾ :** ഒരു വിദ്യാഭ്യാസ വർഷം മൂന്ന് യോഗങ്ങൾ എങ്കിലും ചേർന്നിരിക്കണം.

5.5. **കാലാവധി :** മൂന്നു വിദ്യാഭ്യാസ വർഷങ്ങളായിരിക്കും കാലാവധി

5.6. കോർപ്പറേറ്റ് വിദ്യാഭ്യാസബോർഡിന് ഒരു എക്സിക്യൂട്ടീവ് സമിതി ഉണ്ടായിരിക്കേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ എക്സിക്യൂട്ടീവ് സമിതിയിലെ ശുപാർശകൾക്കനുസരിച്ചായിരിക്കണം കോർപ്പറേറ്റ് മാനേജർ തീരുമാനമെടുക്കേണ്ടത്.

### 6. എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം

6.1. രൂപതയുടെ കീഴിലുള്ള എയ്ഡഡ് കോളേജിൽ വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് എഴുതപ്പെട്ട മാനദണ്ഡങ്ങൾ ഉണ്ടാവണം.

6.2 രൂപത നേരിട്ട് നടത്തുന്ന എയ്ഡഡ് കോളേജിലെ വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിക്കുന്ന മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

6.2.1 ഡിഗ്രി പ്രവേശനത്തിനുള്ള മെറിറ്റ് സീറ്റുകൾ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നൽകുക. മാനേജ്മെന്റ് ക്വാട്ടായിലെ അഡ്മിഷന് +2-വിന് മിനിമം 55% മാർക്ക് എങ്കിലും ഉണ്ടാവണം. +2-ന് 600 മാർക്ക്, സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് 100 മാർക്ക്, മതപഠനത്തിന് 100 മാർക്ക്, സഭാത്മകസംഘടനകളിലെ പങ്കാളിത്തം, കുടുംബം സഭയ്ക്കു നൽകുന്ന സേവനത്തിന്, സമ്മാനങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയ്ക്ക് 100 മാർക്ക്, ഇന്റർവ്യൂ 100 മാർക്ക്, (ആകെ 1000 മാർക്കിൽ തിരഞ്ഞെടുപ്പു നടത്തണം) എന്ന ക്രമത്തിൽ ഒരുക്കുന്ന റാങ്ക്ലിസ്റ്റ് അനുസരിച്ചായിരിക്കണം മാനേജ്മെന്റ് ക്വാട്ട അപ്പോയിന്റ്മെന്റ് നടത്തേണ്ടത്.

6.2.2 ശാരീരിക വൈകല്യമുള്ള കത്തോലിക്കാ വിദ്യാർത്ഥികൾക്ക് 10% ഗ്രെയ്സ് മാർക്ക് കൊടുക്കണം.

6.2.3 ദളിത് കത്തോലിക്കർക്ക് 10% സംവരണം ഉണ്ടായിരിക്കും.

6.2.4 മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷ നൽകുമ്പോൾ അപേക്ഷാ ഫോറത്തോടൊപ്പം ഗ്രെയ്സ് മാർക്കിന് അർഹമായ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തി നൽകണം.

**7. എയ്ഡഡ് കോളേജിലെ അധ്യാപക തിരഞ്ഞെടുപ്പും നിയമനവും**

7.1 എല്ലാ എയ്ഡഡ് കോളേജിലും അധ്യാപകരുടെ തിരഞ്ഞെടുപ്പും നിയമനവുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം.

7.1.2 രൂപതയുടെ കീഴിലുള്ള എയ്ഡഡ് കോളേജിലെ അധ്യാപക നിയമനത്തിനും തിരഞ്ഞെടുപ്പിനും സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം.

**a) രജിസ്ട്രേഷൻ :** പത്രത്തിൽ പരസ്യം കൊടുക്കുന്നതിന്റെ ഫലമായി ലഭിക്കുന്ന അപേക്ഷകരെ ഇന്റർവ്യൂന് ക്ഷണിക്കുന്നു.

**b) തിരഞ്ഞെടുപ്പ് :** UGC/സർവ്വകലാശാല / സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾക്കനുസൃതമായി തിരഞ്ഞെടുക്കുന്നു. വിഷയത്തിൽ കുറഞ്ഞത് 55% മാർക്കും NET അല്ലെങ്കിൽ SET പാസ്സായിരിക്കണം.

**c) ഇന്റർവ്യൂ ബോർഡ്:** മാനേജർ, രണ്ട് പ്രതിനിധികൾ, സർക്കാർ പ്രതിനിധി (കളക്ടറുടെ റാങ്കിലുള്ള ആൾ) വിഷയത്തിൽ നിപുണനായ വ്യക്തി (സർവ്വകലാശാലയുടെ പ്രതിനിധി) എന്നിവരുടെ കമ്മിറ്റിയാണ് അധ്യാപകരെ തിരഞ്ഞെടുക്കുന്നത്.

7.1.3 തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളും മാർക്ക് വിഭജനവും കോളേജിന്റെ ഹാൻഡ്ബുക്കിൽ നിന്നും ലഭിക്കും.

**8. ഉപസംഹാരം**

1. ഇതിനുമുമ്പ് അധ്യാപക / അനധ്യാപക തിരഞ്ഞെടുപ്പ് സംബന്ധമായി സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങളും വിവിധ കമ്മറ്റികളും ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.
2. മാനന്തവാടി രൂപത വിദ്യാഭ്യാസ നയരേഖയിൽ ഭേദഗതി വരുത്താനുള്ള അധികാരം ബന്ധപ്പെട്ട ആലോചനാ സമിതികളുടെ നിർദ്ദേശാനുസരണം രൂപതാമെത്രാനിൽ നിക്ഷിപ്തമായിരിക്കും.

മാനന്തവാടി രൂപതാ വിദ്യാഭ്യാസ നയം 2009-ാം ആണ്ട് ജനുവരി മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു.

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

# പി. ആർ. ഒ. വാർത്തകൾ

**1. റേഡിയോ 'മാറ്റൊലി'**

നമ്മുടെ രൂപത ആരംഭിക്കുന്ന റേഡിയോ സ്റ്റേഷന് ജനങ്ങൾ നിർദ്ദേശിച്ച 270 പേരുകളിൽ നിന്നും 'റേഡിയോ മാറ്റൊലി' എന്ന പേര് തെരഞ്ഞെടുത്തു. 15-12-08 ന് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഗവേണിംഗ്ബോഡിയാണ് പേര് നിശ്ചയിച്ചത്. ഈ പ്രക്രിയയിൽ പങ്കുചേർന്ന ഏവർക്കും നന്ദി. ജനുവരി മാസത്തിൽ കേന്ദ്രസർക്കാരുമായി ഇതു സംബന്ധിച്ച കരാർ ഒപ്പിടാനാവുമെന്ന് പ്രതീക്ഷിക്കുന്നു. റേഡിയോ സ്റ്റേഷന്റെ നിർമ്മാണം ദ്വാരകയിൽ പുരോഗമിച്ചു വരുന്നുണ്ട്. ഇപ്പോഴത്തെ കണക്കുകൂട്ടൽ അനുസരിച്ച്, രൂപതാദിനവും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ തിരുനാളും ഒന്നിച്ചു വരുന്ന മെയ്ദിനത്തിൽ പ്രക്ഷേപണം ഔദ്യോഗികമായി ആരംഭിക്കാനാകുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**2. ഫോൺ നമ്പറിൽ മാറ്റം**

ജനുവരി 1 മുതൽ പി.ആർ.ഒ യുടെ മൊബൈൽ നമ്പർ 9446030066 ആയിരിക്കും. ഇപ്പോഴുള്ള 9447300409 ഉപയോഗത്തിലുണ്ടാവില്ല. ഓഫീസിൽ നിന്നും ഇപ്പോൾ എസ്. എം. എസ് അയയ്ക്കുന്നത് കമ്പ്യൂട്ടർ വഴി ആയതിനാൽ ആ നമ്പരിലേക്ക് വിളിക്കേണ്ടതില്ല; എന്നാൽ എസ്.എം.എസ്. സന്ദേശങ്ങൾ അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| P.R. Office | : | 04935 420066, |
| PRO Mob | : | 9446030066 |
| Secretary to PRO | : | 9446420066, |
| Email ID of PRO | : | Prodiocese@gmail.com |
| Email ID of CRS | : | radiomattoli@gmail.com |

**3. മാധ്യമ നിരീക്ഷണം**

പി. ആർ. ഓഫീസിൽ മാധ്യമ നിരീക്ഷണം തുടർച്ചയായി നടന്നു വരുന്നുണ്ട്. സഭയെ ബാധിക്കുന്ന വാർത്തകൾ പത്രമാസികകളിലൂടെ ശ്രദ്ധയിൽപെട്ടാൽ വിവരം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം. ഇതേ രീതിയിലുള്ള ടെലിവിഷൻ പരിപാടികൾ കാണാനിടയായാൽ ഉടൻ തന്നെ മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പറിൽ വിളിച്ചറിയിക്കണം. ടെലിവിഷൻ പരിപാടികൾ തത്സമയം റെക്കോർഡ് ചെയ്യാനുള്ള സംവിധാനം ഓഫീസിലുണ്ട്.

**4. പത്രക്കുറിപ്പുകൾ**

കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പി. ആർ. ഓഫീസിൽ നിന്നും പത്രക്കുറിപ്പുകൾ ഇറക്കാറുണ്ട്. മാധ്യമങ്ങൾക്ക് ഇവ നൽകുന്നതോടൊപ്പം തന്നെ രൂപതയുടെ വെബ്സൈറ്റിലും ഇനി മുതൽ ഇവയുടെ പൂർണ്ണരൂപം ലഭ്യമായിരിക്കും. കോപ്പി ആവശ്യമുള്ളവർക്ക് PDF ഫോർമാറ്റിൽ ഇമെയിലിലും അത് അയച്ചുതരാനാകും. താൽപര്യമുള്ളവർ prodioces@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക.

**5. റേഡിയോ പരിപാടി**

'റേഡിയോ മാറ്റൊലി' യിൽ പരിപാടികൾ അവതരിപ്പിക്കാൻ താൽപര്യമുള്ളവർ radiomattoli@gmail.com എന്ന വിലാസത്തിലോ, തപാൽ മുഖാന്തരമോ, നേരിട്ടോ ഓഫീസുമായി ബന്ധപ്പെടുക. വൈദഗ്ധ്യവും താൽപര്യവുമുള്ള പരിപാടികൾ ഏതെല്ലാമാണെന്നു കൂടി വ്യക്തമായി അറിയിച്ചിരിക്കണം.

**6. ജേർണലിസത്തിൽ പരിശീലനം**

മാധ്യമങ്ങളുടെ പ്രാധാന്യം ഏറിയിരിക്കുന്ന ഇക്കാലത്ത് മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാൻ താൽപര്യമുള്ള വൈദികർ - സന്യസ്തർ എന്നിവർക്കായി ഒരു ഏകദിന ശില്പശാലയെക്കുറിച്ച് ആലോചിക്കുന്നു. ഇതിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പി. ആർ. ഓഫീസുമായി ജനുവരി 15-ന് മുമ്പായി ബന്ധപ്പെടണം.

**7. 'ഉജാല' ഉല്പന്നങ്ങളുടെ ബഹിഷ്ക്കരണം.**

ഏഷ്യാനെറ്റ് ചാനലിൽ സഭയെയും സന്യസ്ത വൈദികരെയും അവഹേളിച്ചു നടത്തിയ 'സിനിമാല' സ്പോൺസർ ചെയ്ത 'ഉജാല' കമ്പനി ഉൽപന്നങ്ങൾ ബഹിഷ്കരിക്കാൻ രൂപത നടത്തിയ ആഹ്വാനത്തിന് സംസ്ഥാനമൊട്ടാകെ നല്ല പ്രതികരണമുണ്ടായി. ഇത്തരം ബഹിഷ്കരണ പരിപാടികൾ മാധ്യമങ്ങളുടെ മേൽ സാമൂഹ്യ നിയന്ത്രണം

കൂടുതൽ കാര്യക്ഷമമാക്കുവാൻ സഹായിക്കുമെന്ന് വിലയിരുത്തിയായിരുന്നു ഈ നടപടി.

**8. തട്ടിപ്പുകൾക്ക് പുതിയ രൂപം**

അടുത്ത നാളുകളിൽ നമ്മുടെ ചില സന്യസിനീ ഭവനങ്ങൾ തട്ടിപ്പുകൾക്കിരയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദികനെന്ന് പരിചയപ്പെടുത്തി ഫോണിലൂടെ സഹായാഭ്യർത്ഥന നടത്തിയും, ഉദ്യോഗസ്ഥരും, ഔദ്യോഗിക ഏജന്റുമാരുമായി ചമഞ്ഞ് പതിനായിരങ്ങൾ കൈക്കലാക്കി മുങ്ങിയ സംഭവങ്ങളും നടന്നിരിക്കുന്നു. പ്രാവുകളുടെ നിഷ്കളങ്കതക്കൊപ്പം സർപ്പങ്ങളുടെ വിവേകവും നമുക്കുണ്ടാകേണ്ട കാലഘട്ടമാണിത്. പരിചയമില്ലാത്തവരെ അന്ധമായി വിശ്വസിക്കരുത്. ഐഡന്റിറ്റി കാർഡുകളോ ഔദ്യോഗിക രേഖകളോ ഇല്ലാതെ വരുന്നവരുടെ വലയിൽ കുടുങ്ങാതെ ജാഗ്രത പുലർത്തുന്നത് നന്നായിരിക്കും. ഇത്തരം ഘട്ടങ്ങളിൽ പി. ആർ. ഓഫീസുമായി തത്സമയം ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

**Fr. Thomas Joseph Therakam**
PRO & Spokesman
Dioces of Mananthavady



# *Programme*

## PASTORAL CENTRE, DWARAKA

### *January - 2009*

| | |
|---|---|
| 02 | *Zion CRC : Night Vigil* |
| 03 | *Zion CRC : Prayer Day,* |
| | *Christeen Prayer Day* |
| 07 | *CML : Malabar Regional Meeting* |
| 10 | *Jesus Youth : Prayer Day;* |
| | *Catechism: HM PP Conference* |
| 10-14 | *Marriage Preparation Course* |
| 23-27 | *Guests From Herdringen* |
| 27 | *Priests Conference* |
| 27-30 | *Guests from Olsberg* |
| 30-Feb.2 | *Marriage preparation Course* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



# Bishop's Programme

## 2009 January

| | | |
|---|---|---|
| 1 Thu | .............. | Final Profession of SKD Sisters |
| 2 Fri | ............. | Out of Station |
| 3 Sat | Morning | Cathedral : Priestly Ordination of Deacon Kurian Kattamkottil CMI |
| | Afternoon | Thariode : Presbytery Blessing |
| 4 Sun | Noon | Town Hall : Inauguration of Fr. Mampra Musical Academy Anniversary |
| | Afternoon | S. Bathery : Blessing of Presbytery |
| 5 Mon | Morning | Kottiyoor : Priestly ordination of Deacon Jaison Kallupalam and Sebastian Pootharayil MCBS |
| | Afternoon | Religious Priests' meet |
| 6 Tue | .............. | Kayyunny : School Anniversary |
| 7 Wed | .............. | Chungakunnu : Jubilee of Camillus Hospital |
| 8 Thu | .............. | Chookkad : Blessing of Groto |
| 9 Fri | .............. | Out of Station |
| 10 Sat | Morning | Vazhavatta : Jubilee Celebration |
| | | Dwaraka : H.M. Conference |

| | | | |
|---|---|---|---|
| 11 | Sun | .............. | Kottathara : Confirmation and First Communion |
| 12 | Mon | .............. | Visitors' Day |
| 13-15 | | .............. | Mount St. Thomas |
| 16 | Fri | .............. | Out of Station |
| 17 | Sat | Afternoon | Chulliode : New Alter Blessing |
| 18 | Sun | .............. | Synaxis : Vincentgiri |
| 19 | Mon | .............. | Visitors' Day |
| 20 | Tue | .............. | Out of station |
| 21 | Wed | .............. | Visitors' Day |
| 22 | Thu | Afternoon | Thonichal : Blessing of Presbytery |
| 23 | Fri | .............. | Out of Station |
| 24 | Sat | .............. | Consultors' Meeting |
| 25 | Sun | .............. | Cathedral : Pastoral Visit |
| 26 | Mon | .............. | Visitors' day |
| 27 | Tue | .............. | Priests' Conference |
| 28-30 | | .................... | Mangalappuzha Seminary |
| 31 | Sat | .............. | Engaged |

## 2009 February

| | | | |
|---|---|---|---|
| 1 | Sun | .............. | Payyampally : Pastoral Visit |
| 2 | Mon | ............. | Visitors' day |
| 3 | Tue | ............. | Pulpally |
| 4 | Wed | ............. | Women Major Superiors' Meet |
| 5 | Thu | ............. | Karackamala : Sunday School Blessing |
| 6 | Fri | .............. | Out of Station |
| 7 | Sat | Morning | Chettapalam : Jubilee of Malankara Catholic Church |

| | |
|---|---|
| Afternoon | Moolamkave : Jubilee of Malankara Catholic Church |
| 9 Mon ............ | Payyampally : Priestly Ordination of Deacon Sebastian Thazhathukarimpanackal OCD |
| 10 Tue .............. | Edayoorkunnu : Blessing of the New Church |
| 11 Wed ............ | Men Major Superiors' Meet |
| 12 Thu .............. | Koluvally (Thalassery Archdiocese) |
| 13 Fri ............... | Out of Station |
| 14 Sat ............... | Pastoral Council |
| 15-18 ..................... | Mysore : Pastoral Visit |
| 19 Thu Morning | Cheriamkolly - Seminary Mela |
| Afternoon | Kottiyoor : Blessing of the New Presbytery |
| 20 Fri .............. | Cathedral : Eucharistic Procession |
| 21-23 ................. | Bangalore |
| 24 Tue .............. | Engaged |
| 25 Wed ............ | Visitors' day |
| 26-1 March ............ | Hassan |